പുനർജ്ജനികൾ

ഭൂമിയിൽനിന്നു നോക്കുമ്പോൾ വിദൂരമായിക്കാണുന്ന ഗോളങ്ങൾ, നക്ഷത്രങ്ങൾ, ബാഹ്യാകാശത്തിന്റെ നിസ്സീമമായ പ്രതലങ്ങൾ, എരിയുന്ന തീയും മഞ്ഞും ഒഴിഞ്ഞ ഇടങ്ങളും, പ്രപഞ്ചം എന്ന വാക്കു കൊണ്ട് നാം ആശ്ചര്യപ്പെടുന്നു. ആ നോക്കിൽ നമ്മൾ നിൽക്കുന്ന കര, നാം തന്നെയും, അതേ ആശ്ചര്യത്തിന്റെ കണികയാണെന്ന വിസ്മൃതിയിൽ. കൈഞരമ്പുകളിലേക്കോ കിളിക്കണ്ണിലേക്കോ കല്ലിന്റെ മൂർച്ചകളിലേക്കോ ഇലകളിലേക്കോ കുമിളുകളിലേക്കോ കൺപാർത്തുനിൽക്കുമ്പോൾ ശരീരം അതിന്റെ സീമകൾ കൈയൊഴിയുന്നതായി, വിടർത്തുന്നതായി തോന്നുന്നുണ്ടോ? നക്ഷത്രരാശികളുടെ തീച്ചൂട് കൈയിൽ പുരളുന്നുണ്ടോ? വിദൂരമെന്നത് എത്ര വിദൂരമായിരിക്കും? മാഞ്ഞുപോവുന്നതിന്റെ പേരായിരിക്കുമോ പ്രപഞ്ചം? ഈ ചെറിയ ചിപ്പിത്തോടുകൾ അതു ചോദിച്ചു, എന്നോട്. സുഷിരങ്ങൾവീണ ഈ പച്ചിലയും എങ്ങുമിരിക്കാത്ത നീലശലഭവും അതു ചോദിച്ചു, എന്നോട്.

നടപ്പാതകൾ

കുളത്തിൽനിന്ന് ഈറനോടെ കയറി, കാവിന്റെ അരികിലൂടെ നടന്നുപോരുന്നു, എല്ലാദിവസവും, വേനലിൽ, സന്ധ്യയിൽ. കാവിനുള്ളിലും ചവിട്ടുവഴിക്കിരുപുറവും വലിയ മരങ്ങൾ, കാട്ടുവള്ളിപ്പടർപ്പുകൾ. ഒരു മരത്തിലുള്ളത് വെളുത്ത പേരറിയാത്ത പൂക്കളാണ്. കാലിന്നടിയിൽ ഇരുൾനിഴൽ വീണു തണുത്ത മണ്ണ്. കാവിനുള്ളിൽ പ്രതിഷ്ഠിച്ച കല്ലുകൾ എനിക്കു വെറും കല്ലുകൾ. കാവിനുള്ളിലെ മൗനം എനിക്ക് ദേവകൾ. ഓരോന്നാളിലും ആയിടത്ത് നടന്നെത്തുമ്പോൾ എന്റെ ദേഹത്തു പടരുന്നത് എത്ര പ്രാചീനമായ നിശ്ശബ്ദത. അതിന്റെ അടരുന്ന ഇതളുകൾ. കാണുന്നത് മനസ്സുകൊണ്ടാണോ? ശരീരം കൊണ്ടാണോ? കാറ്റും ഇരുളും എന്റെ ദേഹത്താണ് പുരളുന്നത്. മൗനം എന്റെ തൊലി കടന്ന് എല്ലിൽ തൊടുന്നു. ചീവീടുകൾ എന്നെ പൊതിയുന്നു. ഒരു വെറും മനുഷ്യന് എന്താണ് ചെയ്യാനാവുക? അനക്കമില്ലാത്ത ഒരിടത്ത് വെറുതെ നിൽക്കുകയല്ലാതെ. എങ്കിലും പതുക്കെയനങ്ങുന്നു. ഒരു ചെറിയ ഓളം വെട്ടുന്നു. നേർത്ത വലയങ്ങളുണ്ടാവുന്നു, ഉള്ളിലോ പുറത്തോ എന്നു വേർതിരിയാതെ. മനസ്സിലോ ഉടലിലോ എന്നറിയാതെ. ഓർമയും വാക്കും വറ്റിപ്പോയ്ക്കഴിഞ്ഞ വിടവിൽ ഞാൻ ഓരോന്നും രുചിക്കുന്നുണ്ട്. കേൾക്കയും കാൺകയും സ്പർശിക്കയുമാണ്. കാവിന്റെ അരികിലെ ഒറ്റയടിപ്പാത എങ്ങോട്ടെല്ലാമാണ് നയിക്കുന്നത്? എവിടെയാണ് ആ പാതയുടെ തുടക്കം? താഴെ കല്ലുകെട്ടിയ കുളത്തിലെ ഒട്ടും വയസ്സാവാത്ത പച്ചവെള്ളത്തിലോ? അതിന്നടിയിലെ ചെളിയിലോ? അതോ ഈ സന്ധ്യയുടെ വെളുത്ത ഇതളിൻ മണത്തിലോ? അറിയില്ല, യാതൊന്നും.

•

വേനൽക്കാലം

പതുക്കെപ്പതുക്കെ ആകാശത്തിന്റെ നിറം മാറിക്കൊണ്ടിരുന്നു. തൊടിയുടെയും മരങ്ങളുടെയും നിറങ്ങൾ. പിന്നെ മഴയുണ്ടായി. ഞാൻ ഇറയത്ത് നിന്നു. തണുപ്പേറി വന്നു. മഴയുണ്ടാവുമ്പോൾ വിത്തുകൾ മുളപൊട്ടുന്നു. ഉടൽ ഉറങ്ങിക്കിടക്കുന്ന ഒരു വിത്താണല്ലോ എന്നു തോന്നി. ഓർമയിലേക്കല്ല, ഈ നിമിഷങ്ങളിലേക്കാണ് അത് എന്നെ തള്ളിയിടുന്നത്. ഞാനിറങ്ങി നിന്നു. വീടിനു പിന്നിലേക്കുള്ള ചവിട്ടുവഴിയിലൂടെ ഞാൻ മഴയിൽ നടന്നു. ആ വഴി ചെറിയൊരു കുന്നിനു താഴെ ചെന്നു നിൽക്കുന്നു. അവിടെ ആ ചെരിവിൽ റബർ മരങ്ങൾ. അതിനപ്പുറം കാടാണ്. ഇരുണ്ട കാടുകൾ. നനഞ്ഞു കുതിർന്ന മണ്ണിലും പുല്ലിലും കാലുകളമർത്തി ഞാൻ നടന്നു. വീണു കിടന്ന മരക്കമ്പുകൾ ശേഖരിച്ചു. പൂതലിച്ച, ഉണങ്ങിയ ശിഖരങ്ങൾ. പൊട്ടിവീണ പച്ചിലത്തണ്ടുകൾ. ചുള്ളിക്കമ്പുകൾ. പ്രാചീനമായ ഒരനുഷ്ഠാനത്തിലെന്ന പോലെ. കുനിഞ്ഞ് പതുക്കെ പെറുക്കി കൈത്തണ്ടയിൽ വെച്ച് ചുറ്റിപ്പിടിച്ചു. നനവിന്റെ ഭാരം. വെളുത്തപൂപ്പലിന്റെ മണം. കാറ്റിൽ എന്റെ മേൽ വീഴുന്ന ഇലകൾ. മഴവെള്ളം. ഇടക്കിടെ മിന്നൽ വെളിച്ചങ്ങൾ. മഴയുടേതും കാറ്റിന്റേതുമല്ലാതൊരു സ്വരവുമില്ല കാതുകളിൽ. ശ്വാസം പോലും നിശ്ചലമായി. തണുത്തു വെളുത്തു, കാൽപ്പാദങ്ങൾ. കുതിർന്നു കൊണ്ടിരുന്ന ശിരസ്സ്. ഓരോ ചുവടും കരുതലോടെ. നേർത്ത വെളിച്ചത്തിൽ. പാതിയിരുട്ടിൽ. കുന്നിന്റെ നെറുകയിലേക്ക്. ലോകത്തിൽ ഈ ചുഴറ്റുന്ന കാറ്റും തണുത്ത മഴയും എന്റെ കുതിർന്ന ശരീരവുമല്ലാതെ യാതൊന്നുമില്ലാ എന്ന തോന്നൽ. വാക്കുകളും ഓർമ്മകളുമില്ല. ഉള്ളിൽ കത്തിക്കൊണ്ടിരിക്കുന്ന വിശപ്പ്. മുതുകിൽ ഉരുകുന്ന ഉപ്പ്. കൈകളിൽ മരക്കമ്പുകളുടെ പൊടി. കാലുകളിൽ പുൽപ്പടർപ്പുകൾ. മുള്ളുകളുടെ പോറൽ. കണ്ണുകളിൽ ഇറവെള്ളംപോലെ. നേരമെത്ര പിന്നിട്ടുവെന്നറിയില്ല. വീടും അവിടെ പാർക്കുന്ന മനുഷ്യരും ഓർമയിൽ വരുന്നില്ല. ഏതോ കാലത്തെ നഗ്നനായ ഒരു മനുഷ്യൻ. അയാളുടെ കുതിർന്ന ഏകാന്തത.

•

എഴുന്നേൽപ്പ്

വിത്തുകൾക്കുള്ളിൽ ഒരു രഹസ്യമുണ്ട്. ഭൂമിയിലെ ഏറ്റവും നിഗൂഢമായ ജീവരൂപങ്ങളിലൊന്നാണത്. മറഞ്ഞിരിക്കുവാനും വെളിപ്പെടുവാനും അവ പഠിച്ചിരിക്കുന്നു. ഉറങ്ങാനുള്ള കാലവും ഉണരാനുള്ള കാലവും അറിഞ്ഞിരിക്കുന്നു. ഉൾവിളികൾക്കു കാതോർക്കുന്ന മനുഷ്യരെപ്പോലെ, ചില ജീവികളെപ്പോലെ, ദേശാടകരായ ശലഭങ്ങളെയും പക്ഷികളെയും പോലെ. വെളിച്ചമോ നനഞ്ഞ കാറ്റോ തൊടുമ്പോൾ ഉറക്കം വിട്ടെഴുന്നേറ്റ് പടർക്കുന്നു. വീടിന്റെ കുറച്ചപ്പുറത്ത് ഒരു റബ്ബർ തോട്ടമുണ്ടായിരുന്നു. കുറേയേറെക്കാലം ആ മരങ്ങൾ അവിടെ വളർന്നു നിന്നു.അടുത്ത കാലത്താണവ പ്രായാധിക്യത്താൽ ഒന്നിച്ച് മുറിച്ചുനീക്കിയത്. അപ്പോഴാണ്, ആ മണ്ണിൽ വെയിൽ തടസ്സമില്ലാതെ വന്നു വീഴുന്നത്. പുതിയ തൈകൾ നട്ടുപിടിപ്പിക്കാത്തതിനാൽ ആ മണ്ണിൽ കുറ്റിച്ചെടികൾ തളിർത്തു വന്നു. പുല്ലും വള്ളിപ്പടർപ്പുകളും മൂടി. അത്രകാലവും ഭൂമിക്കടിയിൽ നിശ്ശബ്ദരായി അടക്കം ചെയ്യപ്പെട്ട സസ്യചേതനകൾ മുഴുവൻ ഒരുമിച്ച് ഒച്ചവെച്ചു വളർന്നു. പൂവുകൾ, കായകൾ, പഴങ്ങൾ നിറഞ്ഞു. പുഴുക്കളും പൂമ്പാറ്റകളും നിറഞ്ഞു. ഇഴജന്തുക്കൾ വന്നു പാർത്തു. മാളങ്ങളും മടകളും ഉണ്ടായി. രാത്രികൾക്കു കൂടി അനക്കം വെച്ചു. ആ പറമ്പിലൂടെ പുല്ലുവകഞ്ഞ് നടന്നു പോകുമ്പോൾ ഉടുപ്പുകൾ കാട്ടുമുള്ളുകളിൽ ഉടക്കി വലിഞ്ഞു. ചിലന്തിവലപ്പടർപ്പുകൾ മുഖത്തൊട്ടിപ്പിടിച്ചു. ഒരു സർപ്പമോ കീരിയോ കാലിലേക്കുറ്റുനോക്കി, ഞൊടിയിടയിൽ കാണാതെയായി. ഇലക്കീഴിൽ ശലഭപ്പുഴുക്കൾ ഉറങ്ങുന്നു. തെച്ചിക്കായകളുടെ ചുവപ്പോ ഞാറയുടെ കരിനീലയോ ശേഖരിച്ച് ഞങ്ങൾ തിരികെപ്പോന്നു. നമ്മുടെ എല്ലാ വയലുകളുടെയും തോട്ടങ്ങളുടെയും പൂന്തോപ്പുകളുടെയും ആന്തരികമായ അടരുകൾ ഇതുപോലെ ത്തന്നെ ആയിരിക്കണം. മനുഷ്യർ അല്പകാലത്തേക്ക് നിശ്ശബ്ദരായി മാറിനിന്നാൽ വെള്ളവും വെളിച്ചവും തൊട്ട് വന്യതയുടെ ചിറകുകൾ അനങ്ങിത്തുടങ്ങും. എത്ര ആനന്ദകരമാണ് ആ എഴുന്നേൽപ്പ്?

•

പ്രാർത്ഥന

മഴക്കാലമാണ് എന്റെ കാലം. വെള്ളമാണ് എന്റെ കര. ഇരുട്ടുകുത്തി വരുന്ന കാറ്റ കാണുമ്പോഴേക്കും ഉടുപ്പും ചെരിപ്പുമില്ലാതെ തൊടിയിലേക്കിറങ്ങുന്നു ഞാൻ. ചുമരും മേൽക്കൂരയുമില്ലാത്ത എന്റെ പ്രാർത്ഥനാമുറിയാണിത്. മരങ്ങൾ ഇരുളുന്നു. നിലം കുതിർന്നു പോയിരിക്കുന്നു. വീണു കിടക്കുന്ന കരിയിലകൾ. ഞാൻ കാനൽത്തുള്ളികൾക്കു താഴത്ത് നിന്നു. മഴവെള്ളം ഒലിച്ചിറങ്ങുന്ന മരത്തെ ചാരി നിന്നു. വെള്ളത്തെയോ മരത്തെയോ എന്നെത്തന്നെയോ തൊട്ടു. കാതുകൾ ചേർത്തു വെച്ചു. വെള്ളത്തിന്റെ ഇരമ്പം കേട്ടു. ഒരു നീർച്ചോല, ഒഴുക്കുള്ള കൈത്തോട്, മരത്തിനുള്ളിലെ വെള്ളമായിരിക്കാം.

മരത്തടിയിൽ പൂപ്പലിന്റെ ചിത്രപ്പടർപ്പുകൾ. പലതര മാകൃതികൾ. നിറഭേദം. പറ്റിപ്പിടിച്ച പായൽ. വിരലുകളിലൂടെ അവയുടെ നനഞ്ഞ ശ്വാസം എന്റെ ദേഹത്തേക്ക് പകർന്നു. അടർന്ന, ഉണങ്ങിയ തോലിന്റെ കീഴെ ചെറിയ പ്രാണികൾ മറഞ്ഞു നിൽക്കുന്നു. എനിക്കു ചുറ്റുമുള്ള ലോകങ്ങൾ എത്ര പെട്ടെന്നാണ് മാഞ്ഞു പോയത്? ഞാൻ താഴത്ത് കുനിഞ്ഞിരുന്നു.ചെറിയ ചെടിത്തണ്ടുകൾ കണ്ടു. കമിഴ്ന്ന ചിരട്ടകൾ. നനഞ്ഞ എട്ടുകാലി നൂലുകൾ. കറുത്ത മണ്ണ്. അഴുകമിലത്തട്ടുകൾ. പൊന്തി വരുന്ന ആവി. എന്റെ നനഞ്ഞ കാൽപാദം. നേരത്തിൽനിന്ന് വേർപെട്ടു നിൽക്കുന്ന നേരമാണത്. ഉടലാണ് എല്ലാ ഭാഷകളുടെയും ഉറവിടം എന്നു തോന്നി. എല്ലാ കവിതകളുടെയും ഉറവിടം. കുരുമുളകിന്റെയും കാച്ചിലിന്റെയും വള്ളികൾക്കും ഇലകൾക്കുമിടയിൽനിന്ന്, പതുക്കെപ്പടരുന്ന, പരക്കുന്ന പ്രാർത്ഥനയിൽ ഇപ്പോൾ ഞാനും ഇറങ്ങി നിൽക്കുന്നു.

•

ചതുപ്പ്

പാടത്തിന്റെ കരയിൽ ചെന്നുനിന്നു. പുലർകാലത്ത്. നനഞ്ഞ പുല്ലുകളിൽ. നനഞ്ഞ ചെറുവെളിച്ചത്തിൽ. അതിന്റെ ചൂടുള്ള രേഖകളിൽ അലിയുന്ന വെള്ളം കണ്ടു. സ്വർണ്ണ നിറമായ ഒരു കീരി. വെളുത്ത കൊറ്റികൾ. കാട്ടുപ്രാവുകൾ. മെല്ലെ ഒഴുകി ക്കൊണ്ടിരിക്കുന്ന വെള്ളമാണ്. നെൽച്ചെടികൾക്കിടയിൽ തങ്ങിനിൽക്കുന്ന കഴിഞ്ഞ മഴക്കാലം. ഇപ്പോൾ അതിന്നടിത്തട്ടിൽ പുരാതനമായൊരു ചതുപ്പുനിലത്തിന്റെ നിഴൽ. കുന്നിൻ ചെരിവിലൂടെ കുത്തിയൊഴുകിയ ചാലുകൾ ഇവിടെ വന്നു കിടന്നു. കവിഞ്ഞ് പിന്നെയും താഴോട്ടു പോയി.വെള്ളത്തിന്റെ ആയിരം ഞരമ്പുകൾ ഇവിടെ തമ്മിൽപ്പിണഞ്ഞ് കിടന്നു. ചോരക്കുട്ടപോലെ. മിടിച്ചു കൊണ്ടിരിക്കുന്ന ഒരവയവത്തിന്റെ ചെറു ചൂടോടെ. വിറയലോടെ. പതിനായിരം കൊല്ലം മുമ്പ് ഈക്കരയിൽ നിന്നിരുന്ന പഴയ എന്നെ എനിക്കോർമ്മ വന്നു. കട്ടപിടിച്ച കാട്ടിൽനിന്നിറങ്ങി വന്ന ഒരുവൾ. അവളുടെ കാലുകൾ ഈ നീർക്കെട്ടിൽ മുട്ടറ്റം താഴ്ന്നു പോയി. നെൽച്ചെടികൾക്കടിയിൽ, ചേറിൽ, നൂറ്റാണ്ടുകൾ പ്രായമുള്ള കുളക്കോഴികൾ എന്തോ എഴുതി വെയ്ക്കുന്നു. ഇപ്പോൾ നിലവിലില്ലാത്ത ലിപികൾ പോലെ. എനിക്ക് വായിക്കാൻ വയ്യ. കുറേ നേരം വരമ്പത്ത് നിൽക്കാനുമാവില്ല. ആ മണ്ണിന്നടിയിൽ ആഴ്ന്നുപോയ കറുത്ത മനുഷ്യരുടെയും പറവകളുടെയും മൃഗങ്ങളുടെയും മരച്ചില്ലകളുടെയും കരച്ചിൽ ഉടലിനെ പൊതിയുന്നു. നെല്ലിന്റെ തണ്ടുകളിലും ഓലകളിലും പേരറിയാത്ത പ്രാണികൾ നൃത്തം ചെയ്യുകയായിരുന്നു. അവയുടെ ശ്വാസം എന്റെ കാലുകളിൽ വന്നുരുമ്മി.

•

കല്ലുകൾ

ഒരു കല്ലിന്റെയുള്ളിൽ എന്താണുള്ളത്? ഭൂമിയിൽ പ്രാണൻ ഉരുവം കൊള്ളുന്നതിനും മുൻപ്, ജ്വലിക്കുകയും ഉരുകുകയും ചെയ്യുന്ന ഒരു ഗോളം മാത്രമായിരുന്നപ്പോൾ, ആകാശത്തു നിന്നും വന്നു വീണ വലിയ പാറക്കഷ്ണങ്ങൾക്കുള്ളിൽ (ആസ്റ്ററോയ്ഡുകൾ) വെള്ളത്തിന്റെ ചെറിയ കണികകൾ ഉണ്ടായിരുന്നുവല്ലോ? അവിടെയായിരുന്നു ഈ ചെറു ജീവഗ്രഹത്തിന്റെ നേരായ പിറവി. അടക്കം ചെയ്യപ്പെട്ട ആ നീർകണം ഇപ്പോഴും നീലനിറം ഉണ്ടാക്കിക്കൊണ്ടിരിക്കുന്നു. മണ്ണ് അടിഞ്ഞുകൂടിയുറഞ്ഞ വലിയ പാറക്കെട്ടുകൾക്കുള്ളിൽ ആ ഉറവ കാണാം. കല്ലിനുള്ളിൽ എന്താണുള്ളത്? കല്ലിനുള്ളിൽ ഏതേതോ കാലങ്ങളിൽ വീണടിഞ്ഞ വൃക്ഷങ്ങൾ. കല്ലിനുള്ളിൽ ഓർമിച്ചെടുക്കാനാവാത്ത കാലങ്ങളിലെ മൃഗങ്ങളുടെയും പ്രാണികളുടെയും ഉടൽ. ഭൂമിയിലെ ആദ്യത്തെ പറവകളുടെ ചിറകുകൾ. തൂവലുകൾ. ഇനിയും മുഴുവനായും അലിഞ്ഞുകഴിയാത്ത മാംസവും പൊടിഞ്ഞു തീരാത്ത എല്ലുകളും. നീരിൽ കുതിർത്തു വെച്ചതുമാതിരി. എണ്ണയായി. ഉടഞ്ഞ നാരുകളായി. ഗന്ധവും തണുപ്പുമായി. കല്ലിനുള്ളിൽ എന്താണുള്ളത്? ഭൂമിയുടെ കാലങ്ങൾ. തീ കൊണ്ടും വെള്ളം കൊണ്ടും അതിജീവിച്ച യുഗങ്ങൾ. അതിന്റെ അടുക്കടുക്കായ ഓർമ്മ. അടരുകളായി ഉറഞ്ഞ ചരിത്രം. നീലഗ്രഹത്തിന്റെ ദീർഘമായ ആയുഷ്കാലങ്ങൾ. വീടിനു പിറകിലെ ചെറിയ കുന്നിൻ ചെരിവിൽ പതിവു നടത്തങ്ങൾക്കിടയിൽ വിയർപ്പാറ്റാൻ ഞാനിരിക്കുന്ന കരിമ്പാറ, അതിന്റെ പലതരം നിറങ്ങൾ, ചുറ്റുചുറ്റായ പാളികൾ, ആകാരങ്ങൾ എല്ലാം എത്ര പുരാതന മാണ് എന്നാശ്ചര്യപ്പെടുന്നു. ഓരോ നാളിലും അവയുടെ മിനുസത്തിലും ഒരത്തിലും വിരലോടിച്ച് ഞാൻ ഭൂമിയുടെ വയസ്സ് കണ്ടെത്താൻ നോക്കുന്നു. കല്ലിനുള്ളിൽ എന്താണുള്ളത്? ഒരു ചെറിയ തോട്. അതിനകത്ത് ഉറങ്ങുന്ന ഒരു വിത്ത്. അത് തെഴുക്കുന്നതിന്റെ നേർത്ത സ്വരങ്ങൾ.

•

മാളങ്ങൾ

മുറ്റത്തിന്റെ ഒരരികിൽ ചെറിയ ഒരു പൊത്ത്. അതിനകത്തു പാർക്കുന്ന കരിന്തേൾ. എല്ലാ രാത്രിയും അത് നിശ്ശബ്ദമായി പുറത്തിറങ്ങുന്നു. മനുഷ്യരുണരുമ്പോഴേയ്ക്കും തിരിച്ചെത്തുന്നു. ഇരുട്ടിൽ മറഞ്ഞിരിക്കുന്നു. മുറ്റവും തിണ്ടും മണ്ണു തേച്ച് വൃത്തിയാക്കുമ്പോൾ ആരും ആ പൊത്തിനുമീതെ കുഴച്ച മണ്ണ് പിടിപ്പിക്കുകയില്ല. തേളിന്റെ അവകാശം ഭൂമിയിലെ ആ വിടവ്. പാടങ്ങൾക്കു കരയിൽ കീരിയുടെ പാർപ്പു പോലെ. കുളത്തിന്റെ വക്കിൽ കല്ലിടുക്കിൽ നീർക്കോലിയുടെ പാർപ്പു പോലെ. ഓരോ വിടവും മാളങ്ങളിലേക്ക് നയിക്കുന്നു. എലിമാളങ്ങൾ പോലെ നിഗൂഢമായ കവിതകൾ എഴുതാൻ കഴിഞ്ഞെങ്കിൽ എന്ന് എസ്.ജോസഫ്. രഹസ്യാത്മകമായ ഒരു പാർപ്പിട വ്യവസ്ഥയാണ് ഓരോ മാളങ്ങളും.

കുറ്റിച്ചെടികൾക്കിടയിൽ, പാറക്കെട്ടുകൾക്കിടയിൽ, മാളങ്ങൾ അവയുടെ മുഖം ഒളിച്ചുവെയ്ക്കുന്നു. ഉരഗങ്ങളുടെ ഉടൽ പോലെ അത് ഉൾച്ചുറ്റുകളായി സഞ്ചരിക്കുന്നു. ഏതോ കരയിൽ ചെന്ന് ചേരുന്നു. മഴക്കാലം മാളങ്ങൾ നിറയ്ക്കുമ്പോൾ ശ്വാസം കിട്ടാതെ നീന്തിയെത്തുന്ന ജീവി കുലത്തെപ്പറ്റി മേതിൽ ഓർമ്മിപ്പിക്കുന്നു. നമ്മൾ കെട്ടിയുണ്ടാക്കിയ എടുപ്പുകൾക്കു താഴത്ത് നാമറിയാത്ത എത്രയെത്ര രഹസ്യ പാതകൾ? ആഴങ്ങളിൽ ചെന്നു ചേരുന്ന മടകൾ. തറയോടുകൾക്കും അഴുക്കുചാലുകൾക്കും കുടിവെള്ളക്കുഴലുകൾക്കും ഇടയിലൂടെ, കിടപ്പറകൾക്കും കളപ്പുരകൾക്കും ലൈബ്രറികൾക്കും ആയുധശാലകൾക്കും അടിയിലൂടെ അദൃശ്യമായ വിധം വരച്ച ഭൂപടം. ചുറ്റിപ്പിണഞ്ഞ്. ഓരോ പൊത്തുകൾക്കും മീതേ ഞാനെടുത്തു വച്ച കല്ലുകൾ, കുഴമണ്ണ്, പിടയുന്ന പ്രാണനായി എന്നെ പിന്തുടരുകയാണല്ലോ? ധാന്യമണികളോ മാംസമോ കിഴങ്ങുകളോ എല്ലിൻ തുണ്ടുകളോ കരുതിവെച്ച, വിയർത്ത, പൂപ്പലുള്ള, വെളിച്ചമേൽക്കാത്ത, തണുത്ത അറകൾ. എന്റെ ഓരോ ചുവടിനും താഴെ അവ ഭൂമിയുടെ മറുമുഖം കാട്ടുന്നു. നടവരമ്പിനു കുറുകേ വേഗത്തിൽ പാഞ്ഞു പോയി മറഞ്ഞ കീരി, ആ മുഖത്തിന്റെ മടക്കുകളിൽ അഭയം തേടുന്നു. നേർത്ത മിടിപ്പുകളും ശ്വാസവും ചുറ്റിച്ചുറ്റിപ്പുറത്തു പടരുന്നു.

•

സന്ധ്യകൾ

കൂടിച്ചേരുന്നു. കലരുന്നു. പടരുന്നു. ഒന്നിൽനിന്ന് വേറൊന്നിലേക്ക് സഞ്ചരിക്കുന്നു. ഒന്നിൽനിന്ന് വേർപെടുന്നു. രണ്ടു കാലങ്ങളിലും നീട്ടുന്ന ഇടംവലം ചിറകുകൾ. അകത്തും പുറത്തും പാർക്കുന്നു. മാളങ്ങളും മരച്ചില്ലകളും കാത്തു നിൽക്കുന്നു. ചിറകുകളും കാലുകളും തളരുന്നു. കാറ്റുകൾ മിണ്ടാതിരിക്കുന്നു. വെളിച്ചം അങ്ങേക്കരയിലേക്ക് പോവുന്നു. ഇരുട്ട് ഇങ്ങേക്കരയിലേക്ക് പോരുന്നു. വെളുപ്പ് നിറത്തിൽ പ്രാണന്റെ ഇതളുകൾ വിടരുന്നു. കൂടുകളിലും മരപ്പൊത്തുകളിലും ഉരുമ്മുന്നു. തൂവലുകൾ തമ്മിൽത്തൊടുന്നു. വരമ്പു നനയുന്നു. ഇലകളിൽ മഞ്ഞു പടരുന്നു. കണ്ണുകൾ പൂട്ടി വെയ്ക്കുകയാണ്, അല്പനേരം. ഇടനേരം. രണ്ടു കടലുകൾക്കിടയിലെ പാലമാണ്. മനുഷ്യർക്കും മൃഗങ്ങൾക്കുമിടയിലെക്കാലം. ഉരഗങ്ങൾക്കും പറവകൾക്കു മിടയിലെക്കാലം. ഗുഹാമുഖം. മുറിവിനും ആനന്ദത്തിനുമിടയിലെ ചെറിയ തുരുത്ത്. സന്ധ്യകൾ, ഇരുളിന്റെ കണ്ണാടിയാണ്. അവ, രാത്രികൾക്കു പകരുന്നതെന്താണ്? നീങ്ങുന്ന മേഘങ്ങളുടെ നിശ്ശബ്ദതയോ നരികളുടെ മുരൾച്ചയോ മുറിവിൻ നീറ്റലോ കണ്ണീർപ്പമോ? ഞാനെന്നെ നോക്കി നിൽക്കയാണ്. സന്ധ്യകൾ എന്നിലൂടെ കടന്നുപോവുന്നു. ഞാൻ ഒരു കണ്ണാടിയായിരുന്നോ? മരച്ചില്ലകളെല്ലാം എന്റെ ദേഹത്ത്. ഇരുണ്ടു തുടങ്ങിയ കാടുകളുടെ നൃത്തവും എന്റെ ദേഹത്ത്. പാതിയുടൽ പാതിയുടലിനെ കണ്ടു നിൽക്കുമ്പോലെ ഞാൻ രാത്രിക്കും പകലിനും ഇടയിലെ വിടവിൽ നിന്നു. വരികളില്ലാത്ത ഒരു പ്രാർത്ഥന ഓർമിച്ചതുപോലെ. ഇലകളിൽ കാറ്റുതട്ടുമ്പോലെ. വേദനിച്ചു. മുറിവിന്നറ്റം കണ്ടു. അൽപ്പനേരത്തേയ്ക്ക്.

•

വിരലുകൾ

എങ്ങനെയാണ് ഈ കൈവിരലുകൾ ഉണ്ടായത്? നമ്മുടെ ഉടലിൽ വേറെ ഏതവയവത്തിനുണ്ട് ഇതുപോലെ ആഴത്തിലും വിസ്തൃതിയിലും വേരുമിലകളും? ചിലപ്പോൾ ചിറകാകുവാനും ചിലപ്പോൾ ചുണ്ടാകുവാനും ചിലപ്പോൾ കാതാകുവാനും ചിലപ്പോൾ കണ്ണീർപ്പമാകുവാനും ഈ കൈവിരലുകൾക്കു കഴിയുന്നത് എത്ര ആശ്ചര്യകരമാണ്. ഓരോ നാളിലും അതിന്റെ പുരാതനമായ ഭാഷ പുതിയ മൊഴികളുണ്ടാക്കുന്നു, പുതിയ അർത്ഥങ്ങളിലേക്കു നയിക്കുന്നു. ഒരു മുറിവിനു ചുറ്റിലും ഉറഞ്ഞുകിടക്കുന്ന പൊടിപടലങ്ങൾ നീക്കുന്നു. കൺപോളകൾക്കിടയിൽ നിന്നും ചെറിയ മുള്ളുകൾ പെറുക്കുന്നു. മഴയത്ത് നഗ്നമായ മരങ്ങളുടെ തൊലികളിലെ ഉതിർക്കാറ്റു തൊടുന്നു. കാട്ടുപുല്ലിന്റെ മണവും മൃഗക്കൊമ്പുകളുടെ ഒരവും തൊടുന്നു. തീയിന്റെ ചൂടു തൊടുന്നു. സങ്കടങ്ങളുടെയെല്ലാം ശരീരങ്ങളിൽത്തൊടുന്നു. ചരങ്ങളുടെയും അചരങ്ങളുടെയും ഉരുവങ്ങളിൽനിന്ന് അവയുടെ കാണാത്ത പ്രാണനെത്തൊടുന്നു. മുലക്കണ്ണുകളിലും മുടിയിഴകളിലും തൊടുന്നു. അടർന്ന ഇലയെത്തൊടുന്നു. ചത്ത പൂച്ചയെ തൊടുന്നു. ഇലതീനിപ്പുഴുവിനെയും ചേരട്ടയെയും ചീവീടിന്റെ കാലങ്ങളെയും തൊടുന്നു. ഗർഭത്തിനുള്ളിൽ, വെള്ളത്തി ലാണ്ടുകിടക്കുമ്പോൾ ഭൂമിയെ മുഴുവനായും തൊട്ടുനോക്കി ത്തൊട്ടുനോക്കി നമ്മുടെ വിരലുകളിലെല്ലാം ഹരിതകത്തിന്റെ ഛായ വന്നിരിക്കുന്നു. തീയത്ത് കരിഞ്ഞ ഈ മണ്ണിൽ നിന്ന് ഒരിലയെടുത്ത് ഒരു ചിരട്ട വെള്ളം കൊണ്ട് കഴുകുന്നു. കാലങ്ങൾ കൊണ്ട് പൊടിയും കറയും നീങ്ങി, മറവിയും മരണവും നീങ്ങി, അതിന്റെ ഞരമ്പുകൾ തെളിഞ്ഞുതെളിഞ്ഞു വരുന്നു. വിരലറ്റങ്ങളിൽ അതിന്റെ പ്രകാശമുണ്ടിപ്പഴും, നോക്കൂ.

•

കാത്തുനിൽപ്പ്

സമയമാണ്, കാലമാണ് ഉറവിടം എന്നു തോന്നുന്നു. ആ ഉറവിടത്തിൽ നിന്നാണ് പദവും പദാർത്ഥവും പ്രാണനും മരണവും സ്വപ്നവും ജന്മവുമെല്ലാം ഉരുവം കൊള്ളുന്നതെന്നും തോന്നുന്നു. അളക്കാനാവാത്ത, അറ്റം കണ്ടെത്താനാവാത്ത ഒരു ഒഴുക്ക്. സമതലങ്ങളിൽ നിന്ന് കുന്നുകൾ ചുറ്റിയും കടന്നും കാടിന്റെ ഉൾമടക്കുകളിൽ, പാറക്കെട്ടിലോ ചതുപ്പിലോ ചെന്നെത്തുന്ന നമ്മൾ പുഴയുടെ തുടക്കം കാണുന്നു. അതാണോ പുഴയുടെ തുടക്കം എന്നാശ്ചര്യപ്പെടുകയും ചെയ്യുന്നു. വെള്ളത്തിന്റെയും ഒഴുക്കിന്റെയും തുടക്കങ്ങൾ എവിടെയാണ്? വെളിച്ചത്തിന്റെയും ഇരുട്ടിന്റെയും? ഇടയിലെവിടെയോ വെച്ച് സമയത്തിന്റെ ഒരു കണികയിൽ വെച്ച് തമ്മിൽ കണ്ടുമുട്ടുന്നു. മഴനനവിൽ ഇരുട്ടത്ത് മിന്നാമിനുങ്ങുകൾ കൂട്ടമായി, കൂട്ടം തെറ്റിയും, വന്നു ചേരുന്നു. അവയുടെ തുടക്കമെവിടെ യായിരുന്നു? മഴയിലാണോ ഇരുളിലാണോ? മറ്റുനേരങ്ങളിൽ അവ എവിടെ മറയുന്നു? എങ്ങോ അവ കാത്തിരിക്കുക യായിരുന്നു. മരങ്ങൾക്കും മഴക്കാറിനും ഇടയിൽ എവിടെയോ. ചീവീടുകളുടെ സ്വരവും അതുപോലെ. ഈയാംപാറ്റകളുടെ നിദ്രയുമതുപോലെ. ഞാറയിലെ പൂമ്പൊടിയുമതുപോലെ. അവയെപ്പൊതിയുന്ന കുഞ്ഞൻ തേനീച്ചകളുമതുപോലെ. കാത്തിരിക്കുകയായിരുന്നു. പൂക്കൾ വിടരാൻ. മഴ തുടങ്ങാൻ. മണ്ണിനീർപ്പം വരാൻ. ഇരുട്ടു പടരാൻ. വെയിലാറാൻ. കാറ്റുകളടങ്ങാൻ. നക്ഷത്രങ്ങളും ബഹിരാകാശയാനങ്ങളും ധൂമകേതുക്കളും ഛിന്നഗ്രഹങ്ങളും പാതിരാവിൽ പതുക്കെത്തെളിയാൻ കാത്തു നിൽക്കുകയായിരുന്നു. മേഘങ്ങൾ നീങ്ങുവാൻ ചന്ദ്രനും. അതിന്റെ നേർത്ത കലയും. അതിൽ പാർക്കുന്ന കൊമ്പുള്ള മാനും. നമ്മൾ ഓരോന്നും കാത്തു നിൽക്കുകയായിരുന്നു. എപ്പോഴുമതേ. മുറിവിന്റെ അറ്റങ്ങൾ തമ്മിൽ ചേരുവാൻ കാത്തുനിൽപ്പാണ്. വേദനയുടെ അലകൾ പതുക്കെ താഴുന്നതും ഉയരുന്നതും. മൂടൽമഞ്ഞ് ഒരൽപ്പം നീങ്ങുവാൻ. മുഖംമൂടിയ്ക്കും കണ്ണടച്ചില്ലുകൾക്കും ഇടയിൽ കുമിയുന്ന ചൂടുള്ള വായു തണുക്കുവാൻ. നിലപ്പനകൾ തെഴുക്കുവാൻ. മറന്നു പോയ വാക്ക് തിരിച്ചു വരുന്നതുവരെ കാത്തു നിന്നു. പാട്ടിന്റെ ശകലം. അതേ ചവർപ്പും മധുരവും തിരികെ വരുന്നത്. ശവമടക്കു കഴിഞ്ഞവർ ഈറനോടെ കയറി വരാൻ. പുറപ്പെട്ടു പോയവർ വാതിൽക്കലെത്തുവാൻ. ഈ പൊടിക്കാറ്റു നീങ്ങുവാൻ. ഒഴിഞ്ഞ ഏകാന്തത തിരിച്ചു കിട്ടുവാൻ. കാളകൾ പൊയ്ക്കഴിഞ്ഞ് ഇലകൾ അടിഞ്ഞ് അനക്കമറ്റ് വെള്ളം തെളിയുന്നതും കാത്തു പുഴക്കരയിൽ നിൽക്കുന്ന ആനന്ദനെ ഓർമയുണ്ട്. മാവു പുളിക്കുന്നതും തുണിയീറനുണങ്ങുന്നതും മണ്ണിനുള്ളിൽ കിഴങ്ങുകൾ പാകമാവുന്നതും കാത്തുനിൽക്കുന്നതു പോലെ ഈ വക്കിൽ, ഒഴുകുന്ന സമയത്തിൽ, കലർന്നു നിൽക്കുന്നു.

-

ഒരു ചതുരയടി മണ്ണ്

ഏറ്റവും മുകളിൽ ഒരു കാറ്റിന്റെ ചീള്. അതിനുതാഴെ ഇന്നലത്തെ കരിയിലകൾ.

ഒരു മാസം മുമ്പത്തെ ചുള്ളിക്കമ്പുകൾ. കഴിഞ്ഞ കാലവർഷം മുഴുവനും.

ഒച്ചിന്റെ തോടുകളും തേരട്ടകളുടെ അനന്തമായ ഉടൽച്ചുറ്റുകളും. താഴെ വേനൽക്കാലങ്ങൾ.

കടപുഴകിയ ഒരു വൃക്ഷം. പനയോലകൾ. ചകിരി നാരുകൾ. അതിനു മുമ്പത്തെയിലകൾ. അതിനു മുമ്പത്തെ മഴക്കാലം. അതിലേറെ പ്രായമുള്ള ഒരു പൂച്ചയുടെ കനം കുറഞ്ഞ എല്ലുകൾ.

പൊട്ടിയ ഇഷ്ട്ടിക. കുറേക്കൂടി വയസ്സായ ഇരുൾ. അല്പം കൂടി പ്രായമായ വെള്ളം.

പിന്നെയും പഴയ മരങ്ങളുടെയിലകൾ. അതിലേറെക്കാലം ചെന്ന മൃഗങ്ങൾ. പറവകൾ.

പൊടിപൊടിയായി മണ്ണ്. അതിന്റെ കരിനിറം. അതിന്നടിയിൽ ഇന്നു പൊഴിഞ്ഞ ഇലകളുടെ ഞരമ്പുപടലങ്ങൾ. പുഴുകൊത്തിയ സുഷിരങ്ങൾ. കടന്നു പോന്ന വെയിൽ, ഏറ്റവും താഴത്ത് എന്റെ മുഖത്ത് പുള്ളി കുത്തുന്നു.

•

ഇലകളുടെ ഓർമ്മ

ഇലകൾ പാറ്റകളെ ഓർമ്മിപ്പിച്ചു. പൂവോ പുള്ളികളോ ഉള്ള ചിത്രശലഭങ്ങളെയും രാത്രിശലഭങ്ങളെയും. ഇലകൾ തേനീച്ചകളെയും പരാഗരേണുക്കളെയും ഓർമ്മിപ്പിച്ചു. ഇലകൾ സൂര്യന്റെ വിരലുകളെ ഓർമ്മിപ്പിച്ചു. ഇലകൾ വിശക്കുന്ന ഉടലുകളെ ഓർമ്മിപ്പിച്ചു. മേഘപടലങ്ങളെയും നീർച്ചോലകളെയും ഓർമ്മിപ്പിച്ചു. ഇലകൾ ചതുപ്പിന്റെ അടിത്തട്ടുകളെ ഓർമ്മിപ്പിച്ചു. ഇലകൾ കൊടുങ്കാറ്റിനെയും ഇടിമിന്നലിനെയും അതിന്റെ നേർത്ത വെളിച്ചത്തെയും ഓർമ്മിപ്പിച്ചു. ഇലകൾ ഉറുമ്പിൻ കൂടുകളെയും തുന്നാരൻ പക്ഷികളെയും ഓർമ്മിപ്പിച്ചു. ഇലകൾ ശ്വാസത്തേയും രാത്രികളെയും ഓർമ്മിപ്പിച്ചു. ഇലകൾ പുഴുവിനെയും അതിന്റെ സമാധിയെയും ഓർമ്മിപ്പിച്ചു. ഇലകൾ എല്ലാറ്റിന്റേയും തുടക്കത്തെ ഓർമ്മിപ്പിച്ചു. ഇലകൾ ഭൂമിയുടെ നിറങ്ങളെയും ഒഴിവിടങ്ങളെയും കാത്തുനിൽപ്പുകളെയും ഓർമ്മിപ്പിച്ചു. ഇലകൾ വറ്റാത്ത ദാഹത്തെ ഓർമ്മിപ്പിച്ചു. ഇലകൾ മുറിവുകളെ ഓർമ്മിപ്പിച്ചു. വിഷാദം നിറഞ്ഞ വയൽക്കരകളെയും ചോക്കേറുന്ന പറവകളെയും ഓർമ്മിപ്പിച്ചു. ചിതൽപ്പുറ്റുകളുടെ ഉള്ളറകൾ പോലുള്ള പകലുകളെ ഓർമ്മിപ്പിച്ചു. ചോര ഞരമ്പുകളെ ഓർമ്മിപ്പിച്ചു. അനന്തമായ അലകളെ ഓർമ്മിപ്പിച്ചു. ഇലകൾ ഉരുവിടാത്ത പ്രാർത്ഥനകൾ ഓർമ്മിപ്പിച്ചു. കുഞ്ഞുങ്ങളുടെ ഭാഷ പഠിക്കാത്ത മുഖങ്ങൾ ഓർമ്മിപ്പിച്ചു. ഇലകൾ വെളിച്ചമുള്ള പ്രാണികളെയും നിഴലുകളെയും ഓർമ്മിപ്പിച്ചു. ഇലകൾ മരണത്തെയും വേർപാടുകളെയും ഓർമ്മിപ്പിച്ചു. എന്നിട്ടുമെന്നിട്ടും ഞാൻ ഇലകളുടെ നൃത്തത്തിലേക്ക് നോക്കി നിന്നു. അഴുകിമറയുന്ന നാരുപടലങ്ങളിൽ തൊട്ടു. ഇലകൾ എപ്പോഴും ഏകാന്തമായ ഇലകളെ ഓർമ്മിപ്പിച്ചു.

•

പൊത്തുകൾ

ഞാൻ മരപ്പൊത്തുകൾ തേടി ചുറ്റിയലഞ്ഞുകൊണ്ടിരുന്നു.

കുന്നിൻചെരിവുകൾ. താഴെച്ചതുപ്പുകൾ. കാടിന്റെ വക്കുകൾ. കാവുകൾ. കാട്ടുമരങ്ങളുടെ തായ്ത്തടികൾ. പനകൾ. തെങ്ങുകൾ. പക്ഷികൾക്കു പിന്നാലെ നടന്നുനടന്നു ഞാൻ ഉണങ്ങിയ മരങ്ങൾക്കു കീഴിലെത്തി. കിളിക്കരച്ചിലുകൾ പിന്തുടർന്നു പൊത്തുകളുടെ നിഴലിലെത്തി. കുറുകുന്ന കുഞ്ഞുങ്ങൾ. കരയുന്ന കുഞ്ഞുങ്ങൾ. ചൂടു കൊള്ളുന്ന കുഞ്ഞൻമുട്ടകൾ. അടിവയറിന്റെ മിനുസമാർന്ന വെളുപ്പ്. കനംകുറഞ്ഞ പഞ്ഞിനൂലുകൾ, നാരുകൾ, മൃദുലമായ ഉണക്കിലകൾ. കൂട്ടിലേയ്ക്കു തിരിച്ചെത്തുന്ന കിളി. തിരിച്ചെത്തുന്ന സന്ധ്യകൾ. അതിന്റെ കാലു കൾക്കിടയിൽ ഒരു കാട്ടുപഴത്തിൻ മണം. അതിന്റെ കൊക്കുകൾക്കിടയിൽ ഒരു ചെറുപ്രാണി. ഒരു പരൽമീൻ. ഒരു കതിര്. ഞാൻ ഭൂമിയിൽ നിന്നു കൊണ്ട് അവ മിണ്ടുന്നതു കേട്ടു. അവയുടെ ചുകന്ന ഉൾച്ചുണ്ടുകൾ കണ്ടു. അടരുന്ന മുട്ടത്തോടു കണ്ടു. പതുക്കെത്തുറന്ന മിഴികൾ കണ്ടു. നേർത്ത കാലുകൾ കണ്ടു. കാറ്റും മഴയും ആ ചെറിയ വട്ടത്തിനുള്ളിൽ വന്നു. ചിലപ്പോഴെല്ലാം മഴക്കാലം അതിനകത്ത് കുടുങ്ങിപ്പോയി. രാത്രിയുടെ നിശ്ശബ്ദമായ സ്വരഭേദങ്ങളും നക്ഷത്രത്തരികളും പൊട്ടിയ ചന്ദ്രനും മേഘങ്ങളും അതിനുള്ളിൽ വീണു, ചില നേരം സൂര്യന്റെ മുടിനാരുകളും. കാട്ടുതീയോ ഇഴജീവിയുടെ വിശപ്പോ കയറിവന്നു. ഞാനാ മരത്തിന്റെ ശിഖരങ്ങളിലേക്കൊന്നും വലിഞ്ഞു കേറിയില്ല. താഴത്തു തന്നെ നിന്നു. എല്ലാത്തിന്റെയും ചോടെ. ശ്വാസത്തിന്റെയോ കാൽപ്പെരുമാറ്റത്തിന്റെയോ അനക്കമില്ലാതെ നിന്നു. കാറ്റത്ത് ചുറ്റിച്ചുറ്റിത്താഴേയ്ക്കുവീണ ഒരു പൊടിത്തൂവൽമാത്രം കൈയിലെടുത്ത്, മടങ്ങി.

•

പദാർത്ഥങ്ങൾ

ഞാനൊരു യാത്രികയല്ല. ഒരിടത്തു വേരുവച്ച് നിഴലുവച്ച് നീരും കാറ്റും തൊട്ട് പതിയെ വളരുന്ന ഒരു സസ്യമാണ്. അവൾ സ്ഥലത്തുനിന്ന് നീങ്ങാതെ തന്നെ ഏറെദൂരം ചെല്ലുന്നു. നിന്നിടത്തു നിന്ന് ദിക്കുകൾ ചുറ്റി മടങ്ങുന്നു. ചായത്തരികൾ കപ്പിന്റെ അടിയിലേക്ക്, ഇലകൾ പുഴയുടെ അടിത്തട്ടിലേയ്ക്ക്, തകർന്ന കപ്പലുകൾ സമുദ്രത്തിന്റെ ആഴത്തിലേയ്ക്ക് അടിഞ്ഞുകൂടുന്നതു പോലെ ഈ കരയിൽ ഞാൻ. എല്ലാ ദിക്കുകളിലേയ്ക്കും വേരും ചില്ലയും പടർത്തുന്നതുപോലെ ഈ ചെറിയ വീടിനു ചുറ്റിലും ഞാൻ നടന്നുകൊണ്ടിരുന്നു. കഴിഞ്ഞ കുറേ വർഷങ്ങളായി ആ നടത്തമാണെന്റെ ദിനചര്യ. പ്രാർത്ഥന. മുറ്റത്ത്, തൊടിയിൽ, അതിനു പിറകിലെ കുന്നിൻ ചെരുവിൽ, ഇടവഴിയിൽ, വരമ്പിൽ. ഓരോ നാളിലും ഒരേയിടത്ത്, ഒരേ കാൽച്ചുവട്ടിൽ. ആ കാൽച്ചുവടുകളിൽനിന്ന് ഞാൻ ഓരോന്നു ശേഖരിച്ചുകൊണ്ടിരുന്നു. ഉണങ്ങിയ മരച്ചില്ലകളും പൊഴിഞ്ഞിലകളും പോലെ ചിലത്. ചില വസ്തുക്കൾ. പദാർത്ഥങ്ങൾ. പദത്തിന്റെ, വാക്കിന്റെ ശരീരങ്ങൾ. ഒച്ചിന്റെ തോടുപോലെ. ഉണങ്ങിയടർന്ന കായ് പോലെ. പദം എന്നാൽ വാക്ക്. പദം എന്നാൽ കാൽച്ചുവട്. പദം എന്നാൽ പാർപ്പിടം. നടത്തങ്ങൾ എനിക്ക് ഇതു മൂന്നുമായിത്തീർന്നു. കാൽപാദങ്ങൾ, വാക്കുകൾ, വാസസ്ഥാനങ്ങൾ. അവകൊണ്ടു മാത്രം ഞാൻ കവിതാശകലങ്ങൾ ഉണ്ടാക്കി. അവ നടത്തത്തിന്റെ കവിതയായി. വഴിപ്പാടുകൾ എന്റെ വീടുകളായി. ഓരോ യാത്രികയും ഓരോന്ന് ശേഖരിച്ചു മടങ്ങുന്നുവെന്നറിയാം. എന്റെ യാത്രകളുടെ അടയാളം കുപ്പായത്തിലെ ഈ പൊടി. ശലഭത്തിന്റെ മിന്നൽ. കാറ്റിന്റെ മണം. കാടിൻ നിഴൽ. എന്റെ മേശപ്പുറത്തില്ല, വിദൂരനാടുകളിലെ ബുദ്ധശില്പം. പകരമുണ്ട് ഒരു കല്ല്. ഒരില. ഞാൻ ശേഖരിച്ച വസ്തുക്കൾ കൊണ്ട് ഈ ചെറിയ മേശവലിപ്പ് നിറഞ്ഞു. ഈ മുറിക്കകം നിറഞ്ഞു. നാലഞ്ചു കക്കത്തോടുകൾ, പുഴങ്കല്ലുകൾ, പൊൻമഞ്ഞുവൽ. എല്ലാം ഈ ചെറിയ പെട്ടിയിൽ. കടലിലോ കാട്ടിലോ ചെന്നുപറ്റിയതിന്റെ നിഴൽ. കൈവെള്ളയിലെ അവയുടെ പുരാതനമായ നിശ്വാസമാണ് എന്റെ യാത്രാവിവരണങ്ങൾ. എല്ലാ ദിവസവും മേഘങ്ങൾ. എല്ലാ ദിവസവും മരച്ചോട്. എല്ലാ ദിവസവും ഈ ഒഴിഞ്ഞ പേജ്. നീല മഷി. പേനയുടെ ചുണ്ടുകൾ നീങ്ങുന്നതിന്റെ പരുപരുത്ത ശബ്ദവും.

•

ഉറവകൾ

എങ്ങനിന്നാണ് സങ്കടങ്ങൾ പുറപ്പെട്ടു പോരുന്നത്? നടക്കുന്ന വഴിയിൽ തൊടുന്നവയ്ക്കെല്ലാമുണ്ട് സങ്കടത്തിന്റെ ഒരടര്. വട്ടംചുറ്റിപ്പറന്ന് ചുമലിലോ ചില്ലയിലോ വന്നിരിക്കുന്ന ഒരു ശലഭത്തിന്. താഴെ വീണു കിടക്കുന്ന ഇലകൾക്ക്. വൃക്ഷത്തിന്റെ വിണ്ടടർന്ന തൊലിയിലും തേനീച്ചകളുടെ നൃത്തത്തിലും അതുണ്ട്. നോക്കൂ, നീങ്ങിനീങ്ങിപ്പോവുന്ന ബഹുരൂപിയായ മേഘശകലങ്ങളുടെ വേദന. എനിക്കും നക്ഷത്രരാശികൾക്കുമിടയിലെ വേദന. കാതിനും കാറ്റിനു മിടയിലെ, വിരലുകൾക്കും പൂപ്പലുകൾക്കുമിടയിലെ വേദന. മരങ്ങളിലൂടെ ഊർന്നിറങ്ങുന്ന മഴക്കാലങ്ങളുടെ മുറിവ്. പൊടിമണ്ണിന്റെ കുഴികളിൽ ഉറങ്ങുന്ന ലാർവകളുടെ സങ്കടം. സന്ധ്യയുടെ കാറ്റിലും ചന്ദ്രന്റെ ഇരുളിലും പകലുകളുടെ തരിതരിയായ വെളിച്ചത്തിലും ഞാനതു തൊടുന്നു. അതെന്നെയും പൊതിഞ്ഞുവെച്ചു. ഉണങ്ങാമുറിവുകളുടെ ചെറിയ നീർച്ചാലുകൾ. അരുവികൾ. ചരാചരങ്ങളിലെല്ലാം നിന്ന് ഒഴുകവന്ന് എന്റെ ദേഹത്ത് അവ ഒന്നായിത്തീരുകയാണോ? ഒരു പുഴയുണ്ടാവുന്നതുപോലെ. എല്ലാ കണ്ണാടിച്ചില്ലുകളിലും നിന്ന് ഞാനെന്നെ കണ്ടെത്തുന്നതുപോലെ. ഒന്നിനുമീതെ ഒന്നായി സങ്കടങ്ങൾ അടിയുകയും അഴുകുകയും ഇരുണ്ട മണ്ണായി മാറുകയും ചെയ്യുന്നു. കാതുകൾ, മിഴികൾ, കൈത്തലം, നിദ്രയുടെ അടിത്തട്ടുകൾ—എല്ലാവാതിലുകളും അതിനെയെതിരേൽക്കാനായി തുറന്നുകിടക്കുന്നു. അതൊരു ഭാഷയോ? ഭൂമിയിലെ മുഴുവൻ പ്രാണനെയും തൊടുന്ന മൊഴിയോ? ഉച്ചരിക്കാൻ വയ്യാത്തത്. ഉണങ്ങാത്തത്. തുറന്നത്. ഒരു മുറിവ്. അതുണങ്ങാതിരിക്കട്ടെ, അതിന്റെ വെളിച്ചം കെടാതിരിക്കട്ടെ.

•

തോട്

ഒരു തോട് അവിടെയുണ്ടായിരുന്നു. മൂന്നോ നാലോ വയസ്സുള്ളപ്പോൾ മുതൽ അതെനിക്കറിയാം. എത്ര കാലം മുമ്പേ അതവിടെയുണ്ടായിരുന്നതുപോലെ. ചിലപ്പോൾ നൂറ്റാണ്ടു കളായി ഒഴുകിക്കൊണ്ടിരുന്ന അതേ ആകൃതിയിൽ. വെള്ളത്തിന്റെ നിലയനുസരിച്ച് അലക്കു കല്ലിന്റെ സ്ഥാനം മാറിക്കൊണ്ടിരുന്നു. മണൽത്തിട്ടിന്റെ ആകൃതിയും. തോട് തനിച്ചായിരുന്നില്ല ഒരിക്കലും. ഇരുവശവും കൈതകൾ. കാടുകൾ. കാണാനാവാത്ത ഇരുൾക്കാടുകൾ. ഇരുട്ടിനുള്ളിൽ നിഗൂഢമായ മാളങ്ങൾ. നാഗങ്ങൾ. ഒരേ സമയം ഭയത്തിന്റെയും അഭയത്തിന്റെയും സ്ഥാനം. കൈതയുടെ മുള്ളുകൾക്കിടയിലൂടെ ചെറിയ നടവഴി. പകലുകളുടെ ഭ്രാന്തിയും പാതിരയുടെ പ്രേതങ്ങളും സന്ധ്യയുടെ പറവകളും തോട്ടിറമ്പിൽ അണഞ്ഞു. ഉടലുകഴുകുന്ന, ഉടുപ്പു കഴുകുന്ന, മനുഷ്യർ. ഊര താഴ്ത്തിക്കിടക്കുന്ന കന്നുകൾ. വർഷ കാലത്തിന്റെ കുത്തിയൊഴുക്കിൽ തെന്നി വരുന്ന മരങ്ങൾ, വേരുകൾ, വളർത്തു ജീവികൾ, മരിച്ചവന്റെ ദേഹം. മലഞ്ചെരിവിന്റെ വിദൂരമായ മൊഴികൾ. ആ വെള്ളമാണ് എപ്പോഴും ഉടലിൽ വന്നു തൊട്ടു. ഓർമ്മ പോലെ കരച്ചിലുകളിൽ, നിശ്ശബ്ദമായ പൊത്തുകളിൽ അതു കലർന്നു.

•

അലക്കുകല്ല്

ഒരു അലക്കു കല്ല്. ആശുപത്രിയുടെ പിറകിൽ എവിടെയോ ആണ്. കെട്ടിടങ്ങൾക്കിടയിലെ വിടവിലൂടെ ചുറ്റി നടന്നാൽ അവിടെയെത്താം. ഒരു ഒഴിഞ്ഞ സ്ഥലം. കാറ്റും വെയിലും കൊള്ളുന്ന ഏകാന്തമായ ഒരിടം. ഞാൻ ആ കല്ലിനരികിൽ കുറേനേരം തങ്ങി നിന്നു. എന്റെ ബക്കറ്റിൽ നിറയെ ചോരത്തുണികൾ. പേറ്ററയിൽ നിന്നുള്ളവ. ഗർഭജലവും ചോരയും കൊണ്ട് കുതിർന്നിരുന്നു അവ. ഞാൻ ഓരോ ശീലയും വേറെ വേറെ നനച്ച് കഴുകി. കല്ലിലുരച്ചു വൃത്തിയാക്കി. വിരലുകളിലൂടെ ചോരയുടെ കറുപ്പ് അലിഞ്ഞു പോവുന്നതു കണ്ടു. വേദനകളുടെ അടയാളമെന്നോണം. നിലവിളികളുടെ വേരു പോലെ അഗാധം. അതൊരു ഉച്ചനേരമായിരുന്നു. കുറേയധികം നാളുകൾ അതേ ഉച്ചനേരത്തിന്റെ മണലിലൂടെ കാലുപൊള്ളി നടന്നു. എന്റെ കൈകൾ വെളുത്തുവന്നു. കാലുകൾ ചാലുകളിൽ നിന്നു തണുത്തു. ഓരോ അലക്കുകല്ലിനരികിലും ഓരോ മനുഷ്യരെ കണ്ടു. പലതരം മുറിവുകളുമായി നടക്കുന്ന ഒറ്റപ്പെട്ട മനുഷ്യർ. മരണത്തിന്റെ വക്കിൽ ചെന്ന് മടങ്ങിപ്പോരുന്നവർ. ഉടുത്തവ. പുതച്ചവ. പൊതിഞ്ഞു കെട്ടിയവ. ചോരയും മരുന്നും മൂത്രവും വിയർപ്പും പുരണ്ടവ. കഴുകിക്കഴുകി വെളുക്കുന്ന ശീലകൾ കാറ്റിൽ. അതുണങ്ങും വരെ കാത്തുനിൽപ്പ്. എല്ലാ അലക്കുകല്ലുകളെയും ഞാൻ ഓർമ്മയിൽ സൂക്ഷിച്ചു. വീടിനുപിറകിലെ കുതിർന്ന അഴുക്കുചാലുകൾ, കുളിപ്പുരകൾ, തോട്ടുവക്കുകൾ. അഴുക്കിലും ദുർഗന്ധത്തിലും സങ്കടങ്ങളുടെ മുറിപ്പാടുകളിലും നിന്ന് കുതറിക്കുതറി തെളിയുന്ന ഒരു കരിങ്കല്ല്. അതിൽ വീഴുന്ന വെള്ളം. ഓരോ കല്ലിനുമരികത്ത് വന്ന് നിന്ന് മടങ്ങുന്ന ഏകാകിയായ ഒരു ദൈവം. മുറിവിലൂതുന്ന കാറ്റ്.

•

ചിറകുകൾ

കാവിനുള്ളിലേക്ക് നീങ്ങി മറഞ്ഞു പോയി, ഒരു ഇരുൾനിറശലഭം. അതിന് ചിറകറ്റത്ത് വെളുത്ത വരകൾ. പതുക്കെ സന്ധ്യയായി. ഇരുളിൽ നിന്ന് ആ ശലഭത്തെ വേറിട്ടുകാണാൻ മനുഷ്യർക്കാവുകയില്ല. മരങ്ങൾക്കും വള്ളിച്ചെടികൾക്കും കിളികൾക്കും പാമ്പുകൾക്കും അതിനെ കാണാൻ കഴിഞ്ഞേക്കും. കാവിനെ മൂടിക്കൊണ്ടിരുന്ന സന്ധ്യ അത് കാണുന്നു. ആ ശലഭത്തിന്റെ ഇരുളാണ് സന്ധ്യയെ ഈ കാവിനുള്ളിലേയ്ക്ക് കൊണ്ടുപോരുന്നത്, നിത്യവും. ആ ചിറകുകൾ ആണ് സന്ധ്യയുടെ ആഴങ്ങൾ പൂർത്തിയാക്കുന്നത്. പകലെല്ലാം വിദൂര ദിക്കുകളിൽ ചുറ്റിയലയുന്ന ശലഭം, സൂര്യൻ മറയുമ്പോൾ തിരികെ വന്നുചേരുന്നു. സന്ധ്യയെ കാത്തുനിൽക്കുന്നു. ശലഭം ആ നിഴലുകളിൽ അലിയുന്നു. മരത്തഴപ്പുകളിലും വള്ളികളിലും ആഴ്ന്നിറങ്ങുന്നു. കിളികളുടെയും പാമ്പുകളുടെയും ഉള്ളിൽ കലർന്നു മറയുന്നു. സന്ധ്യ, കൂടുതൽ ഇരുളർന്ന രാത്രിയെ കാത്തുനിൽക്കുന്നു. ചിറകുകൾ മെല്ലെ ഇടയ്ക്ക് ഒന്നനങ്ങുന്നു.

•

കനം

എത്ര ദുർബ്ബലമാണ് ഓരോ ഇഴകളും? ഇലകളിൽ നിന്നും ഇലകളിലേയ്ക്ക് വലിച്ചുകെട്ടിയ നേർത്ത നൂലിഴ നോക്കൂ, എത്ര ദുർബ്ബലമാണത്. അതിന്റെ തമ്മിൽച്ചേർന്ന കണ്ണികൾക്കു നടുവിൽ, നൃത്തം മതിയാക്കി മടങ്ങിയ ചിലന്തി. അതിന്റെ പുരാതനമായ കാത്തിരിപ്പ്. വിശപ്പ്. അരികിലൂടെ പറക്കുന്നൊരീച്ച ആ പശയിൽ തന്റെ പറത്തം മതിയാക്കുന്നു. നോക്കൂ, എത്ര ഉറപ്പുള്ളതാണ് ആ നൂലിഴകൾ? അതിനെ മുറിച്ചുകടക്കാൻ ചെറുപ്രാണികൾക്കൊന്നുമാവില്ല. ആ പശമയിൽ നിന്ന് കുതറിപ്പോവാൻ മനുഷ്യർക്കു കൂടി അസാധ്യം. ദുർബ്ബലമായ ഇഴകൾ. ഭൂമിയുടെ ഓരോ ചെരിവിലും കോടാനുകോടി കുഞ്ഞു പ്രാണികളും അവയുടെ ഉടൽപ്പശയും വഴുവഴുപ്പും. ദുർബ്ബലമായൊരു കവചം പോലെ. ദുർബ്ബലമായ ഒരു കാവൽ പോലെ. ഈ പൂമ്പാറ്റയുടെ ചിറകുകൾ നോക്കൂ, എത്ര കനം കുറഞ്ഞതാണ്, സുതാര്യമാണ്. ചിറകിലല്പം നിറം കലർന്നിരിക്കുന്നു. മഴയത്ത് ആ നിറം ഒലിച്ചുപോകയില്ല. നേർത്ത തെങ്കിലും ആ നിറം കട്ടിയേറിയതാണ്. അതിലുമ ഗാധമാണ് ആ ചായക്കൂട്ടിന്റെ രഹസ്യവും. ഒരു കാറ്റത്തും ഉലയുന്നില്ല ആ ചിറക്. ശലഭത്തിന്റെ പുഴുവുടലിനെ അത് കാക്കുന്നു. നൃത്തം ചെയ്യിക്കുന്നു. പിന്നെ എപ്പോഴോ അത് ഉടലിൽ നിന്ന് വേർപെടുകയാണ്. അപ്പോൾ മാത്രമാണ് ആ നിറങ്ങൾ ചിറകിൽ നിന്ന് അലിഞ്ഞു മായുന്നത്. എത്ര ദുർബ്ബലമാണ് ഓരോന്നുമോരോന്നും, അല്ലേ? ഇലകളുടെ ഞരമ്പ്, വെള്ളത്തണ്ടിന്റെ രക്തകോശങ്ങൾ, മഴവില്ലിന്റെ നിറം, തേനീച്ചകളുടെ മുഖശിഖരങ്ങൾ, ഒച്ചിന്റെ പശ. എത്ര ദുർബ്ബലമാണ് ഞാൻ? എത്ര ദുർബ്ബലമാണ് യോനീ കവാടങ്ങൾ. കൺചില്ലുകൾ. മുലക്കണ്ണുകൾ. ചുണ്ടു തൊടുമ്പോഴേക്കും ആ കല്ലുകൾ രണ്ടും ചുരത്തുന്നു. സൂര്യനെ ആ ഇലത്തുമ്പുകൾ പൊതിഞ്ഞു സൂക്ഷിക്കുന്നു. എത്ര ദുർബ്ബലമാണ് ഈയിഴകളൊക്കെയും.

●

നാരുകൾ

ഒരു ശീല. പഴക്കമുള്ളത്. അതിന്റെ ഒരു ഭാഗം മെല്ലെ പിന്നിത്തുടങ്ങിയിരുന്നു. നൂലിഴകൾ തമ്മിലകന്നു. ശീലയിലൊരു വിടവുണ്ടായി. ആ വിടവ് വളർന്നു കൊണ്ടിരുന്നു. ആ തുണി ഉപയോഗശൂന്യമാവുകയായിരുന്നു. വലിച്ചെറിഞ്ഞപ്പോൾ അതു മണ്ണിലലിഞ്ഞു പോയി. പരുത്തിച്ചെടിയുടെ ഋതുചക്രം മനുഷ്യരുടെ കൈകളിൽക്കൂടി കടന്നുപോവുകയായിരുന്നു. അർത്ഥരഹിതമായ എന്തെങ്കിലും ഈ ഭൂമിയിലുണ്ടാകുമോ? വെറുതെയായിപ്പോയ ഒരു പദാർത്ഥമെങ്കിലും? പാഴ് എന്നത് ഉപകാരമില്ലാത്തതിനെ കുറിക്കുന്നു. മനുഷ്യർക്ക് പ്രയോജനമില്ലാത്തത്. പാഴ്നിലം, പാഴ്മരങ്ങൾ, പാഴ് വസ്തുക്കൾ, അങ്ങനെയങ്ങനെ നീളുന്നു നമ്മുടെ ശബ്ദതാരാവലി. ഒരു പക്ഷെ ഏറ്റവും ആധുനികമായ ഒരു വാക്കുമർത്ഥവുമാണ് പാഴ്. ആധുനികപൂർവ്വകാലം, പാര് എന്ന് മാത്രം കേട്ടു. വിളിച്ചു. പാരിടം. ഇക്കാണും ഭൂമി, നിലം, മണ്ണ്, നമ്മുടെ വിചാരങ്ങൾ കൂടി മണ്ണിൽക്കലർന്ന് ലോകങ്ങൾ. ഒരു കിളിയുടെ കൂട്. കിളികൾ ഒഴിഞ്ഞു പോവുമ്പോൾ അഴിച്ചഴിച്ചു നോക്കുകയാണ്. എന്താണതിലുള്ളത്? എന്തു കൊണ്ടാണ് കൂട് നിർമ്മിച്ചിരിക്കുന്നത്? പുൽത്തണ്ടുകൾ, നാരുകൾ, ഉണക്കിലകൾ, പഞ്ഞി, ചുള്ളിക്കമ്പുകൾ. പാഴായിരുന്ന ഒരു പദാർത്ഥവും അതിലില്ല. മരങ്ങളിലും മണ്ണിലും നിന്ന് തിരഞ്ഞു തിരഞ്ഞു കണ്ടെത്തിയ കാര്യങ്ങൾ. ശേഖരിച്ച വസ്തുക്കൾ. കൂട്ടിൽപ്പാർപ്പിന്റെ കാലം കഴിഞ്ഞാലവ കാറ്റിന്റെയും വെള്ളത്തിന്റെയും കരിമണ്ണിന്റെയും ചിതൽ പ്പുറ്റകളുടെയും മണ്ണിരകളുടെയും കാലത്തിൽ കലരും. നഗരങ്ങളിലോ നഗരപ്രാന്തങ്ങളിലോ കൂട്ടുകെട്ടുന്ന കിളികളെ കണ്ടിട്ടില്ലേ? നൈലോൺ നാരുകൾ, പോളിത്തീൻ ശീലകൾ, കമ്പി ചുരുളുകൾ. കിളിക്കാലം കഴിഞ്ഞാലുമവ ശിഖരങ്ങളിലും മേൽക്കൂരകളിലും തുടരുന്നു. സ്മാരകങ്ങൾ പോലെ. എന്നാലത് പക്ഷിപ്പാർപ്പുകളെ ഓർമ്മിപ്പിക്കുകയില്ല, ഒരിക്കലും. പകരം നമ്മുടെ അശാന്തവും ആസക്തവുമായ തിരച്ചിലുകളെ ഓർമ്മിപ്പിക്കും. അഴിഞ്ഞു പോവാത്ത, ദ്രവിച്ചു പോവാത്ത, കട്ടപിടിക്കുന്ന നമ്മുടെ ശരീരത്തെ ഓർമ്മിപ്പിക്കും. നമ്മിൽ നിന്നും എത്ര വിദൂരമാണ് നമ്മൾ എന്ന് ഓർമ്മിപ്പിക്കും.

•

കാതുകൾ

ചീവീടുകളുടെ സ്വരം എല്ലായിടത്തും പൊതിഞ്ഞിരുന്നു. കുളക്കരയിലെ മരങ്ങളെയും പുല്ലിനെയും മൂടിയിരുന്നു. വെള്ളത്തിൻറെ മേൽപ്പരപ്പിൽ പരന്നുകിടന്നിരുന്നു. മനുഷ്യർക്ക് കാതുകൾ ഉണ്ടായത് ചീവീടിന്റെ പാട്ടുകളിൽ നിന്നായിരിക്കുമോ ? നീന്തുമ്പോൾ ആ ശബ്ദം വെള്ളത്തിൽ കലർന്നത് കണ്ടു. ഉയരെ നീങ്ങുന്ന മേഘങ്ങളിലും കലർന്നതുകണ്ടു. മുങ്ങാംകുഴിയിട്ട് വെള്ളത്തിനടിത്തട്ടിലേക്ക് പോകുമ്പോൾ ഒച്ചകൾ പെട്ടെന്ന് മുറിഞ്ഞുപോയി. ശരീരത്തിൽ എങ്ങുമില്ല ചീവീടുകൾ. അവ പാർക്കുന്ന മരങ്ങൾ. ചില്ലുപോലുള്ള അവയുടെ ചിറകുകൾ. ഈ വെള്ളത്തിനുള്ളിൽ വെള്ളത്തിൻറെ മൗനം മാത്രമായിരുന്നു. ആദിമമായ അതിൻറെ സ്വരങ്ങൾ. ഉടലിൽ ശരിക്കുള്ള കാതുകൾ തെഴുത്തുവന്നതായി തോന്നുന്നു. വെള്ളം എല്ലാത്തിനെയും ഉൾക്കൊള്ളുന്നു. ഉള്ളിൽ എടുക്കുന്നു. അതിനുള്ളിൽ മനുഷ്യർക്ക് അലിഞ്ഞുപോവാതെ വയ്യ. കല്ലിനും മരക്കൊമ്പിനും മൃഗത്തിനും അലിഞ്ഞുപോവാതെ വയ്യ. അത് എല്ലാ വസ്തുക്കളെയും ദ്രവസ്വഭാവിയാക്കിത്തീർത്തു. ആഴങ്ങളുടെ ആഴങ്ങളിലേക്ക് വിളിക്കുന്നു. മൗനത്തിലേക്ക് കൂട്ടിക്കൊണ്ടുപോകുന്നു. ദ്രവകാലത്തിനു പുറത്ത് നനഞ്ഞ ശിഖരങ്ങളിൽ ചീവീടുകളുടെ ശബ്ദം നമ്മെ കാത്തുനിൽക്കുന്നുണ്ട്, അപ്പോഴും.

•

നദിയിൽ

ഇപ്പോൾ ഞാനീ വെയിലിൽ നിൽക്കുമ്പോൾ, ഈ പകൽത്തുടക്കത്തിൽ, ഈ കരയാകെ ഒരു പുഴയുടെ അടിത്തട്ടു പോലെ തോന്നാൻതുടങ്ങി. ഈ വീടും മുറ്റവും ചെടികളും മനുഷ്യരുമെല്ലാം ഒരു പ്രവാഹത്തിന്റെ അടിത്തട്ടിൽ പറ്റിപ്പിടിച്ചുവളരുകയാണ്. വെളിച്ചത്തിന്റെയും കാറ്റിന്റെയും ഒരു നദിയാണ് മുകളിൽ. എന്റെ കണ്ണുകൾക്കു മുമ്പിൽ കോടാനുകോടി സൂക്ഷ്മകണങ്ങളുടെ തിളക്കം. അനന്തമായി നൃത്തം തുടരുന്ന പൊടിപടലങ്ങൾ. വെളിച്ചമാണ് അവയെ ഉണർത്തുന്നത്. വെളിച്ചമാണവയ്ക്ക് പ്രാണൻ കൊടുക്കുന്നത്. വെളിച്ചമാണ് എല്ലാം കാണിച്ചുതരുന്നത്. വീടിനു മീതെ, ഈ പൊടിപടലങ്ങളുടെ തിളക്കത്തിനു മീതെ, കുഞ്ഞു പൂമ്പാറ്റകൾ, ചെറുതേനീച്ചകൾ. അതിനും മുകളിൽ കിളിപ്പറ്റങ്ങൾ, അവയുടെ വലയങ്ങൾ. അതിനു മീതെ മേഘപടലങ്ങൾ, അവയുടെ അറ്റമില്ലാത്ത ഒഴുക്ക്. അതിന്റെ അനുനിമിഷം മാറിമറിയുന്ന ആകാരങ്ങൾ, ആകാരരാഹിത്യങ്ങൾ. എല്ലാം ഈ നദിയിൽ. എല്ലാം ഈ അദൃശ്യജലത്തിൽ കലർന്ന്. ശലഭച്ചിറകുകളിലെ ചായം, കിളിപ്പറ്റങ്ങളുടെ വിയർപ്പ്, മേഘങ്ങളിലെ കടലുപ്പിൻ തരികൾ, കാണാ നക്ഷത്രങ്ങളുടെ തീയ്, നിഗൂഢ ഗ്രഹങ്ങളുടെ നിഴൽ, എല്ലാം ഈ ഒഴുക്കിൽ കലരുന്നു. എവിടെനിന്നോ ഉരുവം കൊള്ളുന്ന ഈ ഒഴുക്ക്. രാവിനും പകലിനുമിടയിലെ ഈ ചെറുമാത്രയിൽ ഞാനതു കാണുന്നു. പിന്നെ കാണാതാവുന്നു. എല്ലാ രഹസ്യങ്ങളെയും പോലെ. ഈ തൊടുന്നതിലെല്ലാം, ചെടിയിലകളിലും ഉടുപ്പു ശീലകളിലും മേൽക്കൂരയിലും മണ്ണിലും, ആ ഒഴുക്കിന്റെ നനവുണ്ട്. അതിൽക്കലർന്ന രഹസ്യങ്ങളുടെ തൻമാത്രകൾ കൂടി.

●

പാതകൾ

ഈ വെളുത്ത പൂവ്. അതിന്റെ പുലർകാലം. അതിന്റെ നേർത്ത ഗന്ധം. അഞ്ചിതളുകൾ. എതിർഘടികാര ദിശയിൽ അല്പം വളഞ്ഞ ഇതളുകൾ. നടുവിൽ ചെടിയുടെ ഉള്ളിലേക്കു പോവുന്ന ഒരു പാത. ഇളം പച്ച നിറമാർന്ന ചെറിയ ഞെട്ട്. കനമുള്ള തണ്ട്. ചില്ലകൾ. തായ്ത്തടിയുടെ അനന്തമായ ആകൃതികൾ. താഴെ മണ്ണിൽ, ഇരുട്ടിൽ, ഈർപ്പത്തിൽ ചെന്ന് മുട്ടുന്നു. ഈ പൂവിതൾ. അത്ര ദൂരം കടന്ന് ഈ ഉപരിതലത്തിൽ വന്നു നിൽക്കുന്നു, ഭൂമിക്കുള്ളിലെ പ്രാണൻ. എങ്ങനെയാണ് ഗന്ധത്തിന് ഇത്ര കാലം - ദൂരം സഞ്ചരിക്കാനാവുന്നത്? ഈ വെളുത്ത നിറത്തിന് ഇത്ര ദീർഘമായി യാത്ര ചെയ്യാനാവുന്നത്? എന്റെ വിരലുകൾക്കിടയിൽ ഞാനതിനെ മെല്ലെത്തിരിച്ചു. പൂവിതളിന്റെ ദിശയിൽത്തന്നെ. ഒരു നിശ്ശബ്ദമായ പരിക്രമണം പോലെ അതെന്നിൽ ഒരലയുണ്ടാക്കി. ഒരനക്കം. എനിക്ക് ചുറ്റിനും നീങ്ങുന്ന മേഘപടലങ്ങൾ. ചെറിയ ശിലകൾ. തീക്കട്ടകൾ. പൂവിന്റെ ഭ്രമണം. ഭൂമിയുടെ വൃത്തപാതകൾ. ചുറ്റിനുമലയുന്ന ചന്ദ്രൻ. സൂര്യനെ പലവിതാനങ്ങളിൽ ചുറ്റുന്ന ഗ്രഹങ്ങൾ. അവയെ പൊതിഞ്ഞു നിൽക്കുന്ന ഇരുൾ, തീയ്, മഴക്കാറ്, കാറ്റുകൾ, അനക്കമറ്റ മൗനങ്ങൾ. കൈവിരലുകൾക്കിടയിൽ അനങ്ങാതെ നിന്നു, ഈ പൂവ്. അപ്പോഴും സഞ്ചരിച്ചുകൊണ്ടിരിക്കുന്നു, ഈ പ്രപഞ്ചം. ഈ നിശ്ശബ്ദത. ഈ പറമ്പിനറ്റത്തെ ഏകാന്തതയിൽ ഈ ചെറുപൂവ് ഏതു നക്ഷത്രത്തെയാണ് ചുറ്റിക്കൊണ്ടിരിക്കുന്നത്. ജീവന്റെ ഏതു തീയിനെ? ഏതു തമോഗർത്തത്തെ? ഏതു ശൂന്യതയെ?

•

നൃത്തം

ഞാറയുടെ ചില്ലകളിൽ ചെറിയ പൂമൊട്ടുകൾ ഉണ്ട്. രാത്രി, ആ മരത്തെയും ഈ കരയെയും പൊതിഞ്ഞിരുന്നു. ഞാൻ അതിനു ചുവട്ടിൽ ചെന്നുനിന്നു. അരണ്ട ഏതോ പ്രകാശത്തിൽ ഇലകളുടെയും മെലിഞ്ഞ ചില്ലകളുടെയും ഉടൽ കണ്ടു. ഓരോ ഇലയിലും രാത്രിയുടെ ചുണ്ടുകൾ ഉണ്ട്. ഓരോ ഇലയിലും ആദിമമായ മൊഴിയുണ്ട്. ഓരോ ഇലയിലും ആരുടെയോ പ്രാർത്ഥന. അപ്പോൾ ഒരു ചെറിയ കാറ്റ് ഉണ്ടായി. അത്ര ഭാരം കുറഞ്ഞ ഒന്ന്. എന്നിട്ടും ആ മരമതു തൊട്ടുവെന്ന് തോന്നി. അവിടവിടെയായി ഓരോ ഇലകൾ പതുക്കെ കാറ്റിനുള്ളിലേക്ക് കയറി. മെല്ലെ നൃത്തംവച്ചു തുടങ്ങി.

ഒരു കുഞ്ഞു നൃത്തം. കാണികൾ ഇല്ലാതെ, ഉടൽ മാത്രമാണെന്ന വിധം, മരണത്തെ അകറ്റിനിർത്താനെന്നവിധം, രാത്രിയെ കുടുതലാഴത്തിൽ തൊടാനെന്നവിധം. ഓരോ ഇലയും നൃത്തത്തിൽ. ഒരേ താളത്തിൽ. ശ്വാസം പോലെ. സൗരയൂഥത്തിലെ ഏതോ ചെരിവിലൂടെ ഈ നീലക്കല്ല്, ഭൂമി, പതുക്കെ നീങ്ങുമ്പോൾ, ശ്വാസനിശ്വാസങ്ങൾ ഉയരുമ്പോൾ, ഈ മരത്തിനുകീഴിൽ എൻ്റെ ശ്വാസവും അതും തമ്മിൽ കലരുമ്പോൾ, രാത്രിയുടെ അടിത്തട്ടിൽ മറ്റൊരു രാത്രി മയങ്ങിക്കിടക്കുന്നതായി തോന്നി. മറ്റാരുടെയോ ശ്വാസത്താൽ ഞാനിളകി, ഓളമായി. ഉയർന്നുതാണു. ഇരുട്ട് എല്ലാം കാണിച്ചു തരുന്നു. മരം, അതിൻ്റെ നേർത്ത ശിഖരങ്ങൾ, അവയിലെ പുരാതനമായ മുറിവുകൾ, ഉണങ്ങിയ കലകൾ, ഉള്ളിൽ ഒഴുകുന്ന വെള്ളം, കുടിച്ചുവറ്റിച്ച വെളിച്ചത്തിന്നാണ്ടുകൾ, പിന്നെ കാറ്റടങ്ങി. കടന്നുപോയി. മരം നിശ്ചലമായി. ഇലകളെല്ലാം നൃത്തം ചെയ്തു തളർന്നു മയങ്ങി. പെട്ടന്ന് ഏതോ ശിഖരത്തിൽ നിന്ന് ഒരു ശലഭം —ഒരു നിശാശലഭം —ഉണർന്നു വന്നു. എനിക്കുള്ളിലൂടെ, ആയിരുട്ടത്തുടെ പറന്നുപോയി, കാണാതെയായി.

•

വിത്ത്

കൊയ്തൊഴിഞ്ഞ പാടത്തിന് നടുവിൽനിന്നാണ് ഈ ചെറുമണി, കാളന്തട്ടയുടെ കുരു, കിട്ടിയത്. പാടത്തിൻറെ കരയിൽ, ചെരിവിൽ, ഒരു മരം വളരുന്നത്, അതിൻറെ താഴത്ത് വേനലിൽ, കായ്കൾ പൊട്ടിച്ചിതറി വീഴുന്നത്, മേഘങ്ങൾക്കിടയിൽ ചന്ദ്രനെ തേടുന്നതുപോലെ നിലത്ത്, ഉണങ്ങിയ ഇലകൾക്കിടയിൽ കുരു തിരയുന്നത്, എല്ലാം പെട്ടെന്ന് എന്നിൽ വന്നു നിറഞ്ഞു. പക്ഷെ, വയലിന് നടുവിൽ ഇതെങ്ങിനെ?   ഏതോ കിളിച്ചുണ്ടിൽ നിന്നും വീണു പോയതാവാം, അല്ലേ? പലതരം കിളികൾ ഒറ്റയ്ക്കും കൂട്ടമായും എനിക്കു മീതെ പറന്നു നീങ്ങുന്നു. ചെറുകുരുവികൾ, നീളൻ കൊറ്റികൾ, പ്രാവുകൾ, പനന്തത്തകൾ. ഈ കരയിലെ ഒരു മരച്ചില്ലയറ്റത്തു നിന്ന് മറ്റൊരു കരയിലെ മറ്റൊരു ശിഖരത്തിലെ കൂട്ടിലേയ്ക്ക് യാത്ര ചെയ്യുന്ന ഒരു വിത്ത്. പറവയുടെ അന്നം, ആനന്ദം. ഇടയ്ക്കെങ്ങോ വെച്ച് ആ യാത്രയുടെ ദിക്കു തെറ്റിയിരിക്കുന്നു. ഏതേതെല്ലാം വഴികളിലൂടെയാണ് നമ്മുടെ ജീവിതം സഞ്ചരിക്കുന്നത്? ഒരു കിളിയുടെ ദിവസം പോലെ അനിശ്ചിതമായ എത്രയെത്ര പാതകൾ. എത്രയെത്ര ശിഖരങ്ങൾ. വൃക്ഷഛായകൾ. കായ്കൾ. കൂടുകൾ. കാറ്റുകൾ. കാടിൻ ചെരിവുകൾ. എന്റെ ഉള്ളങ്കൈയിലിരുന്ന് ആ ചെറുവിത്ത് വീട്ടിലേക്കു പോരുന്നു. ഈ പറമ്പിൽ മണ്ണു തൊടുന്നു. മണ്ണാകുവാനോ മരമാകുവാനോ എന്നാർക്ക് പറയാനാവും?

•

മരങ്ങളിൽ പാർക്കുന്ന കാറ്റുകൾ പോലെ വാക്കുകളെന്റെ കൈത്തണ്ടയിൽനിന്നു വിട്ടുപോകുന്നു; കിളികളതു നോക്കിനിന്നു; രാത്രികൾ ഈ വെള്ളക്കെട്ടിന്റെ മേൽപ്പരപ്പിൽ വന്ന് കരയുന്നു. അടിത്തട്ടിൽ മീനുകൾ ഉറങ്ങാതെ അടുത്ത ജന്മങ്ങളിലേയ്ക്ക് നീന്തുന്നു. മരിച്ചവരുടെയും പൊഴിഞ്ഞവയുടെയും മീതെ വാക്കുകൾ വീണുകിടന്നു. ആ കിളിയെ ഈ കിളിയിൽനിന്നു വേർതിരിക്കുന്നത് ഈ ചുണ്ടുകളുടെ വിടവാണ്. എന്റെ വിരലടയാളമാണ്. വാക്കുകളെ ഈ നെൻമണിയിൽനിന്നു വേർപെടുത്തുന്നതെന്താണ്?

•

ആകൃതി

ഉരു, ആകൃതിയാണ്. ശരീരമാണ്. പലവുരു, പലതരം ആകൃതിയാണ്. പല ജൻമങ്ങളാണ്. വെവ്വേറെ ആകാരങ്ങളാണ്. വെവ്വേറെ ശരീരങ്ങളാണ്. ഉരുവിടൽ മിണ്ടലാണ്. മൊഴിയാണ്. ഒരു വാക്ക്, വീണ്ടും വീണ്ടും ഉച്ചരിക്കുമ്പോൾ, പലവുരു മിണ്ടുമ്പോൾ വെവ്വേറെ വാക്കുകളുടെ ആകൃതിയാവുന്നു. വെവ്വേറെ അർത്ഥങ്ങളാവുന്നു. ഒരു വാക്കിന്റെ അനേക ജൻമങ്ങളാവുന്നു. വാക്കുകൾക്കിടയിലെ സ്ഥലം, അർത്ഥങ്ങൾ, ജൻമാന്തരസ്ഥലങ്ങൾ. ആന്തരാർത്ഥങ്ങൾ. ഉരുകൽ ഒരാകൃതിയിൽ നിന്ന് മറ്റൊന്നാവലാണ്. ആകൃതിയിൽ നിന്ന് പുറത്തു കടക്കലാണ്. സ്ഥിരതയിൽ നിന്ന്, ദാർഢ്യത്തിൽ നിന്ന്, തീർച്ചയിൽ നിന്ന് എല്ലാം സ്വതന്ത്രമാവലാണ്. അധികാരത്തിലും ദൈവത്തിലും നിന്ന് അകലലാണ്. ഉരുകൽ ഒരു ഉൽപ്പന്നമല്ല, ചലനമാണ്. ആയിക്കൊണ്ടിരിക്കലാണ്. നടപ്പാണ്. ചരത്വമാണ്. ഉരുക്കഴിക്കൽ പാഠങ്ങളെ അഴിച്ചെടുക്കലാണ്. വാക്കുകളുടെ പൊരുള് തേടലാണ്. മനുഷ്യർ വാക്കുകൾ പോലെയാണ്. ദൃഢമായവ. സ്ഥിരമായവ. ഉള്ള് ഉരുകുന്നത്, ഉടൽ ഉരുകുന്നത്, മറ്റൊരു സാധ്യത തുറന്നു തരും. സങ്കടം, മനമുരുക്കം മറ്റൊരു ജീവിതത്തിലേക്കുള്ള വാതിലാണ്. കരയുന്ന സമയം, ഉരുകുന്ന കാലം ജീവനുള്ള കാലമാണ്. ഒന്നിൽ നിന്ന് മറ്റൊന്നിലേക്കുള്ള പകർച്ചയാണ്. സന്ധ്യയാണ്. ഉരുകുമ്പോൾ ഇല്ലാതാവുന്നു, ഒരു ലോകം, ജീവിതം. ഉരുകിത്തണുത്ത് വീണ്ടുമുറയുന്നത് മറ്റൊരാകൃതി. മറ്റൊരായുസ്സ്. ഉരുകൽ കവിതയുടെ കരയാണ്.

•

പന്നൽച്ചെടി

നൂറായിരം കൊല്ലമായി ഇവിടെ ഈ ചതുപ്പിൻറെ വക്കിൽ, ചെറിയ വെള്ളക്കെട്ടിന് കരയിൽ അതു വളരുന്നു. കാറ്റും വെയിലും തിന്ന് കുഞ്ഞുങ്ങളെ പെറ്റു പോറ്റുന്നു. വയസ്സാവുന്നു. മരിച്ചുപോകുന്നു. പിന്നെയും തെഴുത്തു പൊട്ടുന്നു. അനാദിയായ ഒരു നൃത്തത്തിൻറെ ചെറു ചുവടുകൾ പോലെ. ഒരേ മണ്ണിൽ. ഒരേ നീലഗ്രഹത്തിന്റെ ഛായയിൽ. ഒരേ ചന്ദ്രതാരങ്ങൾക്കു കീഴിൽ. ഭൂമിയിലെ ആദ്യത്തെ ചെടികളുടെ വംശത്തിന്റെ മണമുള്ളത്. ഏകാന്തത എന്തെന്ന് അറിയുന്നത്. ഈ ചെറിയ കറുത്ത തണ്ടുകൾക്ക് ഇരുപുറവും പടർന്ന പച്ചിലകളിൽ എല്ലാ യാത്രകളുടെയും വഴിയടയാളങ്ങൾ. എല്ലാ സൂര്യന്റെയും മുഖങ്ങൾ. ഭൂമിയുടെ വിലാപങ്ങൾ. ആനന്ദമൂർച്ഛകൾ. പ്രാർത്ഥനകൾ. ഞാൻ നോക്കിനിൽക്കേ, അങ്ങേക്കാടിൻറെ പൊന്തകൾ വകഞ്ഞും നൃത്തം ഒരു പെൺകുട്ടി. നഗ്നം. ഇരുണ്ട തൊലി. കൈത്തണ്ട മേൽ ഈയിലകൾ പതിച്ച്, നേർത്ത ചിത്രം കൊത്തിയെടുത്ത് മടങ്ങിപ്പോവുന്നു. കാടിന്റെ ദേവത. ഞാൻ നോക്കിനിൽക്കെ, നൂറായിരം കൊല്ലം മുമ്പത്തെ ഞാൻ ആ കാടിറങ്ങി വരുന്നതു കണ്ടു. ആറേഴ് വയസ്സുള്ളവൾ. ഇതേ നിറം. ഇതേ കൈത്തണ്ടകൾ. ഇതേ ചിത്രമെഴുത്ത്. എന്റെ കൈത്തണ്ടയിൽ നോക്കൂ, തവിട്ടു നിറമായ തരികൾ. പരാഗങ്ങൾ. ഉറങ്ങുന്ന വിത്തുകൾ. മഞ്ഞുതരി പോലെ. ഓർമ കിട്ടാത്ത വാക്കിൻ നിഴൽ പോലെ. ഓരോ കാലവും ഈ പന്നലിലകൾ എന്നെ ഓർമിക്കുന്നുണ്ടായിരുന്നു. പിറവികൾക്കു മുമ്പുതന്നെ. എന്റെ മരണം കഴിഞ്ഞകാലത്തും അവയെന്നെ ഓർമിച്ചു. എന്റെ കാൽപാദങ്ങളും കൈത്തണ്ടകളും. എന്റെ വിരലറ്റങ്ങളും. ഗർഭത്തിനുള്ളിലെ കലങ്ങിയ വെള്ളത്തിന്റെ മേൽപ്പരപ്പിൽ ഞാനതു കണ്ടിട്ടുണ്ട്. കാറ്റത്തു പതുക്കെ ഇളകി മായുന്നത്. മുറിവുകളുമായി നിത്യവും ഞാനീക്കരയിൽ വന്നു നിന്നു. ഈ നനഞ്ഞ വരമ്പിൽ, ഈ പന്നൽച്ചെടികൾക്കിടയിൽ. അവയുടെ വിരലുകൾ മുറിവിൽ തൊട്ടു നോക്കി. മുറിവില്ലാതി. എനിക്കു കരച്ചിൽ വന്നു. കാറ്റുകളടങ്ങിയിട്ടും ഞാൻ മടങ്ങിപ്പോയില്ല. സന്ധ്യകൾ പന്നലുകളെപ്പൊതിഞ്ഞു. രാത്രികൾ പന്നലുകളെപ്പൊതിഞ്ഞു. നിലാവിൽ അവ മിണ്ടുന്നതുകേട്ടു. എന്റെ പഴയ കാതുകൾ ഓരോ വാക്കും ഓർമിച്ചു. ഇനിയും പിറന്നിട്ടില്ലാത്ത ഞാൻ അങ്ങേ ചെരിവിൽനിന്നും ഈ പന്നലുകളെത്തേടി ഇറങ്ങി വരുന്നതു കണ്ടു. നോക്കൂ, ഈയിലകളിൽ എല്ലാ കാലങ്ങളുടെയും മുറിവുകളുണ്ട്. എല്ലാ ദിക്കുകളുടെയും വെളിച്ചമുണ്ട്.

•

ഉള്ളിൽ ഒഴുകും നദി

വൃക്ഷം, അതിന്റെ ആകൃതി കൊണ്ടു തന്നെ ആശ്ചര്യമാവുന്നു. ഭൂമിയുടെ ദേഹത്തു പടർന്നു കിടക്കുന്നു അതിന്റെ വേരുകൾ. മണ്ണിനു താഴത്തെ വെള്ളവും ഉപ്പും പുളിപ്പും തിരഞ്ഞുകൊണ്ട്. ഒന്നിൽ നിന്ന് പൊട്ടിപ്പലതായിക്കൊണ്ട്.   വേറൊരു തുമ്പിൽനിന്നും തെഴുക്കുന്നു, ഇലകൾ. പച്ചനിറത്തിന്റെ കണ്ണുകൾ . വായുവിലേക്ക് തുറന്നു വെച്ചത്. ആകാശത്തുവിരിഞ്ഞത്. വൃക്ഷം, ഒരേ നേരം, പക്ഷികളെയും മേഘരൂപങ്ങളെയും പൊടിപടലങ്ങളെയും വെയിലിനെയും കാറ്റിനെയും വെളിച്ചത്തെയും നിഴലിനെയും പുഴുവിനെയും മണ്ണിരകളെയും അയിരുകളെയും അഴുകുമുടലുകളെയും തൊടുന്നു, രുചിക്കുന്നു. ഭൂമിയുടെയും വാനത്തിന്റേയും നടുക്ക് ജീവനോടെയിരിക്കുന്ന ഒരു ഞരമ്പ്. ശ്വാസം കൊണ്ടുള്ള പാലം. കാട്ടുചോലപോലൊരു നീരൊഴുക്ക് ഓരോ വൃക്ഷത്തിനുമുള്ളിൽ. താഴേ നിന്ന് മീതേക്ക്. തിരിച്ചും. എവിടെ തുടങ്ങുന്നു എന്ന് പറയാനാവാത്ത ഒരു അരുവി അതിനകത്തൂടെ നീന്തിനീങ്ങുന്നത് അന്നം, വെള്ളം, വെളിച്ചം, ഇരുൾ. ഒരില പൊട്ടിച്ച് ഉള്ളംകൈയ്യിൽ വെച്ച് നോക്കൂ, അദൃശ്യമായ ആ ചോലയുടെ നനവുള്ള ഒരറ്റം കാണാം.

•

വെള്ളം

തോടുകടന്നാൽ പിന്നെ വയലുപോലുള്ള ഒരു സമതലമാണ്. ആൾപ്പൊക്കത്തിൽ പുല്ലുവളർന്നുമൂടിയ ഒരിടം. അതിനപ്പുറം കുന്നിൻചെരിവ്. പുല്ല് വകഞ്ഞ് മുന്നോട്ടു നീങ്ങി. ഒരിടത്ത് മണ്ണിൽ ഒരു കുടം കണ്ടു. ചുവന്ന കളിമൺകുടം. അതിൽ നീലനിറം കലർന്ന വെള്ളം. പുറമെല്ലാം വെളുത്ത ചായം കൊണ്ടുള്ള ചിത്രമെഴുത്തുകൾ. ഏതോ ഭാഷയുടെ വിരലടയാളങ്ങൾ പോലെ. വെള്ളത്തിന്റെ മേൽപ്പരപ്പിൽ ഒരു ചെറുപ്രാണിയുടെ ഇളക്കം. തീരെ ചെറിയ അലകൾ. പൊടി.പൂവിതളുകൾ. കുഞ്ഞിലത്തരികൾ. കുനിഞ്ഞ് കുടം തൊട്ടുനോക്കി. തണുത്തു പോയി, എന്റെ വിരലുകൾ. എത്രയെത്രകാലമായി ഇത് ഇവിടെ ഇരിക്കുന്നു എന്ന് തോന്നി. അത്ര പഴക്കം തോന്നിക്കുന്നു, കുടത്തിന്റെ അടിവശത്തെ ഇരുണ്ട നനഞ്ഞ മണ്ണും അഴുകുന്ന പുൽത്തുമ്പുകളും. കുടവും വെള്ളവും പ്രാചീനമായ വിരല്പാടുകളും അവിടെ ഉപേക്ഷിച്ച പിന്നെയും നടന്നു. ഓരോ പത്തിരുപതു ചുവട് കഴിഞ്ഞപ്പോഴും വീണ്ടും ഓരോ കുടങ്ങൾ. ഓരോ കുടത്തിന്മേലും ചിത്രമെഴുത്തുകൾ. ഉള്ളിൽ വെള്ളം. വെള്ളത്തിൽ അഗാധമായ നിഴലുകൾ. വെള്ളത്തിൽ അനേക കാലങ്ങൾ. വെള്ളത്തിൽ ചെറുജീവികൾ. കുടത്തിനു പുറത്ത് ഇഴയുന്ന ഒരു നാഗം. കാത്തുനിൽക്കുന്ന മൃഗം. ആ പുൽമേട് അവസാനിക്കുന്നിടം, കയറ്റം തുടങ്ങുന്നിടത്ത് ഒരു ചെറിയ കള്ളിപ്പാലയുടെ മരം ഉണ്ടായിരുന്നു. അതിനു ചുവട്ടിൽ ചുവന്ന കുടത്തിലെ വെള്ളത്തിലേക്ക് കൺപാർത്ത് കുറേനേരമിരുന്നു. സായാഹ്നമായിരുന്നു. ചുവന്ന വെളിച്ചത്തിൽ മരങ്ങൾക്കിടയിലൂടെ മുകളിലേക്ക് കയറിക്കയറിപ്പോയി. ഇടയ്ക്ക് പാറക്കെട്ടുകൾക്കടുത്തോ മരങ്ങൾ പിണഞ്ഞു വളർന്ന സ്ഥലങ്ങളിലോ കുടങ്ങൾ ഉണ്ടായിരുന്നു. നടന്ന് കുന്നിൻറെ മുകളറ്റം എത്തുമ്പോഴേക്കും നല്ലവണ്ണം ഇരുട്ടു പടർന്നിരുന്നു. അവിടെ ഒരു വലിയ പേരാൽ മരം കാത്തുനിന്നു. മിനുസവും ഒരവുമുള്ള പതിനായിരമിലകൾ കാത്തുനിന്നു. അതിൻറെ പുരാതനമായ ശ്വാസനിശ്വാസങ്ങൾ കാത്തുനിന്നു. അതിൻറെ വലിയ വേരുകളിൽ ചാരി യിരുന്നപ്പോൾ കിഴക്കുദിക്കിൽ ചന്ദ്രൻ തെളിഞ്ഞു പൊന്തുന്നത് കണ്ടു. ചന്ദ്രൻറെ കലങ്ങിയ വെളിച്ചം കണ്ടു. ഒരു വലിയ കുടത്തിനുള്ളിൽ നിറഞ്ഞു നിൽക്കുന്ന വെള്ളത്തിൽ വീണുകിടക്കുംപോലെ ചെറിയ ഓളങ്ങൾ ക്കിടയിൽ ചന്ദ്രബിംബം. അതിനെ വന്നുമൂടുന്നു, ഇരുൾമേഘപടലങ്ങൾ.

•

പരസ്പരം കലരുന്ന താരകൾ

ഒരു ചെറിയ അല്ലെങ്കിൽ വലിയ വൃക്ഷത്തിനു ചുറ്റും പല അളവിലുള്ള ഭ്രമണപഥങ്ങൾ വരയ്ക്കുന്നു. ഓരോന്നിലും ഓരോ ഗ്രഹങ്ങൾ, ജീവികൾ സഞ്ചരിക്കുന്നു. ചെറിയ മരത്തിന് അല്ലെങ്കിൽ ചെടിക്കു ചുറ്റും നടവഴി, ചവിട്ടുവഴി, പല പാതകൾ. ഒന്നിൽനിന്ന് മറ്റൊരു തലത്തിലേക്ക് കണ്ണി ചേരുന്ന വിധം. അല്ലെങ്കിൽ ഒരു പാറക്കല്ലിനെ ചുറ്റിക്കൊണ്ട്. കിളിക്കൂട് ഉള്ള ഒരു മരം, ഒരു നീർച്ചോല, പഴങ്ങൾ ഉള്ള ഒരു ചെടി ഇവയെ തമ്മിൽ തമ്മിൽ കോർത്തു കൊണ്ട് ഒരു കിളിപ്പാത വരയ്ക്കുന്നു. മൃഗങ്ങളുടെ താര പോലെ, ശലഭങ്ങളുടെയോ പ്രാണികളുടെയോ ഇഴജീവികളുടെയോ വഴികൾ പോലെ, മനുഷ്യരുടെ വഴികൾ പോലെ താരകൾ, ഭ്രമണപഥങ്ങൾ. രണ്ടിനും ഒരേ സങ്കല്പമാണ്. ഓരോന്നിനും അതിൻറെതായ വഴി. ഗ്രഹങ്ങൾക്കും ചെടികൾക്കും അതിൻറെതായ പാതകൾ. ഒരു വയലിലോ നിരന്ന പറമ്പിലോ നിർമ്മിക്കുന്ന വിധം വഴിത്താരകളുടെ ഒരു ഭൂപടം. പരസ്പരം മുറിയുന്ന, കണ്ടുമുട്ടുന്ന വിധമാണ് എല്ലാ വഴിത്താരകളും. ശലഭങ്ങൾ നീങ്ങുന്നതിന് സമാന്തരമായ വിതാനത്തിൽ മറ്റൊരു പാതയിൽ പന്നികൾ, കീരി, പാമ്പ്. ഈ വിതാനങ്ങൾ മിക്കപ്പോഴും തമ്മിൽ മുറിച്ചു കടക്കുന്നു. പാമ്പ് മരത്തിൽ ലംബമാനമായി. ശലഭം തെന്നിത്തെന്നി ത്രികോണാകൃതിയിൽ. മീനുകൾ വളഞ്ഞുപുളഞ്ഞ സർപ്പിളാകാരത്തിൽ. അങ്ങനെയങ്ങനെ. നക്ഷത്രരാശികൾ -കോൺസ്റ്റലേഷൻ- ശരിക്കും അതിനു സമാനമായ ഭാവനയാണ്. താരകങ്ങൾ കൊണ്ട് രൂപങ്ങൾ വരച്ചു ചേർക്കുന്നത് രാത്രിയെ ഒരു പരന്ന പ്രതലമായി, ചിത്രസ്ഥലമായി സങ്കൽപ്പിച്ചുകൊണ്ടാണ്. ആകാശത്തിന്റെ ത്രിമാനതയെ   അത് വിസ്മരിക്കുന്നു. ഭൂമിയിലെ പാതകൾ ദ്വിമാനത്തിൽ അല്ല വർത്തിക്കുന്നത്. ആറു ദിക്കിലും സഞ്ചരിക്കുന്നു. വൃത്തവും ത്രികോണവും നേർരേഖയും തമ്മിൽ പിടയുന്നു മുറിയുന്നു. പരമ്പരാഗതമായ കൃഷി- പുരയിടങ്ങൾ, പറമ്പുകൾ അടുക്കളപ്പിൻമുറ്റങ്ങൾ എല്ലാം ഈ ദ്വിമാനതയെ കടന്നുപോകുന്നു. ചീര, മുരിങ്ങ, പ്ലാവ്, കോഴിക്കൂട്, ചേരട്ട, കാക്ക, മഴക്കാറ് പറമ്പിൽ ഉണങ്ങുന്ന നെല്ല്, മുളക്, കീറിയിട്ട വിറക്, ഓരോന്നും ഓരോ വിതാനങ്ങളിൽ. എന്നാൽ ഏകവിളത്തോട്ടങ്ങൾ ഇതിനെതിരാണ്. ആധുനികതയുടെ, യൂറോപ്യൻ മനുഷ്യകേന്ദ്രിത ഭാവനയുടെ ഭൂചിത്രമാണത്.

•

പുല്ലിനെ മൂടുന്ന വെള്ളം

അടുത്ത ഗ്രാമങ്ങളിൽ മഴ പെയ്യുമ്പോഴും ഈ വീടിന് തണുക്കുന്നു. അടുത്ത ഗ്രാമങ്ങളിൽ കാറ്റ് ചുഴറ്റുമ്പോഴും ഈ മരങ്ങളിൽ ഇലകൾ തുള്ളുന്നു. കുന്നിന്റെ നിറുകയിൽ ചെന്ന് നിൽക്കുമ്പോൾ, മരങ്ങൾക്കിടയിലൂടെ വിദൂരമായ നീലമലകൾ നോക്കിനിൽക്കുമ്പോൾ, എന്താണ് തോന്നുന്നത് ? ഉടലിൽ എന്താണ് അറിയുന്നത്? പുല്ലും മുൾച്ചെടികളും വളർന്നു കിടന്ന പാടങ്ങൾക്ക് നടുവിലൂടെ ഒരു മഴക്കാലത്ത് നടന്നുപോയി. പെരുമഴ പുല്ലിനെ മൂടും വിധം ഉയർന്നു. വെള്ളത്തിനുമേൽ വെള്ളം നൃത്തം ചെയ്യുന്നത് ഞാൻ ഏറെനേരം കണ്ടു നിന്നിരിക്കണം. ഉടലിൽ ഏതോ വിഷാദത്തിന്റെ ഇറുക്കം. വീടിൻറെ ഉമ്മറപ്പടിയിൽ ഇരുന്ന് എത്രകാലമാണ് മുറ്റത്തെ മഴവെള്ളത്തിലേക്ക് നോക്കി അലിഞ്ഞു നിന്നത്. ഇന്ന് ബസ്സിൽ വൈകുന്നേരത്ത് മടങ്ങുമ്പോൾ ഇടയ്ക്കെവിടെയോ മഴയുണ്ടായി. ഞാൻ മുപ്പതുകൊല്ലം മുമ്പത്തെ ഒരു വയൽക്കരയിലേക്ക് വീണുപോയി. ഉടലാകെ വേദന നിറഞ്ഞു. വെള്ളം. പുല്ലിനെ മൂടിപ്പരക്കുന്ന വെള്ളം. എവിടെ നിന്നാണ് സങ്കടങ്ങൾ ഉരുവം കൊള്ളുന്നത്? എവിടേക്കാണ് ഒഴുകിപ്പോകുന്നത്? എന്തുകൊണ്ടാണ് ആ വെള്ളത്തിന്, വയലിന്, പ്രായമാവാതിരിക്കുന്നത്? കുട്ടിക്കാലത്തെ എന്നെ എനിക്ക് ഒട്ടും ഓർമ്മ കിട്ടുന്നില്ല. വെള്ളത്തിൻറെ ഓർമ്മ മാത്രം ബാക്കിനിന്നു. ഇത്ര കാലം കഴിഞ്ഞു വെള്ളത്തിന് എന്നെ തൊടാൻ കഴിയുന്നു. എന്നെ ഓർത്തെടുക്കാൻ കഴിയുന്നു. എന്താശ്ചര്യമാണത്. ഓർമ്മിക്കാനുള്ള ഇന്ദ്രിയം നാം എവിടെയാണ് സൂക്ഷിച്ചു വെച്ചിട്ടുള്ളത്? എവിടെയാണ് എനിക്ക് വേദനിക്കുന്നത്? എവിടെയാണ് എന്നിൽ സങ്കടങ്ങൾ കൂടു വയ്ക്കുന്നത്? ഇരുണ്ട്, വേഗത്തിൽ നീങ്ങുന്ന കാർമേഘങ്ങളെ നോക്കിനിൽക്കുമ്പോൾ ഉള്ളിൽ നിറയുന്നതെന്താണ് ? ഇത്ര കാലം ജീവിച്ചു പോന്ന ഈ കരയിൽ, ഈ ഗ്രാമത്തിൻറെ ചെരിവിൽ, മനുഷ്യരുടെ ഉടലിൽ, കലരുന്നത് എന്തെല്ലാമാണ്? സ്ഥലമാണോ നമ്മെക്കുഴച്ചുണ്ടാക്കുന്നത്? സ്ഥലമാണോ ജനന-മരണങ്ങൾക്കിടയിൽ നിന്ന് നമ്മെ കണ്ടെടുക്കുന്നത്? സ്ഥലമാണോ നമ്മുടെ അവശേഷിക്കുന്ന ഒരേയൊരു ഭാഷ?

•

സ്വപ്നമിപ്പോൾ

മുളങ്കാടിനടുത്ത് എന്തോ തിരയുകയായിരുന്നു, കുട്ടിയായിരിക്കെ ഞാൻ. പെട്ടെന്ന് എല്ലാം അദൃശ്യമായി.

നിശ്ശബ്ദമായി. ഞാൻ കണ്ടുവന്നിരുന്ന സ്വപ്നമിപ്പോൾ നിന്റെ ഉറക്കത്തിനടിത്തട്ടിലെവിടെയോ ആണ്. ഉണരാതിരുന്നിട്ടും എന്തുകൊണ്ടാണ് നമ്മൾ ഇങ്ങനെ തമ്മിൽ കലരുന്നത്?

•

ഇതളുകൾ

സന്ധ്യകൾ എനിക്ക് ഗാഢമായ ഗന്ധങ്ങളും നിറങ്ങളും തന്നു. കള്ളിപ്പാലയുടെ പൂക്കൾ. സൂര്യന്റെ വിരലുകൾ. പറവകൾ മടങ്ങിപ്പോവുന്നു. മാളങ്ങളിൽ ശ്വാസച്ചൂടു നിറയുന്നു. സന്ധ്യകളാണ് എനിക്ക് രാത്രിയിലേക്കു പോകുവാൻ ഒരല്പം ഇരുട്ടു തന്നത്. രാത്രി, മരച്ചുവട്ടിൽ വൃത്താകൃതിയായി വീണു കിടക്കുന്ന അനേകം ചന്ദ്രബിംബങ്ങൾ കണ്ടു. മരച്ചുവട്ടിൽ ഏതോ മൃഗം വന്നു പോയതിന്റെ കാൽപ്പാടുകൾ കണ്ടു. എത്ര നൂറ്റാണ്ടുകൾ മുമ്പായിരുന്നു, അത്? ചുമരുകൾക്കപ്പുറം വന്യമായ മുരൾച്ചകൾ കേൾക്കുന്നു. വിലാപവും പ്രാർത്ഥനകളും. രാത്രിയുടെ നെറുകയിലൂടെ ഒരു വാൾത്തലപ്പ് കടന്നു പോയി. ചോര പൊടിഞ്ഞു. ഒഴുകാൻ തുടങ്ങി. ആരോ ഗുരുതി തളിച്ചു. ചോരയൊഴുക്കു ശമിച്ചു. ചിലമ്പഴിച്ചു. മുറിവടങ്ങി. പാതിരയായി. ഒരു പക്ഷി ഉണർന്ന് കരഞ്ഞു. മരച്ചില്ലകളിൽ വന്നിരുന്നു. ചില്ലകളുലഞ്ഞു. പിന്നെ നിശ്ശബ്ദമായി. ഓരോ പാർപ്പിടത്തിലും ഓരോ ജനാലകൾ പ്രകാശത്തോടെ നിന്നു. മുറിക്കുള്ളിലൊക്കെയും ഒരു മനുഷ്യൻ മുറിവിന്നു ചുറ്റിലും ഊതിക്കൊണ്ടിരുന്നു. ചോരയൊപ്പിക്കൊണ്ടിരുന്നു.കരച്ചിലടക്കാൻ ശ്രമിച്ചുകൊണ്ടിരുന്നു. രാത്രിയുടെ മറുപാതിയിൽ, ഈ ചെരിവിൽ ഇരുണ്ട നിറമുള്ള മണ്ണിൽ പൂവിതളുകൾ കാത്തു നിന്നു. അഞ്ചിതളുകൾ. ഇതളുകളിൽ മഞ്ഞ്.

•

വൃക്ഷം

പുറപ്പെട്ടു പോയി. പാർക്കുന്നിടത്തുനിന്ന് ഒട്ടുമകലേയ്ക്കല്ല. ആ പാടത്തിനപ്പുറം. കുന്നിഞ്ചെരിവിലേക്കുള്ള വഴി തുടങ്ങുന്നിടം. അവിടെ വളരുന്നു, ഒരു മരം. എത്രകാലമായി അതവിടെ ഏകാന്തമായി കഴിയുന്നു. അഗാധമായ അതിന്റെ ഇലച്ചാർത്തുകൾ. ഗാഢമായ അതിന്റെ ശിഖരങ്ങളിലെ ഇരുട്ട്. അവിടേയ്ക്കുള്ള പാത, ഒരു വെറും ചവിട്ടുവഴി. പുല്ലും മുള്ളും തിങ്ങിവളർന്നത്. ഒരു ചെറിയ വരമ്പ്. ആ നടപ്പ് ഒരു അനുഷ്ഠാനമായിരുന്നുവോ? പതിനായിരം കൊല്ലമായി ഞാൻ അവിടേയ്ക്കു നടക്കുന്നു. എന്റെ പൂർവ്വികർ, പിറക്കാനിരിക്കുന്ന കുഞ്ഞ്, എല്ലാവരും ആ മരച്ചുവട്ടിലേയ്ക്ക് പുറപ്പെട്ടു പോവുന്നു. പ്രാർത്ഥന പോലെ. നഗ്നമായ ചുവടുകളോടെ. സന്ധ്യകളോ പുലർകാലങ്ങളോ. മഴയിലോ കത്തുന്ന വെയിലിലോ. ആ മരച്ചുവട്ടിലെത്തുന്നവർ തീർത്ഥാടകരായിരുന്നു. അനാഥർ. നാടോടികൾ. അവരുടെ വിരലുകൾ ആ മരത്തിനുടലിലൂടെ നീങ്ങി. മരത്തെ വലം വെച്ച് അവർ താഴെയിരുന്നു. തണലിൽ. അവരുടെ ദേഹത്തേയ്ക്ക് പച്ചയിറ്റുന്നു. ശിഖരങ്ങളിൽ പാർക്കുന്ന പ്രാണികളുടെയും പറവകളുടെയും വിലാപങ്ങളിറ്റുന്നു. ധാന്യമണികൾ വീഴുന്നു. പൊടിത്തുവലിഴകളോ ചെറുനാരുകളോ പാറി വീഴുന്നു. ഞാൻ എത്ര എകാകിയായിരിക്കുന്നു. എന്റെയടിത്തട്ടിൽ ചിലപ്പോഴൊരു വാക്കിന്റെ മുള. എന്റെയുള്ളിൽ ചിലപ്പോൾ വാക്കുകളടങ്ങിയ നിശ്ചലപ്പരപ്പ്. മീതേയ്ക്കു കൺ പാർത്തുകൊണ്ട് ഞാനെത്ര കാലം അവിടെയിരുന്നിട്ടുണ്ടാവും? സൂര്യനേയും ചന്ദ്രനേയും സ്പർശിച്ച്? ശിഖരങ്ങളിൽ പൂക്കളുടെയും ശലഭങ്ങളുടേയും കാലം വന്നു പോയി. തീയിന്റെ കാലം വന്നു പോയി. മരണവും പിറവിയും ആയുഷ്കാലങ്ങൾക്കിടക്കുള്ള അനന്തമായ വിടവുകളുമുണ്ടായി. ഓരോ കാലത്തും ഞാനാ തണലിൽ ചെന്നു നിന്നു. ഒരനുഷ്ഠാനം പോലെ. അതേ കരയിൽ, അതേ ചവിട്ടുപാതയുടെ അറ്റത്ത്, എത്ര കാലമായി ആ മരത്തിന്റെ കാത്തുനിൽപ്പ്?

•

ഈറൻപ്പം

കാറ്റിലെല്ലാം ഉലയുകയാണ്. ചില്ലകളുമിലകളും പരസ്പരം കൂട്ടിയിടിച്ച് വേർപെടുന്നു. ഞാറമരം ഒന്നാകെ ആ ചുഴിയിൽ. കാറ്റിനുള്ളിൽ. പൊടുന്നനേ മഴ പെയ്യാൻ തുടങ്ങി. ഭൂമിയാകെയും കുതിരുന്ന ഭാരമുള്ള മഴ. മരത്തിൽ തങ്ങിയിരുന്ന ശലഭങ്ങൾ ഓരോന്നും ഓരോ വഴിക്ക് പറന്നു മറഞ്ഞു. ഒരുവൾ മാത്രം ഈ താഴ്ന്ന ചില്ലയിൽ. അത് ഒരിലയുടെ കീഴ്ഭാഗത്ത് തൂങ്ങിനിന്നു. അതിന്റെ ഉടലിൽ മഴവെള്ളം. ചിറകിൽ നനഞ്ഞിരുണ്ട കരിമ്പുള്ളികൾ. ഇലയുടെ ഞരമ്പിൽ കാലുകളിറുക്കി, കാറ്റും മഴയുമവസാനിക്കും വരെ അത് അവിടെ തുടർന്നു.   എത്ര ദുർബ്ബലമാണതിന്റെ ശരീരം. എത്ര നേർത്ത ചിറകുകൾ. കാൽപാദങ്ങൾ. എന്നിട്ടും കാറ്റിനുള്ളിൽപ്പെടാതെ ഒരു ചെറിയ നിഴലത്ത് മുറുക്കെപ്പിടിച്ചു നിന്നു. ഇപ്പോൾ ഈ കാറ്റ്, ഈ മഴ എല്ലാം കടന്നു പോയിരിക്കുന്നു. ശലഭം പതുക്കെ ഒന്നനങ്ങി. ഇലയുടെ മീതേയ്ക്ക് നീങ്ങി. ചിറക് ഒന്നു രണ്ടു പ്രാവശ്യം കുടഞ്ഞു. പിന്നെയുമനങ്ങാതിരുന്നു. ഭൂമി ഒരൽപ്പം കൂടെ തണുത്തിരിക്കുന്നു. രാത്രിക്ക് അൽപ്പം കൂടെ ആഴം വന്നിരിക്കുന്നു. എന്റെ കണ്ണിലും വിരലുകളിലും ഇലകളിലെ ഈറൻപ്പം പതിഞ്ഞിരിക്കുന്നു.

•

കണ്ണാടികൾ

വസ്തുക്കളിലെല്ലാം ഒരു നിഴൽ വീണിരിക്കുന്നു. പൊടിയോ മഞ്ഞോ നീരാവിയോ. വാക്കോ ഓർമ്മയുടെ കൊഴുത്ത കറയോ. നിഴലുകൾ അദൃശ്യമായിരുന്നു. അരൂപികളായിരുന്നു. വെളിച്ചത്തിനു വേണ്ടിയുള്ള ദാഹം ഉള്ളിലുണ്ടായിരുന്നു. നമ്മുടെ കണ്ണുകളിൽ ആ ദാഹം എപ്പോഴും തങ്ങിനിന്നു. ഇത്തിരി വെള്ളം കൊണ്ട് ഓരോന്നിനേയും കഴുകി. വൃത്തിയാക്കാൻ ശ്രമിച്ചു. തൊടാൻ ശ്രമിച്ചു. കണ്ണാടിയിൽ വെളിച്ചം തട്ടി മടങ്ങുന്നതു കാണാമിപ്പോൾ. നിശ്ശബ്ദമായ പ്രാർത്ഥന പോലെ നിഴലുകൾ. ഉള്ളിലെ അനാദിയായ ഇരുട്ട്. ഇരുട്ടിന്റെ ഉടലിൽക്കലർന്ന് വേർപെടാവെളിച്ചം. നമുക്ക് കണ്ണുകളുണ്ടായിരുന്നുവോ? ഓർക്കുന്നില്ല. കണ്ണാടി നമ്മുടെ ഉള്ളിലായിരുന്നോ? ചില്ലിന്റെ ഇരുപുറവും ഉരുകി ഒന്നായിത്തീരുകയായിരുന്നോ?

•

മണ്ണ്

പുരാതനമായ ഒരു കരയിലെ മണ്ണു പോലെയാണ് ശരീരമെന്ന് എപ്പോഴും തോന്നി. എത്രയോ കാലമായി ഇലകൾ വീണഴുകിയും പ്രാണികൾ ചത്തലിഞ്ഞും ഇഴുകിക്കറുത്ത, തണുത്ത,മണ്ണ്. മണ്ണിരകൾ നിരന്തരമുഴുതുമറിക്കുന്ന, കാറ്റും വെള്ളവും നിറഞ്ഞ മണ്ണ്. ഓരോ തവണയും എന്റെയുടലിൽ ഞാൻ ആ കരയാണ് കാണുന്നത്. എന്റെ ദേഹത്ത് കാറ്റുകൾ. എന്റെ ദേഹത്ത് വർഷകാലങ്ങൾ. പുഴുക്കൾ, പാറ്റകൾ. പരാഗങ്ങളും ചുള്ളിക്കമ്പുകളും. തോടുകളും നാരുകളും. എന്റെറെ ദേഹത്ത് മാളങ്ങൾ, കിളിപ്പൊത്തുകൾ. എന്റെ ദേഹത്ത് ചരാചരങ്ങൾ അഴുകുന്നു. അലയുന്നു. പ്രാണനും മരണവും കാമവും ഭയവും തെഴുക്കുന്നു, പൊഴിയുന്നു. മഴക്കാലമെല്ലാം പതുക്കെ ഉടലിലേക്കൂർന്നിറങ്ങുന്നു. എനിക്കുള്ളും കവിയുന്നു. രാത്രികളുടെ മുറിവെല്ലാം, കട്ടപിടിച്ച ഗ്രഹണനേരങ്ങളെല്ലാം, ചോര ചവർക്കുന്ന പാതകളെല്ലാം ഉടലിലേക്കൂർന്നിറങ്ങുന്നു. എന്താണിങ്ങനെ മൃദുവായി, ഉടൽ? എന്താണ് തുറന്ന വാതിലുകളെന്നിൽ? തീയും കാറ്റുമൊരേവിധം,ഉടലിൽ ? മുറിവുമാനന്ദവും ഒരേവിധമുള്ളിൽ? കാണുന്ന കല്ലിലെല്ലാം ഞാനെന്റെ ഉടലു കാണുമ്പോൾ, തൊടുന്ന ശിഖരങ്ങളിലെല്ലാം കൈവിരലുകൾ തൊടുമ്പോൾ, പൊഴിയുന്ന ചിറകിലെല്ലാം എന്റെ ചിറകു കേൾക്കുമ്പോൾ മുറിവുകൾ ഉണർന്നു പോവുന്നു. ചോര വാർക്കാൻ തുടങ്ങുന്നു. എവിടെയോ മറന്നുപോയ എന്നെ തിരിച്ചു കിട്ടുന്നു. കരച്ചിൽ പൊട്ടുന്നു. സൂര്യനും ഈ കണ്ണുകൾക്കുമിടയിൽ അനന്തമായി നൃത്തം വെയ്ക്കുന്ന ജലകണികകളിൽ, പൊടിപടലങ്ങളിൽ, കാണാപ്രാണിപ്പറത്തങ്ങളിൽ ഞാനും. എപ്പോഴാണ് ഈ നൃത്തം തുടങ്ങിയത്? എപ്പാഴാണ് നൃത്തമവസാനിക്കുന്നത് ? എപ്പോഴാണ് വെളിച്ചത്തിൽ എല്ലാം അലിഞ്ഞു മായുന്നത്?

•

നനഞ്ഞ ദൈവം

എന്റെ ദൈവം നഗ്നൻ. എന്നാൽ അരൂപി. മേഘങ്ങൾ മാതിരി ആകാരങ്ങൾ അനുനിമിഷം മാറുന്നവൾ. പലതായി വേർപിരിയുന്നത്. കൂടിക്കലരുന്നത്. എന്റെ ദൈവം പെരുങ്കാറ്റിൽ ഉലഞ്ഞു പൊട്ടുന്ന മരങ്ങൾക്കു താഴത്ത് അനാഥമായി നിന്നു. കാറ്റിലൂടെ വന്നു വീഴുന്നതെല്ലാം കണ്ടുനിന്നു. പൊടിയിൽ നിന്നും പൂമ്പൊടിയിൽ നിന്നും ഇലകളിൽ നിന്നും ഇുവലുകളിൽ നിന്നും സ്വയം വേർതിരിക്കാൻ കഴിയാതെ നിന്നു. എന്റെ ദൈവം പെരുമഴയിൽ കുതിർന്ന മരത്തോട് ചേർന്നു നിന്നു. ശിഖരങ്ങളിലൂടെ കുത്തിയൊഴുകുന്ന വെള്ളത്തിൽ അലിഞ്ഞുകൊണ്ടിരുന്നു. വെള്ളത്തിന്റെ തണുവിലും വെളിച്ചത്തിലും നിന്ന് സ്വയം വേർപെടുത്താൻ കഴിയാതെ നിന്നു. എന്റെ ദൈവം വാക്കില്ലാത്ത ഒരു കരയിലൂടെ നടന്നിടത്തുടെത്തന്നെ നടക്കാകാനിറങ്ങുന്ന ഒരുത്തി. ഭൂമിയെ തെറ്റാതെ ചുറ്റിയലയുന്ന ചന്ദ്രനെപ്പോലെ ആവർത്തിക്കു ന്ന വലയനൃത്തം. എന്റെ ദൈവം ആ ചെരിവിൽ വീഴാറായ മരത്തിന്റെ ഉടലിലെ ഏകാന്തമായ പൊത്ത്. അതിനുള്ളിൽ പാർക്കുന്ന മൗനം.

എന്റെ ദൈവം കാൽ ഞരമ്പിനു മീതെ അരിച്ചു പോവുമുറുമ്പ്. അതെന്റെ ചോരയൊഴുക്കിന്റെ മിടിപ്പുകൾ കേൾക്കുന്നുണ്ടാവുമോ?

•

നിറങ്ങൾ

മരണം കഴിഞ്ഞ് ശലഭച്ചിറകുകളിലെ ചായങ്ങൾ എവിടേയ്ക്കു പോവുന്നു? പൊഴിഞ്ഞ ഇലകളുടെയും കാട്ടുപഴങ്ങളുടെയും നിറം എങ്ങാണു മറയുന്നത്? അലയുന്ന മേഘങ്ങളുടെയും മടങ്ങിപ്പോവുന്ന ദേശാടകരായ കിളികളുടെയും ഉടലിലെച്ചായം എവിടെപ്പോവുന്നു? മണ്ണിലിറ്റിയ ചോരയുടെ നിറം ആഴത്തിൽ, മങ്ങാതെ, വറ്റാതെ നിൽക്കുമോ? രാത്രികൾ വരാതിരുന്നാൽ ഈ പാലപ്പൂക്കളുടെ നിറം ഇരുളിൽ കലരുമോ ? മുറിവുകളുടെയും ഓർമ്മകളുടെയും നിറങ്ങൾ എപ്പോഴാണ് മാഞ്ഞു പോയത്? ഉച്ചരിക്കാതിരുന്ന തുരുമ്പിച്ച വാക്കിന്റെ നിറം ഒഴിഞ്ഞു പോവുമോ? എല്ലാ നിറങ്ങളും വാർന്ന്, കനം കുറഞ്ഞ്, മരവിച്ച്, ഈയടിത്തട്ടിൽക്കിടക്കുമ്പോൾ ഭൂമിയുടെ നിറമെന്തായിരുന്നു ?

•

ഒഴുകുന്ന വെള്ളത്തിന് ഞാനെന്റെ കാതുകൾ നൽകി

ഒരു നൂറു കൊല്ലം കഴിഞ്ഞൊരു നാൾ എനിക്കിവിടെ വന്നു നിൽക്കാൻ കഴിയില്ല. ഇപ്പോൾ ഈ കൈത്തോടിന്റെ വക്കത്ത് അതിനാൽ ഞാനുണ്ട്. ഒഴുകുന്ന വെള്ളത്തിന് ഞാനെന്റെ കാതുകൾ നൽകി. എത്ര കാലമായി ഈ വെള്ളം ഒഴുകിക്കൊണ്ടിരിക്കുന്നു. ഏതെല്ലാം ദിക്കുകളിലൂടെ സഞ്ചരിക്കുന്നു. കുറേയേറെ പിന്നിലേയ്ക്കു നടന്നുചെല്ലുമ്പോൾ ഞാനെന്നെ കണ്ടുമുട്ടി. ഈ തോടിൻ കരയിൽ ഇതേ കാതുകളുമായി നിൽക്കുന്നു. വെള്ളത്തെ കേൾക്കുന്നു. പല മരണങ്ങൾക്കു ശേഷവും വെവ്വേറെ ജന്മങ്ങളിലായിരുന്നിട്ടും എനിക്കീ ശബ്ദത്തെ തിരിച്ചറിയാൻ കഴിഞ്ഞു. വെള്ളം, വാക്കുകൾ പോലെ, എല്ലായ്പ്പോഴും രൂപം മാറിക്കൊണ്ടിരുന്നു. ഒന്നിൽ നിന്ന് മറ്റൊന്നിലേയ്ക്ക് കലർന്നു കൊണ്ടിരുന്നു. എന്നിട്ടുമതിന്റെ സ്വരം, അർത്ഥങ്ങൾ, ഒരേവിധമായി. അതിശയകരമാണത്. സഹസ്രാബ്ദങ്ങൾ പ്രായമുള്ള ഓളങ്ങൾ, അലകൾ, അടിത്തട്ടുകൾ. ഒരു നൂറു കൊല്ലം കഴിഞ്ഞ് ഇതേ ദിക്കിൽ ഇതേ ഒഴുക്കിന് കാതോർത്തു നിൽക്കാൻ എനിക്കാവുമോ? ഈ വെള്ളത്തിന്റെ സ്വരം എന്റെ കാതുകളെ തിരിച്ചറിയുമോ? ഓർമ്മിക്കുമോ?

•

ആൽമരം

ആൽമരം. അതിൻറെ താഴത്തൂടെ നടന്നു പോകുമ്പോളെല്ലാം ഞാൻ ഓർമിച്ചു, ഒരു പക്ഷിയെ.

അമ്പുകൊണ്ട് മരിച്ച് ഭൂമിയിൽ വന്നുവീണ ഒരു ചെറിയ കിളിയായിരുന്നു അത്.

വീഴുമ്പോൾ അത്, ഭൂമിയിലെ ഏറ്റവും ഭാരം കൂടിയ വസ്തുവായി മാറി.

ഗോതമനെപ്പോലെ ആ പക്ഷിയുടെ കനമില്ലാത്ത, നിശ്ചേതനമായ ഉടലും കൈയ്യിൽ പിടിച്ച് നിന്നു. എനിക്ക് കരച്ചിലുകൾ ഉള്ളിൽ ഉടക്കിക്കൊണ്ടിരുന്നു. ഗോതമൻറെ നടപ്പാതകൾ ഒരാൽച്ചുവട്ടിൽ, അതിന്റെ തണലിൽ ചെന്നുനിന്നു. ആലില കളുടെ നൃത്തത്തിലേക്ക് ഞാൻ ഇടയ്ക്കിടെ നോക്കിനിന്നു, മറന്നു നിന്നു, പല പല കാലങ്ങളിൽ.

കാറ്റാണ് നൃത്തം വയ്ക്കുന്നത്, അതോ വൃക്ഷമോ? അതോ ആ കിളിയോ? ഞാനോ? എല്ലാ കിളികളുടെയും വേദന, കനം, ആ നൃത്തത്തിൽ കലർന്നിട്ടുണ്ട്. കിളിയും മരവുമായതിനാൽ, എന്റെ സങ്കടങ്ങൾ കൂടി അതിൽ കലർന്നിരുന്നുവോ? ഈ നൃത്തമടങ്ങും വരെ ഞാൻ ആൽമരത്തിനു താഴെ കാത്തുനിന്നു.

•

ശലഭം

ഞാറയുടെ ചുവട്ടിൽ ഒരു നീലശലഭം വീണുകിടന്നു. ജീവനറ്റ ശരീരം, നിറം വിടാത്ത ചിറകുകൾ. ഞാൻ അതിനെ പതുക്കെ എടുത്തു, ഉള്ളംകൈയ്യിൽ വച്ച് നോക്കി. എന്റെ വിരലിൽ അതിന്റെ ചിറകുകളിലെ നിറം കലർന്നു. നിശ്ചലമായ കണ്ണുകൾ. ശലഭം, നിശ്ചലമായ ഒരു പറത്തത്തിൽ ആയിരിക്കാം. പൂക്കൾ നിറഞ്ഞ ഈ മരത്തിൽ എത്ര ശലഭങ്ങളാണ് വന്നു പോകുന്നത്?

തേനിനും നേർത്ത ഗന്ധത്തിനും ഇടയിൽനിന്ന് ഈ ചെറു ശലഭം പെട്ടെന്ന് വേർപെട്ടു പോയിരിക്കുന്നു. ചില്ലകളിൽ ഇടിച്ച് തകരാതെ, വേഗത്തിൽ തെന്നിപ്പറക്കുന്നതിനിടയിൽ മരണം പെട്ടെന്ന് അതിനെ ഭൂമിയിലേക്ക് വലിച്ചു താഴ്ത്തുന്നു. പ്രാണനാണ് ഭൂഗുരുത്വത്തിനു കീഴടങ്ങാതെ അതിനെ ഉയർത്തി നിർത്തിയത് എന്നാണോ? അറിയില്ല. അപ്പോഴും അതിന്റെ ഉടലിൽ പ്രാണനുണ്ടല്ലോ? ചിറകിൽ പ്രാണനുണ്ടല്ലോ? ശലഭത്തിനുള്ളിലെ ജീവൻറെ ഒഴുക്കിൽ ആണ് മുറിവുണ്ടായിരിക്കുക, ഒരുപക്ഷേ. ആ മുറിവ് ആർക്കും കൂട്ടിത്തുന്നാൻ ആവില്ല. ആ വേദനയും. ഒഴുക്കിൽ നിന്ന് ആ ശലഭം പൊടുന്നനെ വേർപെട്ടു പോയി. മണ്ണിലേക്ക് ഭാരമില്ലാതെ, വേദനയില്ലാതെ, ദാഹമോ വാക്കോ ഇല്ലാതെ. അതേ മരത്തിൽ, മറ്റൊരു ചില്ലയിൽ, ഒരു ഇലയുടെ കീഴ്ഭാഗത്ത് ചെറുകടന്നലുകൾ കൂടുകെട്ടിയിരിക്കുന്നു. മുട്ടയിടാൻ ഉള്ള ഒരുക്കത്തിലാണവ. മരണവും പിറവിയും ഓരോ ഇലയിലും മാറിമാറിത്താമസിക്കുന്നു. ഞാറയുടെ ചുവട്ടിൽ ഞാൻ കുറച്ചുകാലം കൂടി തങ്ങിനിന്നു.

•

ദീർഘകാലം

മഞ്ഞ് അൽപ്പനേരം കൂടി ഇലകളിൽ തങ്ങിനിന്നു. മഴക്കാലം ഒന്നു രണ്ടാഴ്ചകൂടി. വേനൽ ഒരു നാഴിക കൂടി. ഇലകൾ പൊഴിയുന്നത് മണിക്കൂറുകൾ എടുത്താണ്. വൈകുന്നേരം എത്ര ദീർഘമായി നടന്നിട്ടും ഇരുട്ടാവുന്നതിനു മുമ്പേ ഞാൻ മടങ്ങിയെത്തുന്നു.നോക്കി നോക്കിയിരിക്കെ, സൂര്യമുഖം തെക്കേ ചെരിവിലേക്ക് നീങ്ങുന്നു. ചന്ദ്രനെ കാണാതാവുന്നു. മരിച്ചു കഴിഞ്ഞ വർ എത്ര കാലമാണ് ഉടുപ്പുകളിലും വരാന്തയിലും ഇടവഴിയിലും തങ്ങി നിൽക്കുന്നു. എത്ര ദീർഘമാണ് അടയിരിപ്പിന്റെ ചൂടിനുള്ളിൽ മുട്ടത്തോടിന് നേരിയ വിള്ളലുണ്ടാവാനെടുക്കുന്ന കാലം. ഒരു കുഞ്ഞിച്ചുണ്ട് പുറത്തേക്കു പാളി നോക്കുന്നു. എത്ര കാലം കൊണ്ടാണ് അടർന്ന വിത്തുകൾ മണ്ണിലിറങ്ങുന്നത്. കാലമെന്നാൽ എന്താണ്? ദൂരമെന്നാൽ എന്താണ്? പക്ഷി നോക്കുമ്പോൾ മനുഷ്യരുടെ കാലം ദീർഘമായിരിക്കുമോ? പുഴുവിന്റെ നോക്കിൽ ഇലകളുടെ കാലമോ? കാറ്റിന്റെ ദീർഘയാത്രയ്ക്കിടയിൽ ഒരു മരത്തിന്റെ നൃത്തം എത്ര കാലം?

സൂര്യനും ഭൂമിയിലെ ഈ വിരലുകൾക്കുമിടയിലെ കാലമേതാണ്? കഴിഞ്ഞതോ വരാനുള്ളതോ? ഇറയത്ത് ഈറനിൽ മയങ്ങുമ്പോൾ നെൽവിത്തുകളുടെ കാലം ? മൂങ്ങകളുടെ, പാതിരാപ്പറവകളുടെ, മാളങ്ങളിൽപ്പാർക്കുന്ന മൃഗങ്ങളുടെ രാത്രികാലം എത്ര ദീർഘമായിരുന്നു? കല്ലിനും മണ്ണിനുമിടയിൽ വീണുകിടന്ന ചില്ലയോ ഇലകളോ മുടിയിഴകളോ കാൽനഖങ്ങളോ കാത്തിരിക്കുന്നതെത്ര കാലമായിരുന്നു? കല്ലുകളലിഞ്ഞ് നീരാകുവാൻ, ഉറവയാകുവാൻ എത്ര കാലം? അനാദിയായ, അനന്തമായ, കാലങ്ങൾക്കും ദിക്കുകൾക്കുമിടയിൽ കാറ്റിലിളകുന്ന ഒരിതളിൽ ഞാനിപ്പോൾ തങ്ങിനിൽക്കുന്നതേതു കാലത്തിൽ?

•

മുറിവുകൾ

ഓരോ മുറിവിലൂടെയും യാത്ര ചെയ്യുന്ന കാലമാണ്, അതിന്റെ ഒരറ്റമാണ്, ഈ മുറിക്കലകൾ. ഉടലിലെ കല, ഓർമ്മയാണ്. വിട്ടുപോന്ന ഒരു സ്ഥലം, ഒരു ജലാശയം, പിന്നീട് ഓർമ്മിക്കുന്നതുപോലെ. അത് മുറിവല്ല, മറ്റൊരു മുറിവ്. ഭൂമിയിൽ എല്ലായിടത്തുമുണ്ടായിരുന്നു, മുറിവുകൾ. എല്ലാ ശരീരങ്ങളിലും. എല്ലാ കാലങ്ങളിലും. ഈ പൂവിലുണ്ടായിരുന്നു. അതിന്റെ വേദന നാമറിയുകയില്ല. അതിന്റെ കല അദൃശ്യമാണ്. മൊട്ടിടുന്നതിനു മുമ്പേയുള്ള മുറിവുകൾ പൊഴിഞ്ഞ ശേഷവും കാണാനാവുകയില്ല. ഈയിലകളിലെല്ലാമുള്ളതുപോലെ, മുറിവ്, ഈ പാറകളിൽ, ചില്ലകളിൽ, ഈ ചിറകുകളിൽ. എത്ര കാലം മുമ്പത്തെ മുറിവിന്റെ ഓർമയാണ് ഈ ചുവലിൽ നാം തൊട്ടു നോക്കുന്നത്? എത്ര കാലം കഴിഞ്ഞുള്ള മുറിവിന്റെ പ്രവചനമാണ് ഈ കല്ലിലെ വിള്ളൽ ? ചോരയിലൂടെ ഏതെല്ലാം കാലങ്ങളിലാണ്, ദിക്കുകളിലാണ് ഓരോ പ്രാണനും സഞ്ചരിക്കുന്നത്? കിളിക്കൂടുകളെപ്പറ്റിയുള്ള ഈ കവിത ഏതെല്ലാം മുറിവുകൾ ഉണങ്ങിയുണ്ടായ കലയാണ്? 'കരുണ', 'വെള്ളം', 'ഉള്ള്', 'വിദൂരം', 'ആഴത്തിൽ', 'രാത്രി', ഓരോ വാക്കും ഏതെല്ലാം മുറിവുകളുടെ ഓർമയാണ് ? വിട്ടു പോന്ന ഏതെല്ലാം കരകളും ആകൃതികളും ചായങ്ങളുമാണ്? വാക്ക്, എല്ലാ ഉടലിലും കാണാവുന്ന അടയാളമായിരുന്നു. കലകളായിരുന്നു. ഉണ്ടായിരുന്നതും ഇല്ലാതിരുന്നതുമായ എല്ലാ മുറിവുകളുമുണങ്ങി, ബാക്കി നിൽക്കുന്ന ഇരുണ്ട ഒരടയാളമല്ലാതെ മറ്റെന്താണ് കല? കവിത? ഉടലുകളിലല്ലാതെ മറ്റെവിടെയാണ് അതിന് പാർക്കാനാവുക?

•

വഴികൾ

നാഗങ്ങൾ എപ്പോഴും നിരത്ത് മുറിച്ചു കടന്നു. കാട്ടുപന്നികൾ വയലിന് കുറുകെ സഞ്ചരിച്ചു. ശലഭങ്ങൾ എങ്ങോട്ടു നീങ്ങുമെന്ന് ആർക്കു പറയാനാവും ? എലികളും പെരുച്ചാഴികളും മണ്ണിന്നടിയിൽ നിരന്തരം യാത്ര ചെയ്തു. കാട്ടുമൃഗങ്ങളുടെ താരകൾ നീർത്തടത്തിൽ വന്നു മടങ്ങി. ഒരു മരത്തിലും ഇടിച്ചു തകരാതെ മൂങ്ങകളുടെ രാത്രി ഇതേ ശിഖരങ്ങളിൽ വന്നിരുന്നു. കരകവിഞ്ഞ് ചിറയിലെ വെള്ളം വരമ്പു പൊട്ടിച്ച് താഴേക്കൊഴുകി.

മനുഷ്യർ എപ്പോഴും പാതകളിലൂടെ സഞ്ചരിച്ചു. സഞ്ചരിക്കുന്നതിലൂടെ പാതകൾ പിറന്നു. നടപ്പുറച്ചു. വഴിതെളിഞ്ഞു. നടപ്പാതയിൽ നിന്ന് കുറ്റിച്ചെടികൾ വകഞ്ഞ് ഉള്ളിലേക്ക് കയറുമ്പോഴാണ് ആ ചെരിവിൽ കാടുകാണുന്നത്. കാട്ടു പഴങ്ങളുടെ നിഴലും മുള്ളും കാണുന്നത്. എല്ലാവരും ഉറങ്ങുന്ന ഉച്ചനേരത്ത് ചുറ്റിയലയുമ്പോളാണ് പാലയുടെ കീഴിൽ ദേവതകളെ കാണുന്നത്. വായിക്കുന്നതിനിടയിൽ പെട്ടെന്ന് തെന്നി ഏതോ കരയിൽ ചെന്ന് നടക്കുമ്പോഴാണ് ആ കവിത എന്റേതാവുന്നത്. നേരേ പോകുന്ന പാതയിൽ നിന്ന് ഒരു ഉൾവിളിയ്ക്കു കാതോർത്തു നിന്ന് വയലിലൂടെ കുറുകെ പോകുന്ന ഒരുവളെ ഞാൻ ഓർമ്മിക്കുന്നു; ആ ചലച്ചിത്രപരമ്പരയിലെ കഥാപാത്രങ്ങളെല്ലാം നിർണായക സന്ദർഭങ്ങളിലൊക്കെ വാഹനം നിർത്തി പ്രധാന പാതയിൽ നിന്ന് ഇറങ്ങി പോകുന്നവർ ആയിരുന്നു എന്നത് ഒട്ടും യാദൃശ്ചികമല്ല. ബുദ്ധൻറെയോ അക്കയുടെയോ റാബിയയുടെയോ വഴികൾ മിക്കപ്പോഴും തെറ്റിയ വഴികൾ ആയിരുന്നല്ലോ ?   ഓരോ ജീവിയുടെയും ഉള്ളിൽ ഉരുവം കൊള്ളുന്ന ആദിമമായ സ്വരങ്ങളെ പിന്തുടരുക എന്നത് എത്ര പ്രയാസകരമാണ്, അല്ലേ? വെളിച്ചത്തിനോ വെള്ളത്തിന് നേർക്ക്, പ്രണയത്തിനോ ദുഃഖത്തിനോ നേർക്ക്, നാം സഞ്ചരിക്കുന്നത് എത്ര പ്രയാസകരമായ പാതയിൽ? എത്ര ആനന്ദകരമായ പാതയിൽ? കവിതയെഴുതുമൊരാൾ വാക്കില്ലാവഴിയിലേക്ക്, ചിത്രമെഴുതുന്നയാൾ നിറങ്ങളില്ലാവഴിയിലേക്ക്, പാടുന്നയാൾ മൗനത്തിലേക്ക്,പ്രേമിക്കുന്നയാൾ വേർപാടിലേയ്ക്ക്, യാത്രികർ വിശ്രാന്തിയിലേക്ക്, പറവ കല്ലിലേക്ക്, ഒക്കെ വഴിതെറ്റുന്നത് നോക്കിനിൽക്കാൻ നമുക്ക് കഴിയുന്നുണ്ടോ? ഏതാണ്, ഏതാണ് നമ്മുടേതെന്ന് ഉറപ്പിക്കാൻ കഴിയുന്ന പാത? പാതയോരത്തെ കാട്?

•

ഒരു മരത്തെയും നോക്കിയിരിക്കുമ്പോൾ

ഒരു മരത്തെയും നോക്കിയിരിക്കുമ്പോൾ ഓരോ നിമിഷവും ഞാൻ ഓരോന്നായിത്തീരുന്നുവെന്ന് പലപ്പോഴും തോന്നിയിട്ടുണ്ട്. ചിലപ്പോൾ വാക്കുകൾ ഉള്ളിൽ മുളയ്ക്കുന്നു. ചിലപ്പോൾ സങ്കടം കുമിയുന്നു. മറ്റു ചിലപ്പോൾ അനാദിയായ വെളിച്ചത്തിൽ ആയിരിക്കുന്നു. ചിലപ്പോൾ ഒരു നിശബ്ദനൃത്തത്തിൽ. ഓരോ തവണയും ഒരേയിടത്ത് പലപല ജന്മങ്ങളിൽ എന്ന പോലെ ചെന്നു നിൽക്കുന്നു. സ്വാസ്ഥ്യം തേടി ഒരേയിടത്ത് വീണ്ടും വീണ്ടും ചെല്ലാനാവില്ല. വെളിച്ചം തേടിയും നൃത്തം തേടിയും വാക്കുകൾ തേടിയും ഒരേയിടത്ത് വീണ്ടും വീണ്ടും ചെല്ലാനാവില്ല. അപ്പോഴെല്ലാം നീങ്ങുന്നത് ഞാനായിരുന്നു. പൊടി മൂടുന്നതും ഇരുട്ടു വീഴുന്നതും കഴുകുന്നതും തെളിയുന്നതും ഞാൻ തന്നെയായിരുന്നു. സൂക്ഷ്മമായ ഞരമ്പുകളിലൂടെ മാത്രം ഞാൻ നടന്നുകൊണ്ടിരുന്നു. പദാർഥങ്ങളുടെയും മനുഷ്യരുടെയും വാക്കുകളുടെയും സങ്കല്പങ്ങളുടെ ഉള്ളിലൂടെ, ഏറ്റവും ചെറിയ കോശസ്തരത്തിനുള്ളിലൂടെ നടന്നുകൊണ്ടിരുന്നു. അതെനിക്ക് ഏറ്റവും വേദനാജനകമായി. കാരണങ്ങളില്ലാത്ത സങ്കടങ്ങൾ, കാരണങ്ങളില്ലാത്ത ആനന്ദങ്ങൾ, എനിക്ക് തന്നതാവണം. പാട്ടിനുള്ളിലോ കിളിയൊച്ചകൾക്കുള്ളിലോ മാത്രമല്ല, മിണ്ടലിന്റെ ഉള്ളിൽ, വാക്കിൻറെ ആകൃതികൾക്കുള്ളിൽ, തൊടലിന്റെ വേഗങ്ങൾക്കിടയിൽ, എപ്പോഴും അണുവിൽ ആണ് ഞാൻ സഞ്ചരിച്ചത് എന്ന് ഓർമ്മിക്കുന്നു. ഓരോ കല്ലിലും ചവിട്ടിനടക്കുമ്പോൾ അതിനുള്ളിൽ ഉണർന്നു കരയുന്ന പുഴുക്കളുടെ അദൃശ്യമായ കരച്ചിലുകൾ കൂടി എൻറെ കാലിൽ വന്നു കൊണ്ടു. ഉമ്മ വെക്കുമ്പോൾ ചുണ്ടുകളുടെ നനവു മാത്രമായി. നോക്കുമ്പോൾ കണ്ണിനും ലോകത്തിനും ഇടയ്ക്ക് പൊടിപടലങ്ങളുടെ ചിതറുന്ന പ്രകാശവും നീർകണങ്ങളും മാത്രമായി. ഓരോന്നിലും തങ്ങിനിന്ന് തങ്ങിനിന്ന് എൻറെ ജീവിതം മറ്റൊന്നാവുന്നത് പോലെ. ഒരു മുറിവ് ഉണരുകയും ഉറങ്ങുകയും വീണ്ടും ഉണരുകയും ചെയ്യുന്നതുപോലെ. എനിക്ക് ലോകത്തിൻറെ വഴിയോടും വാക്കുകളോടും വിനിമയങ്ങൾ ഇല്ലാതെയാവുന്നു. അപൂർണ്ണമായ അരികുകളിൽ, മുറിഞ്ഞ വാക്കുകളിൽ,എന്നിട്ടും ജീവനോടെ ഇരിക്കുന്നു, എന്തെങ്കിലുമെഴുതിനോക്കുന്നു.

•

ഒഴിഞ്ഞ തോടിനുള്ളിൽ

വീടുണ്ടായിരുന്നില്ലെനിക്ക്. ഉടുപ്പും വാക്കുമുണ്ടായിരുന്നില്ല. ഉടലാകെയും മുറിവുകളായിരുന്നു. ഞാൻ അലഞ്ഞുകൊണ്ടിരുന്നു. പൊള്ളിക്കൊണ്ടിരുന്നു. ഏതോ ചെരിവിൽ നടപ്പാതയുടെ വക്കിൽ കണ്ടു, ഒരു തോട്. ഒരൊച്ചിൻ തോട്. ഒഴിഞ്ഞ്; എന്നാൽ വേദന വറ്റാതെ. എകാന്തമായി;എന്നാൽ ഇരമ്പങ്ങളവസാനിക്കാതെ. കുനിഞ്ഞ്,തൊട്ടു നോക്കി, അതിനെ. ഉള്ളങ്കൈയിൽ എടുത്തു നോക്കി. ഒരു വായ്. ഉള്ളിലേയ്ക്കു നീളുന്ന ചുറ്റുവഴി. ഞാൻ ആ വിടവിലൂടെ അകത്തേയ്ക്കു കയറി. നടന്നു. ഇരുട്ടായി. ഒരിടത്തു കിടന്നുമയങ്ങി. ഒച്ചിന്റെ തോട്, അതെനിക്കഭയമായി. എന്റെ ഉടലു തണുത്തു. പൊള്ളലിന്റെ തീയണഞ്ഞു. മുറിവുകൾ മെല്ലെ മെല്ലെക്കരിഞ്ഞു. വേദന ശമിക്കാൻ തുടങ്ങി. വേനലും വർഷവും മാറിമാറിക്കടന്നു പോയി. മഴയുടെ ഇരുളും തണുപ്പും ഉള്ളിലേയ്ക്ക് തിക്കിക്കയറി. കാറ്റും ഗ്രഹണ നിഴലും നിലാവും ചുറ്റിക്കയറി. എത്ര കാലമായി ഞാനിതിനുള്ളിൽ പാർക്കുന്നു? ഭൂമിയാകെയുമിപ്പോൾ വെള്ളത്തിലാണ്ടു കിടക്കുകയാണോ? ഒഴുക്കിന്റെ സ്വരം മാത്രം. ചെറിയ നീർവലയങ്ങളുണ്ടാവുന്നതിന്റെ സ്വരം. അനന്തമായി. കണ്ണികണ്ണിയായി. ഒഴിഞ്ഞ ഈ തോടിനുള്ളിൽ മൗനം നിറഞ്ഞിരിക്കുന്നു. എന്റെ ഉടലിൽ അതു കലർന്നിരിക്കുന്നു.

•

ചിറകനക്കം

വീടിനെ ചാരി വളരുന്ന ഈ ചെടിക്കു ചുറ്റും നീലനിറമുള്ള ഒരു പൂമ്പാറ്റ വന്ന് നിൽക്കുന്നു. പറക്കുന്നു.

അതിന്റെ ഉടലാകെ നീല. അലയും കടലിൽ നിന്നോ എഴുതും മഷിയിൽ നിന്നോ വന്നതായിരിക്കും എന്ന് തോന്നി. ഒരു മിന്നൽ പോലെ ശലഭം ഒന്നിളകി, വീണ്ടും ചിറക് വിരിച്ചിരുന്നു. അപ്പോഴാണ് ഞാൻ കണ്ടത്; വലംചിറകിനറ്റത്തു മാത്രം, ചുവന്ന ചന്ദ്രക്കല പോലെ, ഒരടയാളം. ഒരു പൊട്ട്. ഒരു ചെറുതരി. വേറെയേതോ ഗ്രഹത്തിൽ നിന്ന്, മറ്റേതോ ഭൂമിയിൽ നിന്ന്, ചിറകിൽ പുരണ്ടതു പോലെ.

വേറെയായുസ്സിൻ നിറം പോലെ. ശരിക്കുമാ ശലഭമിപ്പോൾ ഏതു ജൻമത്തിലാണ് വാഴുന്നത്? എത്ര മരണങ്ങൾ താണ്ടിയാണ് ഈ കുഞ്ഞിലകളിൽ വന്നിരിക്കുന്നത്? എത്ര ഭാഷകളുടെ മറകൾക്കപ്പുറം നിന്നാണ് ഞാനതിന്റെ ചിറകനക്കം പാർത്തു നിൽക്കുന്നത്?

•

ഈ കാറ്റിനുള്ളിലെന്താണുള്ളത്?

ഈ കാറ്റിനുള്ളിലെന്താണുള്ളത്? ഈ വെള്ളത്തിലും മരത്തലപ്പുകളിലും എന്താണുള്ളത്? കല്ലുകളിൻമേൽ, കൂട്ടുകളിൽ, കോണിപ്പടികളിൽ, വിരലുകളിൽ, എല്ലായിടത്തും എപ്പോഴും വിവരണാതീതമായ ഒന്ന് തങ്ങി നിന്നു. പ്രകാശമോ ഇരുളോ എന്ന് വേർതിരിയാത്ത ഒന്ന്. എപ്പോഴും അനങ്ങുന്ന, മിടിക്കുന്ന, നിശ്ശബ്ദമായ ഒന്ന്. വളർന്നുകൊണ്ടിരിക്കുന്ന ഒന്ന്. മരണമില്ലാത്ത ഒന്ന്. മരങ്ങളുണ്ടാവുന്നതിനു മുമ്പേ അത് മരങ്ങളിൽ കുടിയേറിയതാവുമോ? കല്ലുകൾ രൂപപ്പെടുന്നതിനു മുമ്പേ കല്ലുകൾക്കകത്ത് ? വെള്ളത്തിന്റെ പിറവിയ്ക്കു മുമ്പേ വെള്ളത്തിനുള്ളിൽ? ഞാനുറയുന്നതിനു മുമ്പേ എന്നിൽ?

-

സന്ദർശനങ്ങൾ

ഇപ്പോഴില്ലാത്ത ഒരു സ്ഥലത്തേക്ക് നാം എങ്ങനെയാണ് കടന്നുചെല്ലുന്നത് ? അപ്രത്യക്ഷമായിക്കഴിഞ്ഞ എല്ലാ കരകളെയും നമ്മൾ ഓർമിച്ചു. ചിലപ്പോഴെങ്കിലും അബോധത്തിൻറെ പ്രേരണയിൽ. ചിലപ്പോഴെങ്കിലും സ്വപ്നകാലത്തിൻറെ ഉള്ളിൽ വച്ച്. പഴയ വീടിൻറെ ചുറ്റിനും പഴയ മരങ്ങൾ ഉണ്ടായിരുന്നത് എനിക്ക് ഓർമ്മ വന്നു. കിഴക്കുദിക്കിൽ ഒരു ഉന്നപ്പൂളയുടെ മരം. നിറയെ മുള്ളുകളുള്ളത്. വേനലിന്റെ ഉച്ച നേരങ്ങളിൽ ചുവന്ന വലിയ പൂക്കൾ നിശ്ശബ്ദമായി അടർന്നു. മുള്ളുകളിൽ വിരലോടിച്ചു. ചുവന്ന ഒരു കാലം പോലെ അത് ഉടലിൽ തങ്ങിനിന്നു. മറ്റൊരിടത്ത് ഒരു പേരാൽ മരം. അത് വയസ്സായി ദ്രവിച്ചുകൊണ്ടിരുന്നു. തീരെ കുഞ്ഞായിരിക്കുമ്പോൾ ആണ്. അതിൻറെ മിനുസവും ഒരവുമുള്ള ഇരുപുറമിലകൾ മാത്രം ബാക്കി നിന്നു. അതു നിന്നിടത്തു കൂടെ നടക്കുമ്പോൾ മരത്തിൻറെ ചാരനിറം പുരണ്ട വെളുപ്പ് ഉള്ളിലേക്ക് കയറി. ഒരു മുളങ്കാട് കൂടിയുണ്ട്. ഉലയുന്നത്. മഴയിൽ നൃത്തം വയ്ക്കുന്നത്. മനുഷ്യരെപ്പോലെ ആ വൃക്ഷങ്ങൾ എപ്പോഴും എന്തോ സംസാരിച്ചു കൊണ്ട് പറമ്പിൽ ചുറ്റിനടന്നു. പിന്നെ കാണാതായി. മരണം കഴിഞ്ഞ് ആദ്യത്തെ രണ്ടുമൂന്നു കൊല്ലത്തിനിടയിൽ ഇടയ്ക്ക് ഞാൻ അച്ഛനെ കണ്ടുമുട്ടി. ഒരിക്കൽ തറവാട്ടിൽ പുറത്തെ കോലായിൽ ഇരിക്കുമ്പോൾ ദൂരെനിന്നും അച്ഛൻ വന്നു. എന്നത്തെയും പോലെ കുപ്പായം അഴിച്ചു തോളിൽ തൂക്കിക്കൊണ്ട്, ഒരു മൂളിപ്പാട്ടുമായി. വന്ന് കോലായിൽ എനിക്കരികിൽ ഇരുന്നു. ചിരിച്ചു. ദീർഘകാലമായി നാടുവിട്ടുപോയി മടങ്ങിവന്ന ഒരാളോട് എന്നപോലെ അച്ഛൻറെ പെങ്ങൾ ചോദിച്ചു, നീ എവിടെയായിരുന്നു?അച്ഛൻ എന്തോ പറഞ്ഞു. എങ്ങോ പോയതായിരുന്നു എന്നോ മറ്റോ. മരണം കഴിഞ്ഞ് ഒരാൾ തൻറെ വീട്ടിലേക്ക് മടങ്ങി വരുന്നത് അതുവരെയും ഞാൻ സങ്കൽപ്പിച്ചിരുന്നില്ല. വന്നപാടെ അച്ഛൻ തോളിലിരുന്ന ഷർട്ട് എനിക്ക് തന്നു. നീ എടുത്തോ എന്ന് പറഞ്ഞു. ഞാൻ അത് ധരിച്ചാണ് പല ദിവസങ്ങളിലും സ്കൂളിൽ പോയിരുന്നത്. അതിൻറെ കീശയിൽ ഒരു ചെറിയ സുഷിരം ഉണ്ടായിരുന്നു. പകുതി വലിച്ച് കെടുത്തിയ ബീഡിയുടെ തീ തട്ടി ഉരുകിയ ഒരു ചെറുവൃത്തം. അതിൻറെ വക്കിൽ വിരലോടിക്കുമ്പോഴെല്ലാം അച്ഛൻ എനിക്ക് തന്നത് എന്താണെന്ന് ഞാൻ തിരിച്ചറിഞ്ഞിരുന്നു. പതിനാലാമത്തെ വയസ്സിൽ, ഇടിഞ്ഞു പോയ ഒരു കര പതുക്കെ ഉയർന്നു വരുന്നത് ഞാൻ കണ്ടു. നടന്നു പോയ ഒരു വരമ്പ്, ഇടവഴി, ഓർമ്മിക്കുന്നത് എങ്ങനെയാണ്? എഴുതുമ്പോൾ എല്ലാം ഏതെങ്കിലും വിധം ഓർമ്മയുടെ ഉള്ളിലായിരുന്നു. പരിചിതമായ ഒരു ചവിട്ടുവഴിയേ നടന്ന്, അറിയാത്ത മറ്റൊരു വഴിയിലേക്ക് പെട്ടെന്ന് വളരുന്നത് പോലെ. ഓർമ്മ ഒരുതരം ഭാവന കൂടിയാണോ? ഓരോ വട്ടം സന്ദർശിക്കുമ്പോഴും സ്ഥലങ്ങൾ, മരങ്ങൾ, മനുഷ്യർ, നേരങ്ങൾ, വീണ്ടും വീണ്ടും പിറന്നു വളരുകയാണോ? ഇപ്പോൾ പേരാലിന്റെ ശരീരത്തിലെ വിള്ളലുകൾ എനിക്ക് കാണാം. പൂളപ്പൂവിൻറെ ഉള്ളിലെ നാരുകൾ. അച്ഛൻറെ ഇരുണ്ട കൈവിരലുകൾ. അടക്കം ചെയ്തിടത്ത് ആ മൺകൂന ഓരോ മഴക്കാലം കഴിയുമ്പോഴും ഉയരം കുറഞ്ഞ് ചെറുതായി വന്നു. പുല്ലു മൂടി. സങ്കടങ്ങൾ മരച്ചില്ലകളായും കിളിക്കൂടുകളായും മാളങ്ങളായും നിരന്തരം രൂപം മാറിക്കൊണ്ടിരുന്നു. ഓർത്തു കൊണ്ടിരിക്കെ പെട്ടെന്ന് എല്ലാം മറന്നു പോവുമോ? പെട്ടെന്ന് എല്ലാ വരികളും മാഞ്ഞു പോവുമോ?

•

മായുന്ന വാക്കുകൾ, തെളിയുന്ന വാക്കുകൾ

തേടിനടപ്പിന്റെയും കണ്ടെത്തലിന്റെയും കൂടി ചരിത്രമാണ് മനുഷ്യരാശിയുടെയാകെയും ചരിത്രം. കടലോരങ്ങളിൽ പാർക്കുമ്പോൾ വെള്ളത്തിലും പാറക്കെട്ടുകളിലും നിന്ന് നാം പല തരം ജീവികളെ, സസ്യങ്ങളെയും, കണ്ടെത്തി. അവ നമുക്ക് അന്നമായി.ഔഷധമായി. കാട്ടിലും പുൽമേട്ടകളിലും ചതുപ്പുനിലങ്ങളിലും മരുനിലങ്ങളിലും നാം തിരഞ്ഞു തിരഞ്ഞു നടന്നു. തിരച്ചിലിന്റെ ഈ ജനിതകമാണ് ഇപ്പോഴും നമുക്കുള്ളിലുള്ളത്.

വീടിനു ചുറ്റുമുള്ള തൊടിയിലും പാടങ്ങളിലും കാടുകളിലും ചെരിവുകളിലും എപ്പോഴും എന്തെങ്കിലും തേടിക്കൊണ്ടിരിക്കുന്ന മനുഷ്യരുടേതായിരുന്നു എന്റെ കുട്ടിക്കാലം. വിറകോ, പഴങ്ങളോ, മരുന്നിലകളോ, കൂണോ, പൂവോ, കായോ, കാട്ടു കിഴങ്ങോ, കിളിത്തൂവലോ അങ്ങനെയങ്ങനെ പലതരം പദാർത്ഥങ്ങൾ നാം ശേഖരിച്ചു കൊണ്ടുവന്നു. നമ്മുടെ അറിവും ആനന്ദവും ആത്മീയതയും സങ്കൽപ്പവും ഓർമയും ഭാഷയും നിറവും രുചിയും മണവും കേൾവിയും സ്പർശവും മറവിയും എല്ലാമെല്ലാം അത്തരം തേടി നടപ്പുകളിലെല്ലാം കലർന്നു.

കവിതയുടെ പല രൂപങ്ങളുമായി ഇടകലർന്ന് ജീവിക്കാൻ തുടങ്ങിയ ശേഷം ഞാനെപ്പോഴും ഇത്തരം തേടിനടപ്പുകളെപ്പറ്റി വിചാരിച്ചു കൊണ്ടിരുന്നു. ഒരിടത്ത് ചെന്നെത്തുന്ന നാം ഉള്ളിലുള്ള രൂപത്തെ തേടാൻ ആരംഭിക്കുന്നു. കാണുന്നതിലെല്ലാം ആ രൂപം നിറയുന്നു. മറ്റൊന്നിനെപ്പറ്റിയും ആ നേരത്തു നാം ഓർമിക്കുകയില്ല. നമുക്കുള്ളിലപ്പോൾ മറ്റൊരു മൊഴിയുമില്ല. കൂണുകൾ മാത്രം. പുല്ലുകൾക്കിടയിൽ, കരിയിലകൾക്കിടയിൽ, വൈക്കോലിന്നിടയിൽ, കൂണുകളുടെ ചാരനിറമോ വെളുപ്പോ മാത്രം. അല്ലെങ്കിൽ മഞ്ചാടിയുടെ ചുവപ്പു മാത്രം. കാളന്തട്ടയുടെ കറുത്തിരുണ്ട ചെറുമണികൾ മാത്രം. മറ്റേതു പ്രവൃത്തിയിലാണ് മനുഷ്യർ ഇത്ര ഏകാന്തത അനുഭവിച്ചിരിക്കുക?

കവിതയെഴുതുമ്പോൾ ഒരേയൊരു വാക്കിനു പിറകിൽ എത്ര ദൂരമാണ്, എത്ര കാലമാണ് അലഞ്ഞു പോവുന്നത്? ഇതല്ല, ഇതല്ല, എന്ന് അടങ്ങാ തിരകൾ മാത്രം. അർത്ഥത്തിന് ആകൃതിയേകുന്ന വാക്ക് ഇതല്ല. ആഴത്തിൽ വളർന്ന വാക്ക് ഇതല്ല. തിളക്കമുള്ള വാക്ക് ഇതല്ല. ഏതിരുളിലും ജ്വലിക്കുന്ന ആ വാക്കിനു പിറകേ അനന്തമായി നടന്നു പോകുന്നു. എന്താണ് തേടുന്നതെന്ന് അറിയാതെ, നടപ്പിനിടയിൽ ചില വാക്കുകളിൽ ചെന്നു മുട്ടുന്നതാണ് 'മായ്ച്ചെഴുത്തു കവിത' (erasure poetry). കണ്ടുമുട്ടിയ വാക്കുകളുടെ തീ ഉടലിനെപ്പൊള്ളിക്കുന്നു. അത് കത്തിക്കൊണ്ടിരിക്കുന്നു. വെളിച്ചവും ചൂടുമാവുന്നു. അറിയാത്ത ഇടങ്ങളിലൂടെ നടക്കാനിറങ്ങുന്നതിന്റെ കൗതുകമാണത്. അബോധപ്രേരണകൾ കല്ലിലും മുള്ളിലും തുരുമ്പിലും പ്ലാസ്റ്റിക്കിലും ശരീരശാസ്ത്രത്തിലും ഗോളാന്തരയാത്രകളിലും നാടോടിക്കഥകളിലും നിന്ന് വാക്കുകൾ കണ്ടെത്തുന്നു. ആ വാക്കുകൾ ഒരു പുതിയ വാതിൽ തുറന്നു തരുന്നു.

•

തത്തകൾ

വീഴുന്നതിന് ഏതാനും നാളുകൾ മുമ്പ് തത്തകൾ ആ പൊത്തിൽ നിന്നും ഒഴിഞ്ഞു പോയി. എകരം കൂടിയ ഒരു തെങ്ങ്. അതിന്റെ പള്ളയിലായിരുന്നു, ആ പൊത്ത്. തത്തകൾ പിന്നീടൊരിക്കലും മടങ്ങിവന്നില്ല. തത്തകളെപ്പറ്റിയുള്ള എല്ലാ ഓർമകളിലും എല്ലായ്പ്പോഴും ഞാൻ ആ പൊത്തുകൂടി ഓർമിച്ചു. കിളികളെപ്പറ്റി ഓർമിക്കുമ്പോഴെല്ലാം കിളിക്കൂടുകളും പെട്ടെന്നിളകുന്ന ചില്ലകളും ഓർമിച്ചതു പോലെ. പടിഞ്ഞാറേ മുറ്റത്ത് വളരുന്ന മുരിങ്ങയുടെ ഇലകളും പൂക്കളും വീണുകിടക്കുന്നത് കണ്ടു. പാത്രത്തിലെ വെള്ളത്തിൽ അവ പൊങ്ങിക്കിടന്നു. ഉച്ചയിൽ, കഴുകിയ പിഞ്ഞാണം സൂര്യനെക്കാട്ടി, കോലായിലിരുന്ന എന്റെ മുഖത്തേക്ക് ഒരു കീറ് വെളിച്ചം കൊണ്ടുവന്നു, ചേച്ചി. പായൽമൂടിയ കുളത്തിൽ നിന്ന് നീലനിറമുള്ള അമ്പലുകൾ പൊട്ടിച്ചു തന്നതു പോലെയായിരുന്നു അത്. എവിടെയാണ് എല്ലാ ഓർമയും രഹസ്യമായി പാർക്കുന്നത് എന്ന് എനിക്കറിയില്ല. മരങ്ങളുടെ ആകൃതി, ചവിട്ടു വഴിയുടെ ചുവപ്പ്, കൽപ്പടവുകളുടെ പുരാതനമായ പിറുപിറുപ്പുകൾ ഒക്കെ എവിടെ നിന്നാണ് എഴുന്നേറ്റു വരുന്നത്? ശരീരത്തിൽ എല്ലാത്തിനേയും ഓർമിക്കുന്ന, അദൃശ്യമായ ഒരു അവയവം ഉണ്ടായിരിക്കാം. കാലിൽ നിന്നൂരിയെടുത്ത ഇരുമ്പാണിയുടെ തുമ്പത്ത് പറ്റിപ്പിടിച്ചു നിൽക്കുന്ന വേദന ഓർമിക്കുന്നതു പോലെ, വിരലറ്റങ്ങളിലെ തണുപ്പ് ഓർമിക്കുന്നതു പോലെ, അനായാസം ഇരുണ്ട വഴികളിലൂടെ ചിരപരിചിതരായി നടക്കുന്നു. മരണങ്ങൾ എല്ലാത്തിനേയും കൂട്ടിത്തൊട്ടുവിക്കുന്നു. കല്ലും ചെടിയും കിളിയും മനുഷ്യരും തമ്മിൽ കലർന്ന് പടരുന്നു. ഓർമയിൽ നിന്ന്, ഇരുട്ടായി, രാത്രിയായി, കിളികൾ പെട്ടെന്ന് പൊങ്ങി, മരങ്ങൾക്കുള്ളിൽ മറഞ്ഞു നിൽക്കുന്നു. വേദന പതുക്കെപ്പതുക്കെ മൂടിപ്പരക്കുന്നു

•

ഓർമയുടെ അവയവമായിരുന്നുകവിത

നൂറ്റാണ്ടുകൾക്കു മുമ്പ്, ഈ വീടിനു മുമ്പിലെ പുളിമരത്തിൽ ഒരു കിളി പറന്നുവന്നിരുന്നു. അതിന്റെ നിഴലിൽ പെട്ടെന്ന് സൂര്യൻ മറഞ്ഞു പോയി. രാത്രിയായി. ആ കിളി മരക്കൊമ്പിലിരിക്കുന്നത് ഓരോ രാത്രിയിലും ഞാൻ ജനലിലൂടെ കണ്ടു. പകലെല്ലാമത് കുളക്കരയിലെ ഒരത്തിയുടെ മീതെ പാർത്തു. ഒരിക്കൽ ഞാൻ ചെല്ലുമ്പോൾ അത് മലർന്ന്, താഴേയ്ക്കു വീഴുകയായിരുന്നു. വെള്ളത്തിൽ ആഴ്ന്നുപോവുമ്പോൾ അതിന്റെ ഭാരം കൊണ്ട് ചുറ്റിനുമുള്ള മരങ്ങളെല്ലാം ഉലഞ്ഞു പോയത് ഞാൻ ഓർമിച്ചു. അപ്രത്യക്ഷമായിക്കഴിഞ്ഞ ഒരു സ്ഥലത്തെ ഓർമിക്കാതിരിക്കാൻ ഒരിക്കലും മനുഷ്യർക്കാവുകയില്ല. കാലിൽ നിന്നൂരിയെടുത്ത ഇരുമ്പാണിയുടെ അറ്റത്തെ ചോര കലർന്ന വേദനയെ ഓർമിക്കുന്നതു പോലെ എപ്പോഴും നാം മരണങ്ങളിലേയ്ക്കു നടന്നു പൊയ്ക്കൊണ്ടിരുന്നു.

-

രണ്ടുകിളികൾ

വൈകുന്നേരത്തെ നടത്തം ആ ചെരിവിലൂടെ ആയിരുന്നു. ഉയരം കുറഞ്ഞ ഒരു പറങ്കിമാവിന്റെ ശിഖരങ്ങളിൽ ഒരു കിളിക്കൂട് കണ്ടു. കിളികൾ ഉപേക്ഷിച്ചു പോയതാവണം. ചെറിയ നാരുകൾ ചുറ്റിക്കെട്ടിയുണ്ടാക്കിയ ആ കൂട് ഏറെനേരം നോക്കിനിന്നു. താഴെ വീണുകിടന്ന ഒരു മഞ്ഞയില പെറുക്കി സഞ്ചിയിൽ സൂക്ഷിച്ചുവെച്ചു. മരങ്ങളിൽ ചുറ്റിപ്പടർന്ന് ഇത്തിൾ വള്ളികൾ. ഉണങ്ങിയ അതിൻറെ ഇലകൾ. താഴത്ത് കരിയിലകൾക്കിടയിലൂടെ പാഞ്ഞുപോകുന്ന അരണയുടെ കുഞ്ഞുങ്ങൾ. ഒരു ഓന്ത്. നടത്തത്തിന്റെ അങ്ങേ ചെരിവിൽ വച്ച് ഒരു വലിയ മരത്തിൻറെ താഴത്ത് ഒരു കിളിത്തൂവൽ കണ്ടു. ഒന്നല്ല, അനേകം തൂവലുകൾ. ഒരു ചെറിയ വട്ടത്തിൽ, വെളുപ്പും ഇളം തവിട്ടും നിറം കലർന്ന ആ തൂവലുകൾ ഏതോ കിളിയുടെ ഉടലിൽനിന്ന് വേർപെട്ടു പോയതാണ്, തീർച്ച. ഇരതേടിയലഞ്ഞ ഏതോ മൃഗത്തിൻറെ അല്ലെങ്കിൽ ഇരപിടിയൻ പക്ഷിയുടെ മൂർച്ചയുള്ള കാൽനഖങ്ങൾ ആ തൂവലുകളിൽ വേദനയുടെ നിഴൽ കലർത്തിയിട്ടുണ്ട്. ഇന്നത്തെ നടത്തത്തിന്റെ രണ്ടറ്റങ്ങളിലും നിന്ന് ഓരോ കിളികൾ എനിക്കൊപ്പം ചെരിവിറങ്ങി വന്നു. അടയിരിപ്പിന്റെ കാലം മരണത്തിന്റെ കാലവും അറ്റങ്ങളിൽ പാർക്കുന്നു. മുറിവിന്റെയും ആനന്ദത്തിന്റെയും രണ്ടു സന്ധ്യകൾ പോലെ ഈ ദിവസം. ഈ കുന്നിൻചെരിവ്. ഈ മരങ്ങൾ. ഈ കരയിൽ എങ്ങുമില്ലാത്ത രണ്ടു കിളികൾ. അവയുടെ ചുണ്ട്, കണ്ണുകൾ. അവയുടെ പറത്തം. അവയുടെ ഒച്ചകൾ. ഇല്ലാത്ത രണ്ടു കരകൾക്കുമിടയിൽ ഞാൻ ആകാശത്തിന്റെ നീലനിറം നോക്കി ഇവിടെ തനിച്ചു നിൽക്കുന്നു.

•

കരകൾ

കാറ്റിൽ ചെറിയ ഇലകൾ വന്നു വീണു. ഇളം ചുവപ്പും മഞ്ഞയും കലർന്ന നിറത്തിൽ. ഈ കരയിലെങ്ങും ഇതു പോലുള്ള ഇലകൾ വളരുന്ന മരം കണ്ടിട്ടില്ല. എവിടെ നിന്നാണവ പൊഴിയുന്നത് ? മറ്റൊരു ഭാഷയിലെ വാക്കുകൾ പ്രത്യക്ഷപ്പെടുന്നതു പോലെ അവ മുറ്റത്തു ചിതറിക്കിടന്നു. പാടത്തിനും കരയ്ക്കും ഇടയിൽ, കൈതക്കാടിനുള്ളിലൂടെ നിശ്ശബ്ദമായി ഒരു ചെറുതോട് ഒഴുകുന്നുണ്ടായിരുന്നു. മുപ്പതു കൊല്ലമായി ഞാനതിന്റെ വക്കത്ത് പോയി നിൽക്കുന്നു. ചരൽക്കല്ലുകളും മുള്ളുകളും കണ്ടു നിൽക്കുന്നു. വെള്ളത്തിൽ വിദൂരമായ നക്ഷത്രങ്ങളുടെ വെളിച്ചം പോലെ മിന്നുന്ന ചെറിയ മീനുകൾ. എവിടെ നിന്നാണവ ഉറവെടുക്കുന്നത്? കാണാതായ ദിക്കുകൾ എപ്പോഴും വന്നു വിളിക്കുന്നു. കാണാതായ ദിക്കുകളിലെ ചെടിയും മരവും മൃഗങ്ങളും മാളങ്ങളും. കാണാതായ ദിക്കുകൾ പൊടുന്നനേ ഒരു നാൾ സ്വപ്നമായി മാറുന്നു. വീടിന്നു മീതെ കുതിർന്നൊട്ടിയ ഒരു കിളി വന്നിരിക്കുന്നു. അതിന്റെ ഉടലിൽ നിന്നുള്ള വെള്ളം എന്റെ ദേഹത്ത് ഇറ്റു വീണുകൊണ്ടിരുന്നു. ഉറക്കം മുറിഞ്ഞു. ആ കിളി എവിടെ നിന്നാണ് വന്നത് ? അതിന്റെ ഭാരം ഏതു കരയുടേതാണ്? ഇരുണ്ട മേഘങ്ങൾ വിചിത്രരൂപിയായ ലിപികൾ പോലെ രാത്രിയെ പൊതിഞ്ഞു. രാത്രിയ്ക്കു വേഗം കുറഞ്ഞു. രാത്രി തീരാതെയായി. കാണാതായ എല്ലാ ദിക്കുകളുടേയും വാക്കുകൾ ആരോ ഉച്ചരിക്കുന്നതു കേട്ടു.

•

ഇലകൾ

ഓരോ ദിവസവും ഏതാനുമിലകൾ നഷ്ടപ്പെട്ടു. അടർന്നു പോയി. ആ വിടവിലൂടെ കാറ്റ് കയറി. ചില്ലകളിൽ വെളിച്ചം തട്ടി. മനുഷ്യരെ ഒന്നൊന്നായികാണാതാവുമ്പോലെ
ചില്ലകൾക്കുമിലകൾക്കുമിടയിൽ വിചിത്രമായൊരു മൗനമുണ്ടായി. ദുഃഖത്തിന്റെയോ ആനന്ദത്തിന്റെയോ ഛായയില്ലാതെ, മറവിയുടെയും ഓർമയുടെയും അർദ്ധതാര്യമായ നിറം പോലെ.

•

വാക്കുകൾ

ചിലപ്പോൾ നമ്മൾ ഒരു മനുഷ്യനരികത്ത്, അല്ലെങ്കിൽ ഒരു മൃഗത്തിനോ വളർത്തുകിളിക്കോ അരികത്ത് അതിൻറെ മരണത്തെ കാത്തുനിൽക്കുന്നു. ചിലപ്പോൾ നമ്മൾ ഒരു തോടിന്റെ വക്കത്ത് മീനുകളെയോ കൊറ്റികളെയോ നോക്കിനിൽക്കുന്നു. ചിലപ്പോൾ മരങ്ങളിലെ പഴുത്ത ഇലകളെ മാത്രം. ചിലപ്പോൾ മേഘങ്ങൾക്കിടയിൽ നിന്ന് തെളിഞ്ഞുവരാത്ത ചന്ദ്രനെ കാത്തുനിൽക്കുന്നു. എപ്പോഴും എന്തോ ഒന്ന് പുതുതായി പിറക്കാനിരിക്കുന്നു എന്ന തോന്നലോടെ. എപ്പോഴും എന്തോ ചുറ്റിലും വളർന്നുകൊണ്ടിരിക്കുന്നു എന്ന തോന്നലോടെ. എപ്പോഴും നമ്മുടെ കാൽപാദങ്ങളിൽ വെള്ളമോ ചെളിയോ പുല്ലിന്റെ ഇതളുകളോ പറ്റിപ്പിടിക്കുന്നു. എപ്പോഴും നമ്മുടെ കൈവിരലുകളിൽ അറിയാത്ത ഭാഷകൾ പറ്റിപ്പിടിക്കുന്നു. എപ്പോഴും ദൂരങ്ങൾക്കിടയിൽ എന്തെങ്കിലും വാക്കുകൾ ഉണ്ടാകുമോ എന്ന് വിചാരിക്കുന്നു. നോക്കിനോക്കി നിൽക്കെ കല്ലുകളിൽനിന്നും മരങ്ങളിൽനിന്നും പക്ഷികളിൽനിന്നും കടലാസുകളിൽനിന്നും നമുക്ക് വാക്കുകൾ ഉണ്ടായി. പരിചിതമായ, മിനുസമില്ലാത്ത, എന്നാൽ ചൂടും മിടിപ്പുമുള്ള വാക്കുകൾ.

•

ഉള്ളടക്കം

ഓരോന്നിന്റെയും ഉള്ളിൽ എന്താണുള്ളത് എന്ന തേടൽ മനുഷ്യർക്ക് സഹജമാണെന്ന് കരുതാം. മരങ്ങളിലെ ഇലപ്പടർപ്പിനുള്ളിൽ, മാളങ്ങൾക്കുള്ളിൽ, മലകൾക്ക് പിന്നിൽ, വെള്ളത്തിനടിത്തട്ടിൽ, കായ്കളുടെയും കല്ലുകളുടെയും ഉള്ളിൽ, തീയിനും വെള്ളത്തിനുമുള്ളിൽ, കൂടുകൾക്കും പൂക്കൾക്കും ഉള്ളിൽ എന്താണുള്ളത് ഇരുട്ടിൽ വെളിച്ചത്തിൽ കാറ്റിൽ എന്താണുള്ളത്? ഉടലിനുള്ളിൽ, തൊലിക്കടിയിൽ, ശ്വാസത്തിനുള്ളിൽ എന്താണുള്ളത് ? ഉള്ളടക്കം ചെയ്യാതെ യാതൊന്നും ഉണ്ടായിരുന്നില്ല ഭൂമിയിൽ. ഉള്ളില്ല എന്നു തോന്നുന്ന നേർത്ത, സുതാര്യമായ, പാടപോലുള്ള, തരിതരിയായ, പദാർത്ഥങ്ങൾ പോലും ഒരു ഉള്ളിനെ പൊതിഞ്ഞു പിടിക്കുന്നുണ്ട്. വിത്തിനെ അതിൻറെ തോടുകൾ. ഹരിതകത്തെ ഇലകൾ. പൊടിപടലങ്ങളെ വെളിച്ചം. മിക്കപ്പോഴും നാം പുറത്തേയും ഉള്ളിനേയും വേർതിരിക്കാൻ ധൃതിപ്പെടുന്നു.വിത്തുകളിൽനിന്ന് അതിൻറെ തോടുകൾ. കൺപോളകളിൽ നിന്ന് കണ്മണി. ഉമിയിൽ നിന്ന് ധാന്യം. കക്കയിൽ നിന്ന് തോട്. ഉള്ള് എവിടെത്തുടങ്ങി എവിടെയവസാനിക്കുന്നു എന്ന് കൃത്യമായി പറയാൻ വയ്യാതെയാകുന്നു. പുറം എവിടെത്തുടങ്ങി എവിടെത്തീരുന്നു എന്നും. രണ്ടിനെയും പരസ്പരം കലർത്തുന്ന ഒരിടം, ഇടസ്ഥലം, എപ്പോഴും ഉണ്ട്, പദാർത്ഥങ്ങളിൽ, അവ നിൽക്കുന്ന പ്രാപഞ്ചികതയിൽ. കല്ലിന്മേൽ പറ്റിച്ചേർന്ന് വളരുന്ന ഒരു ചെടിയെ നോക്കൂ. അതിന്റെ ശരീരം വായുവിലും കല്ലിനുള്ളിലും ആഴ്ന്നിരിക്കുന്നു. അതിൻറെ പുറവും അതിന്റെ ഉൾക്കോശങ്ങളും അതേവിധം കല്ലിലും വായുവിലും ആഴ്ന്നിരിക്കുന്നു. ഇവിടെ രണ്ടു പദാർത്ഥലോകങ്ങളെയും വേർതിരിക്കുന്ന എന്തെങ്കിലും ഉണ്ടെന്ന് പറയാനാവില്ല. ചെടിയുടെ കാണുന്ന, തൊടാവുന്ന, പുറത്തിൽനിന്ന് ചെടിയുടെ ഉള്ളിനെ വേർതിരിക്കാൻ നമുക്കാവുകയില്ല. ചെടിക്ക് ഉള്ളും പുറവും ഒന്നുതന്നെയായിരിക്കുന്നു. കല്ലിനുമതുപോലെ. പറവയ്ക്കുമതുപോലെ. മനുഷ്യരിലേക്ക് വരുമ്പോൾ, ഓർമ്മയെ നോക്കൂ, അത് അമൂർത്തമാണ്. എന്നാൽ അത് ശാരീരികവുമാണ്. ഓർമ്മ, നമ്മുടെ ഉടലിലാണ് പ്രവർത്തിക്കുന്നത്. നാം ഓർമിക്കുന്നതെല്ലാം നമ്മുടെ കോശങ്ങളിലാണ്. നമ്മുടെ ഭാഷാനുഭവങ്ങളും അതുപോലെതന്നെ. വെള്ളം എന്ന വാക്ക് അല്ലെങ്കിൽ ശബ്ദം കേൾക്കുമ്പോൾ നാം വെള്ളത്തെ ഓർമ്മിക്കുന്നു. ഓർമ്മ ഒരു അനുഭവമായിരിക്കെ, അനുഭവങ്ങളൊക്കെയും ശാരീരികമായിരിക്കെ, ഈ വാക്കും ശാരീരികമാകുന്നു. വാക്ക് നമുക്ക് പുറത്തോ ഉള്ളിലോ എന്ന് വേർതിരിയാതെ നമ്മെ ബാധിക്കുന്നു. നമ്മിൽ വളരുന്നു. നമ്മിൽത്തന്നെ മരിച്ചുപോകുന്നു. കവിതയ്ക്ക് ഉള്ളടക്കം ഇല്ലെന്ന് പറയേണ്ടിവരുന്നത് അതിനാലാണ്. അടുക്കിവെച്ച വാക്കുകളുടെ കൂട്ടത്തെ നാം കവിത എന്ന് പറയുന്നു. അത് ഭാഷയുടെ ഒരു പ്രത്യേക ആകൃതിയാണ്. ശബ്ദങ്ങളുടെ പ്രത്യേക ആകൃതിയാണ്. അവ ശരീരത്തിലാണ് നാം സ്വീകരിക്കുന്നത്. അത് ഓർമ്മിക്കുവാനുള്ള ഇടം ശരീരത്തിൽ ഉണ്ടാക്കുന്നു. കവിതയുണ്ടാക്കുന്ന ഭാവങ്ങൾ, അർത്ഥങ്ങൾ, സങ്കൽപ്പങ്ങൾ, എല്ലാമെല്ലാം ഓർമ്മയുടെ ഒരു ചരടിൽ കെട്ടിയിടപ്പെട്ടതാണ്. ഓർമ്മയെന്ന പ്രവർത്തിയില്ലാതെ കവിത സാധ്യമല്ല. അപരിചിതമായ ഒരു വാക്ക് പോലും അപരിചിതത്വത്തെ ഓർമിപ്പിക്കുന്നു. കാണാത്ത പക്ഷിയെ കുറിക്കുന്ന വരികളിൽ കാണാത്ത പക്ഷിയെ സങ്കൽപ്പിക്കാൻ പ്രേരണയാകുന്നു. സങ്കല്പം ഓർമ്മതന്നെയാണ്. ഓർമ്മയെന്നത് കഴിഞ്ഞുപോയതിന്റെ തിരിച്ചുവരവല്ല. അത് ഇപ്പോൾ ഈ മാത്രയിൽ പിറവിയെടുക്കുന്ന ഒന്നാണ്. വാക്ക് ഉരുവിടുമ്പോൾ, വാക്ക് കാതോർക്കുമ്പോൾ, മാത്രമാണ് അതിൻറെ ഓർമ്മയുണ്ടാവുന്നത്. അത് പൊടുന്നനെ രൂപപ്പെടുന്നു. അത് പൊടുന്നനെ മാഞ്ഞുപോവുകയും ചെയ്യേക്കാം. അടുത്ത വാക്കുകളിലേക്ക് നാം നമ്മുടെ ശരീരത്തെ വിട്ടുകൊടുക്കുമ്പോൾ പലതരം ആകാരങ്ങൾ —ഓർമ്മയുടെ ആകൃതികൾ — ശരീരത്തിൽ കണ്ടുമുട്ടുകയും വേർപിരിയുകയും ചെയ്യുന്നു. ഈ ചലനത്തിനിടയിൽ, ഒഴുക്കിനിടയിൽ, പലതരം അനുഭൂതികളിലേക്കുകൂടി നാം എത്തിപ്പെടുന്നു. അതിനാൽ കവിതയ്ക്ക് മറ്റൊരു ഉള്ളടക്കം ഇല്ലെന്ന് പറയുന്നു. കാണുന്ന വാക്കുകളും വരികളുടെ ആകൃതിയും തന്നെയാണ് അതിൻറെ ഉള്ളം. അത് അടക്കം ചെയ്തുവച്ചിരിക്കുന്നത് അതിനെത്തന്നെയാണ്.

•

സഞ്ചാരം

സഞ്ചാരം ഒന്നിൽനിന്ന് മറ്റൊന്നിലേക്ക്, ഒരിടത്തുനിന്ന് മറ്റൊരു ഇടത്തേക്കുള്ള ചലനമാണ്. ഒന്നും മറ്റൊന്നും എന്ന് വേർപിരിഞ്ഞ നിലയിൽ വെവ്വേറെയായ നിലയിൽ ഒരു മുറിവ് നിലനിൽക്കുമ്പോൾ മാത്രമാണ് സഞ്ചരിക്കാനാവുക. ഒന്നിന് അതിൽത്തന്നെ സഞ്ചരിക്കാനാവില്ല, ചലനം സാധ്യമെങ്കിൽക്കൂടിയും. മനുഷ്യർക്ക് പ്രകൃതിയിലെ ഇതര ജീവജാലങ്ങളിലേക്ക് സഞ്ചരിക്കാനുള്ള പ്രേരണയുണ്ട്. മനുഷ്യർ പ്രകൃതിയിലെ ഇതര ജീവജാലങ്ങളെ തന്നിൽനിന്ന് വേറിട്ടുനിൽക്കുന്ന, അകലത്തുള്ള ഒന്നായി കാണുന്നതിനാലാണ് ഈ സഞ്ചാരം സാധ്യമാകുന്നത്. ഒരിടത്തുനിന്ന് നീങ്ങുവാൻ ഒരു വിടവ്, സ്ഥലം, ആവശ്യമാണ്. നിരന്തരമായി നീങ്ങുവാൻ കൂടുതൽ സ്ഥലം, കൂടുതൽ വിടവ്, ആവശ്യമാണ്. അങ്ങനെ വരുമ്പോൾ ആ മുറിവാണ്, ആ വിടവാണ്, സഞ്ചാരത്തെ സാധ്യമാക്കുന്നത്. എനിക്ക് ഒരു പുഴവിലേക്ക്, ഒരു പൂമ്പാറ്റയിലേക്ക്, അപ്രകാരം സഞ്ചരിക്കാൻ വയ്യ. മഴവെള്ളത്തിലേക്കോ വെയിലിലേക്കോ അങ്ങനെ സഞ്ചരിക്കാൻ വയ്യ. പുഴവിനും എനിക്കും ഇടയിൽ, പൂമ്പാറ്റയ്ക്കും എനിക്കുമിടയിൽ, മഴവെള്ളത്തിനും എനിക്കും ഇടയിൽ, നീങ്ങാനുള്ള, ചലിക്കാനുള്ള ഒരു വിടവ്, മുറിവ്, ഇല്ലെന്നതിനാലാവാം ഈ അസാധ്യത. ഒരു ചെടിയിലൂടെ ഒരു പുഴു നീങ്ങുന്നത് നോക്കിനിൽക്കാനാവും. പക്ഷേ പുഴവിലേക്കുള്ള ഒരു സഞ്ചാരമായി ആ നോക്കിനിൽപ്പ് മാറുന്നില്ല. പുഴവിന്റെ നീക്കവും നിൽപ്പും എന്നിൽത്തന്നെയുള്ള നീക്കമായും നിൽപ്പായും അനുഭവമാകുന്നതിനാൽ. എന്റെ തന്നെ അകത്തുള്ളതിനാൽ ആ നിൽപ്പിലും ആ നീക്കത്തിലും എനിക്കു കൗതുകമോ ആശ്ചര്യമോ ഇല്ല. മറിച്ച് നോക്കിനിൽപ്പിന്റെ സ്വാസ്ഥ്യമുണ്ട്. താഴ്ന്നതോ ഉയർന്നതോ അല്ലാത്ത, ദൃഢമോ മൃദുവോ അല്ലാത്ത, വിദൂരമോ സമീപമോ അല്ലാത്ത, ഒരു പ്രശാന്തതയുണ്ട്. ആനന്ദമെന്നതിനെ, ഒരുപക്ഷേ വിളിക്കാം. സഞ്ചാരത്തിന് ഒട്ടും ഇടമില്ലാത്ത ഒരിടത്താണ് ഇപ്രകാരം ഞാൻ പാർക്കുന്നത് എന്നത് ഒരു സാധ്യതയും ഒരുപക്ഷേ പരിമിതിയും ആയിരിക്കാം. എനിക്ക് ഇപ്പോൾ തീർച്ചയില്ല.

•

അനുകമ്പ

ജീവിതത്തെ ആവരണം ചെയ്തുനിൽക്കുന്ന നിഗൂഢപ്രപഞ്ചവുമായി, ദൃശ്യവും അദൃശ്യവുമായ അതിൻറെ നാനാരൂപത്തിലുള്ള ആവിഷ്കാരങ്ങളുമായി, നമ്മുടെ ഉടലിന് സാധ്യമാവുന്ന സ്പർശം നമ്മുടെതന്നെ ഉള്ളിൽ ഉണർത്തുന്ന കമ്പനങ്ങളാണ് അനുകമ്പ. ഒന്ന് മറ്റൊന്നിന് കൈമാറുന്ന ചലനം. താളക്രമങ്ങളുടെ തുടർച്ച. വർണ്ണങ്ങളുടെ കൂടിച്ചേരൽ. നിഴൽ / വെളിച്ചം, ആകാശം /ഭൂമി, തീയ്യ് / വെള്ളം, വിചാരം /വികാരം, ശരീരം / ബോധം, തുടങ്ങിയുള്ള നിരവധി ഇരട്ടകളുടെ മാഞ്ഞില്ലാതെയാകൽ. ഒന്നിൽനിന്ന് മറ്റൊന്നിലേക്ക് പടരുന്ന പ്രാണനും മരണവും. ഇമ്മിണി ബല്യ ഒന്നാവാൻ ബഷീറിനെ പ്രേരിപ്പിച്ച അതേ കലർപ്പ്. ജീവപ്രപഞ്ചവുമായും വസ്തുപ്രപഞ്ചവുമായും മനുഷ്യർക്ക് സാധ്യമായ സ്പർശാനുഭവങ്ങളെ, അനുകമ്പയെ, നിരന്തരമായി സ്വീകരിക്കുകയും അതേപ്പറ്റി വിചാരിക്കുകയും അനുകമ്പയെന്ന ജീവാനുഭവത്തെ കാവ്യാദർശമായി പരിവർത്തിപ്പിക്കുകയും ചെയ്തു, നാരായണഗുരുവും പൊയ്കയിൽ അപ്പച്ചനും.

അനുകമ്പയെന്നത് ശാരീരികമായ ഒരു അനുഭവമാണ്. ശാരീരികം എന്നത് ഇന്ദ്രിയബദ്ധവും മൂർത്തവും ആണ്. വസ്തുവോ പ്രാണിയോ സ്ഥലമോ നേരമോ ആവട്ടെ, അവയെ തൊട്ടുനോക്കാൻ മനുഷ്യശരീരത്തിൽ (മനുഷ്യബോധത്തിൽ) അനവധി സൂക്ഷ്മ ജ്ഞാനേന്ദ്രിയങ്ങൾ നിലനിൽക്കുന്നു. ഇങ്ങനെ സ്വന്തം ശരീരാതിർത്തികൾക്കു പുറത്തോ ഉള്ളിലോ വർത്തിക്കുന്ന പ്രപഞ്ചാവിഷ്കാരങ്ങളുമായി ഒരു ജീവബന്ധം സാധ്യമാവുകയും ആ ബന്ധം നമ്മിൽ ഉണർത്തുന്ന ചലനങ്ങൾ നമ്മെത്തന്നെ, നമ്മുടെ ലോകവീക്ഷണത്തെത്തന്നെ പരിവർത്തിപ്പിക്കാൻ തക്കവണ്ണം ശക്തമായ ഒന്നായിത്തീരുകയും ചെയ്യുന്നു. സ്വന്തമെന്ന് നാം കരുതിപ്പോരുന്ന ഉടലിനെ കഴിയാവുന്നത്ര വിസ്തൃതവും സൂക്ഷ്മവും സംവേദനക്ഷമവും ആക്കുന്ന നിരന്തരധ്യാനമായിരുന്നു നാരായണഗുരുവിൻറെ ജീവിതവും കവിതയും. അപരം എന്നത് മാഞ്ഞുപോകുന്ന വിധം ഉടൽ വിപുലമാകുന്ന ഒരു ചര്യ, നിത്യവൃത്തികളിലും ഭാഷാവൃത്തികളിലും ഗുരു പിന്തുടർന്നുപോന്നു. പൊയ്കയിൽ അപ്പച്ചന്റെ കവിതകളും ജീവിതവും ഇതേ ജീവിതദർശനത്തിന്റെ തുടർച്ചയും പടർച്ചയും ആയി കാണാനാവും. സ്വന്തം ഉടലിനെ അടിമവംശത്തിന്റെ മുഴുവൻ ഉടലുകളുമായി തുന്നിച്ചേർക്കുവാൻ തക്ക ആഴവും വിചാരപ്പരപ്പും അപ്പച്ചന്റെ പ്രവൃത്തികളിലും പാട്ടുകളിലും നമുക്ക് കേൾക്കാം. സാഹോദര്യം എന്ന പദം അതിനു സാധ്യമായ വിധം പ്രപഞ്ചത്തെ ഒരൊറ്റ അമ്മയിൽ നിന്ന് ഉറവെടുത്തതായി കാണിച്ചുതരുന്നു.

•

തോടുകൾ

ചെറുതായി അടർന്നു തുടങ്ങിയ ഒരു കായിന്റെ തോടുകൾ വേർപെടുത്തി നോക്കും പോലെ, അകത്തെ ഇരുളിൽ അടുക്കിവച്ച ചെറിയ വിത്തുകൾ കാണുന്നതുപോലെ, രാത്രിയുടെ വിളുമ്പിൽ നിൽക്കുന്നു. ഈ മണ്ണിൽ, പൊഴിഞ്ഞ ഇലകളും പൊടികളും ഉവലുകളും ചുള്ളിക്കമ്പുകളും. ഒരു വലിയ കാറ്റ്, ഒരു പേമാരി, ഇതിലൂടെ കടന്നുപോയത് പറയുന്നു. നനഞ്ഞ ഇലകൾ. നനഞ്ഞ മരക്കമ്പുകൾ. ആ നനവ്, അരണ്ട വെളിച്ചവും, ഉടലിലേക്ക് പതുക്കെപ്പടരുന്നു. ഏറ്റവും ആദ്യം ഉടലിൽ എഴുതിയ ഓർമ്മപോലെ. ഈ ഭൂമിയിൽ ആദ്യം വന്നിറങ്ങിയതെന്ന വിധം, പദാർത്ഥങ്ങളിൽ പ്രാണൻ അനങ്ങിത്തുടങ്ങുന്ന കാലത്തുടക്കമാണെന്ന ഒരു തോന്നലിൽ, ഒന്നിൽ നിന്നും വേർപെടാതെ, ഓരോന്നിലുമോരോന്നിലും കലരുന്നു. കലർന്ന നനവിലും കലർന്ന ഇരുളിലുംനിന്ന് പ്രാണികൾ ഉണ്ടാവുന്നു. അവയ്ക്ക് മിടിപ്പും ചിറകും ശബ്ദവും ഉണ്ടാവുന്നു.
മുഴുവൻ തുറക്കാത്ത തോടുകൾ ഇവിടെ നാമുപേക്ഷിക്കുന്നു. എന്നാൽ ഒരിക്കലും വിട്ടുപോവാതെ. ഒരിടത്തും മാഞ്ഞുപോവാതെ.

മലമുടികൾ മേഘങ്ങളിൽ കലരുന്നു

മേഘങ്ങൾ സന്ധ്യയിൽക്കലരുന്നു

അടിവാരമാകെ മഴയും കുതിർന്ന വരമ്പുകളും

ഈ മൃഗത്താരയിലൂടെ നടന്നുപോകുമ്പോൾ

ഈയുടലിൽനിന്നനേകമുടലുകളഴിഞ്ഞുമായുന്നു

•

വാക്കുകൾ

വാക്കുകൾ ഉണ്ടാവുന്നത് എങ്ങനെയാണ് ? ഭാഷയുടെ തുടക്കത്തിൽ, ശബ്ദങ്ങൾ ഉരുവപ്പെട്ടത്? വെള്ളമെന്ന ശബ്ദത്തിൽ, വാക്കിൽ, ഒരു പദാർത്ഥം മാത്രമല്ല ഉള്ളടങ്ങിയിരിക്കുന്നത് എന്ന് നാം വിചാരിക്കാറുണ്ടോ? വെളിയിൽ, വെളിച്ചത്തിൽ, ആയിരിക്കുന്നതാണ് വെള്ളമെന്ന് വിചാരിച്ചുതുടങ്ങുമ്പോൾ ഒരു പദാർത്ഥം, അതിൻറെ നിൽക്കുമിടവും നിൽക്കും കാലവും കൂടി ആ ശബ്ദത്തിന്, ആ വാക്കിന് പകരുന്നു. പദാർത്ഥം, പദത്തിന് അർത്ഥം നൽകുന്നു എന്നു പറയാം. അർത്ഥം ആവുന്നത് പദാർത്ഥത്തിന്റെ മുഴുവനായുള്ള ചുറ്റുപാടുകൾ, ജീവിതം, തന്നെയാണ്. ആ ചുറ്റുപാടിൽനിന്ന്, ആ ജീവിതത്തിൽനിന്ന്, പദാർത്ഥത്തെ വേർപ്പെടുത്തുമ്പോഴെല്ലാം അതിൻറെ അർത്ഥങ്ങളിൽനിന്ന് കൂടി വേർപ്പെടുത്തുന്നു. വെള്ളം, അങ്ങനെ മറ്റൊന്നായിത്തീരുന്നു. മരങ്ങൾ മരങ്ങളാവുന്നത്, കല്ലുകൾ കല്ലുകളാവുന്നത്, പാറ്റ പാറ്റയാവുന്നത്, പുഴ പുഴവാകുന്നത് - ഒക്കെയും ഓരോതരം ജീവിതത്തെക്കൂടി പറയുന്നു. ഓരോതരം ലോകത്തെ, ലോകബോധത്തെ, ഉണ്ടാക്കുന്നു. പകരുന്നു. കല്ല് എന്ന പദത്തിൽ കല്ലിൻറെ ആയിരിക്കൽ, ഉൺമ (being) ഉള്ളടക്കം ചെയ്തിരിക്കുന്നു. അത് സ്ഥലബദ്ധമാണ്. ഒരു സവിശേഷ കാലത്തിലും ആണ് (കാലത്തെ മൂർത്തമായ ഒന്നായി നാം കാണുന്നുവെങ്കിൽ മാത്രം). വാക്കുകൾ സ്ഥല-കാലങ്ങളിൽ ഉണ്ടാവുകയും ഇല്ലാതാവുകയും ചെയ്യുന്നു. അതുകൊണ്ട് പാറുന്ന നേരം മാത്രം ഒരു പ്രാണി, പാറ്റയും പറക്കുന്നതുകൊണ്ട് പറക്കുന്ന നേരം മാത്രം ഒരു കിളി, പറവയും കനിയുന്നതിനാൽ, അലിഞ്ഞു കുതിരുന്നതിനാൽ ആ നേരം മാത്രം ഒരു കായ്, കനിയാവുകയും ചെയ്യുന്നത് നോക്കൂ. ഇടം എന്നത് ഇടയിലുള്ള സ്ഥലം ആവുന്നത് ഒന്നിൽ കൂടുതൽ ശരീരങ്ങളെ സങ്കൽപ്പിക്കാനാവുമ്പോൾ മാത്രമാണ്. നിൽക്കാനിടം എന്നു പറയുന്നതിൽ ഈ ഉടലിന് അതിന്റേതല്ലാത്ത ഒരു വലിയ ശരീരത്തിലേക്ക് കയറി നിൽക്കാനുള്ള ഇട-സ്ഥലം, ഇട-നേരം, ആവശ്യമായതിനാലാണ്.

എല്ലാ ശരീരവും ഒന്നെന്ന അറിവിൽ എത്തിച്ചേർന്നവർ തനിക്കായി ഒരിടം വേണമെന്ന് കരുതുകയില്ലല്ലോ? അവിടെ ശരീര-ഭേദമില്ല. അതിനാൽ വിടവുകളും ഇടങ്ങളും ഇല്ല. ആയിരിക്കുക മാത്രമേയുള്ളൂ. നാരായണഗുരുവിനെ പദാർത്ഥബോധം, പദവും അർത്ഥവും ചേരുന്നത് തന്നെ, ഓർമ്മിക്കാതെ വയ്യ. ഭാഷയുടെ തുടക്കത്തിൽനിന്നുള്ള, ഉറവിടത്തിൽനിന്നുള്ള, ഒരു നീരൊഴുക്കായി, നീങ്ങലായി, അത് കാണുന്നു, കേൾക്കുന്നു.

•

കുഴിപ്പിഞ്ഞാണം

ഒരു കുഴിപ്പിഞ്ഞാണം. വെള്ളമോ അന്നമോ അതിൽ നിറയുന്നു. നീട്ടിപ്പിടിച്ച് ഓരോ വീടിന്റെയും ഓരോ വാതിലിന്റെയും മുമ്പിൽ ചെന്നുനിന്നു. വിശപ്പടങ്ങാൻ,ദാഹമടങ്ങാൻ, എന്തെങ്കിലും. ഒരു പിടിച്ചോറ്, തണുത്ത കഞ്ഞി, ഒരു ഇറച്ചിത്തുണ്ട്, ഒരപ്പം. ഓരോ കുഴിപ്പിഞ്ഞാണവും വിഹാരത്തിലേക്ക് മടങ്ങിവന്നു. വലിയ ഒരൊറ്റപ്പിഞ്ഞാണമായി. ഒരുമിച്ച് അനേകരുടെ വിശപ്പും ദാഹവും അകറ്റി. രണ്ടു കൈകൾ ചേർത്ത് പിടിക്കുമ്പോൾ ശരീരം തന്നെ ഒരു പാത്രമായി മാറി കുഴിയുള്ള ഒരു പിഞ്ഞാണം തെളിഞ്ഞ വെള്ളം, കട്ടിയുള്ള മൗനം, നിലാവ്, വേദന, മോഹം, വിരഹം, ശാന്തി, അങ്ങനെ ഓരോ നേരവും ഓരോന്ന് ഏറ്റുവാങ്ങുന്നു. നിറയുന്നു. തൃപ്തി വരുന്നു. ദുഃഖമടങ്ങുന്നു. മുറിവുണങ്ങുന്നു. അഭയം തിരഞ്ഞ്, പിറന്ന നാട്ടുവിട്ട് ഓടിപ്പോകുന്ന ഭിക്ഷുക്കൾ ഓരോ വാതിലുകളും വന്ന് നിൽക്കുന്നു. ഒഴിഞ്ഞ രണ്ട് കൈകളും ചേർത്തുപിടിച്ചു നീട്ടുന്നു. അന്നമോ വെള്ളമോ തേടുന്നു , ഉള്ളിലും ഉടലിലും ഉള്ള മുറിവുണക്കുവാൻ. കളിമണ്ണിൽ ശില്പമുണ്ടാക്കുന്ന ഒരാൾ എന്നും ഈ കുഴിപ്പിഞ്ഞാണം ഉണ്ടാക്കുന്നു. എന്നും ഒരേ ആകൃതി. ഒരേ വലിപ്പം. ഒരേ വിധം ഉള്ളും വക്കും. ഒരേ ചായം പുരട്ടുന്നു. തീയിൽ ചുട്ടെടുക്കുന്നു. വീണ്ടും വീണ്ടും മണ്ണ് കുഴയ്ക്കുന്നു. അയാളുടെ കൈവിരലുകൾ എന്നും ഒരേ വാക്കുകൾ ഉരുവിടുന്നു. എന്നാൽ ഓരോ കുഴിപ്പിഞ്ഞാണവും ഓരോന്ന്. മാറുകയും മാറാതിരിക്കുകയും ചെയ്യുന്നു. പുരാതനവും പുതുതമായിരിക്കുന്നു. നിറയുകയും ഒഴിയുകയും ചെയ്യുന്നു. ദുഃഖവും ആനന്ദവും നിറയുന്നു. പൊട്ടുകയും പൊടിഞ്ഞു പോകുകയും ചെയ്യുന്നു. എങ്കിലും എല്ലാ നാളിലും അയാൾ തൻറെ ഇരുകൈകളും ചേർത്തുപിടിച്ച് അതിലേക്ക് നോക്കിനിൽക്കുന്നു. ഭൂമി, ആ കൈകളിൽ ഒതുങ്ങി. ആകാശങ്ങളും നക്ഷത്രങ്ങളും. ജീവനും മരണവും. ഒട്ടും തുളുമ്പാതെ. തൂകിപ്പോകാതെ. ഒഴിഞ്ഞ്.

•

ഉടൽ

അരണ്ട വെളിച്ചമുള്ള ഈ സന്ധ്യയിൽ നീണ്ടുനിവർന്നു കിടന്നു, തൊണ്ണൂറ്റു കൊല്ലം ഭൂമിയിൽ പാർത്ത ഒരാൾ, ഒരു പെണ്ണ്, വെറും തറയിൽ, ഒരു നേർത്ത ശീലയുടെ കൂടി ചൂടില്ലാതെ. മെലിഞ്ഞ കൈകൾ, മെലിഞ്ഞ കാലുകൾ, ഒട്ടിയ മുലകൾ, ഇടുങ്ങിയ അരക്കെട്ട്. ഇരുന്നൂറു കൊല്ലം അല്ലെങ്കിലായിരം കൊല്ലം ഭൂമിയിൽ പാർത്ത ഒരു മരം. കാടിനുള്ളിൽ, ഒരു ചോലയുടെ വക്കിൽ, വെളിച്ചവും വെള്ളവും കുടിച്ച്, ഓർമ്മ തെറ്റി, വേഗം കുറഞ്ഞ്, നോട്ടം മങ്ങി, ഭാരം കുറഞ്ഞ്, പതുക്കെപ്പതുക്കെ ദ്രവിച്ചുകൊണ്ട് കിടന്നു, വെറും മണ്ണിൽ, പൊഴിഞ്ഞ ഇലകൾക്കുമീതെ, കുതിർന്ന മഴക്കാലത്തിനു താഴെ, ഒരു നേർത്ത ശീലയുടെ കൂടി ചൂടില്ലാതെ, നഗ്നമായി, ഭാഷകൾ മാഞ്ഞ്, ഉടലിലാകെയും മുറിവിന്റെ കലകൾ. പല കാലങ്ങളുടെ പാടുകൾ. തുന്നലുകൾ. ചോര കല്ലിച്ച നിൽപ്പുകൾ. പച്ചകുത്തിയ രൂപങ്ങൾ. നരച്ച മുടിയിഴകൾ, പൊത്തുകൾ, വരിവരിയായി നീങ്ങുമുറുമ്പുകൾ, ഉറങ്ങുന്ന പുഴക്കൂട്ടുകൾ, വിറക്, ഇരുമ്പ്, പഴം, ഇലകൾ, തുണി, ചോര, നെന്മണികൾ, പൂവുകൾ, മുലകൾ, കുഞ്ഞിക്കാലുകൾ, പൊക്കിൾനൂലിഴകൾ, നെറ്റിത്തലോടൽ, നഖങ്ങൾ, എല്ലാമെല്ലാം തൊട്ട നീണ്ട കൈവിരലുകൾ, പൊതിഞ്ഞ പായലുകൾ, ചുരുളികൾ, ഒട്ടിപ്പിടിച്ച ചിലന്തിനൂൽപാതകൾ, വിരിയുന്ന മുട്ടകൾ, സൂര്യന്റെയും ചന്ദ്രന്റെയും സ്പർശം. അടിഞ്ഞുകൂടിയ കാറ്റുകൾ. ഗ്രഹണങ്ങൾ. മൃഗങ്ങളുരഞ്ഞ മണങ്ങൾ, സർപ്പമിഴഞ്ഞ തരിപ്പുകൾ, അടിവയറ്റിൻ തീയാന്തലുകൾ, ആവർത്തിക്കുന്ന ചോരച്ചാലുകൾ, തീരാത്ത നോവ്, കൈത്താളങ്ങൾ, ചുരുണ്ട പേടികൾ, ശബ്ദങ്ങൾ, വിട്ടു പോകുന്ന പക്ഷികൾ, കലപ്പകൾ, മൺകുടങ്ങൾ, ഉണങ്ങുന്ന പയറ്റുവിത്തുകൾ, തേടുന്ന മീനുകൾ, കാണാത്ത ശലഭങ്ങൾ, വന്നിരിക്കുന്ന മേഘങ്ങൾ, തെഴുക്കുന്ന തളിരുകൾ, പച്ചക്കായ്കളുടെ ഭാരം, തകർന്ന കൊമ്പുകൾ, വെളുത്ത കൂണുകൾ, പൂപ്പലുകൾ, നൃത്തംനിലയ്ക്കാത്ത പ്രാണികൾ, മൗനത്തിൻറെ ചെറിയ ചെറിയ തരികൾ, അടഞ്ഞ രണ്ടു കണ്ണുകൾ. പതുക്കെ, വളരെ വളരെപ്പതുക്കെ, അടർന്നുപോകുന്നു.

•

ഇരുൾ

ഇരുളാണ് അനന്തത. ഇരുളിലാണ് പ്രാണന്റെ ഉറവ്. ഇരുളിലാണ് പ്രാണന്റെ മരണവും മറവും. ഇരുളിൽനിന്ന് നിശബ്ദതയുടെ അലകളുണ്ടായി. എല്ലാ നിശബ്ദതകളും ഇരുളിന്റെ വിത്തുകൾ പൊതിഞ്ഞുപിടിച്ചു. ഇരുളിനുള്ളിൽ നാം ഓർമ്മത്തരികൾ പോലെ അവിടെവിടെ പറ്റിപ്പിടിക്കാൻ ശ്രമിച്ചുകൊണ്ടിരുന്നു. ഇരുളിനുള്ളിൽ നാം നക്ഷത്രരാശികൾ ഉറ്റുനോക്കിനിന്നു. വെളിച്ചമുള്ള തീക്കട്ടകൾക്ക് പിറകെ സഞ്ചരിച്ചു. എന്നാൽ എല്ലാം മൗനത്തിൻറെയും ഇരുളിന്റെയും മടിയിൽ ഇളകിക്കൊണ്ടിരിക്കയായിരുന്നു. ഈ ഭൂമി, ഈ ചന്ദ്രൻ, ഈ നക്ഷത്രം, ഈ ക്ഷീരപഥം, ഈ പ്രപഞ്ചമാകെയും. തീരാതിരുളിൽ തീരാതെ തീരാതെ അലയുന്ന മൗനമായി. തടാകപ്പരപ്പിൽ പൂവിതളുകൾ, ഇലകൾ, പൊടികൾ. അമ്മയുടലിനുള്ളിൽ ഉരുവായിക്കൊണ്ടിരിക്കുന്ന കുഞ്ഞ്. ഭാഷകൾക്കുള്ളിൽ അർത്ഥരഹിതമായ വാക്കുകൾ. വിരലുകളിൽ ചുറ്റുവരകൾ. ഇലകളിൽ പ്രകാശമിറങ്ങുന്നത് നോക്കിനിൽക്കുന്ന പകലുകൾ ആരുടെയോ ഒരു വെറും തോന്നൽ. ഒന്നുകൂടെ നോക്കുമ്പോൾ പ്രകാശത്തിനുള്ളിൽ നൂറായിരം ഇരുൾ കണങ്ങൾ നൃത്തം തുടരുന്നത് കണ്ടു. കണ്ണിലും കാഴ്ചയിലും സ്പർശത്തിലും ഇരുളിന്റെ അതി സൂക്ഷ്മ സ്തരങ്ങൾ. ഒറ്റക്കോശങ്ങൾ. പ്രാണൻ. അതിനാലാണ് രാത്രികൾക്ക് കനമുള്ള ഈ നിശബ്ദത. രാത്രികൾക്ക് എല്ലാ അവയവങ്ങളിലും അനന്തത. തീരാ യ്ക. അറ്റമില്ലായ്ക. ആഴ്ന്നുപോകൽ. അതിനാലാണ് സന്ധ്യകൾ അനന്തതയുടെ തുടക്കമായത്. അതിനാലാണ് പുലർനേരങ്ങൾ അനന്തതയുടെ അരികായത്. നട്ടുച്ചയുടെ നെറുകിലും അതേ ഇരുളിന്റെ പത്തി വിടർന്നു നിൽക്കുന്നു. ഇഴയുന്നു. ചുരുണ്ടുകിടക്കുന്നു. ഓരോ പൂവിതളിലും പരാഗത്തരിയിലും അതേ ഇരുളിന്റെ പാട തങ്ങിനിൽക്കുന്നു. പക്ഷികളുടെയും പഴങ്ങളുടെയും പച്ചിലകളുടെയും പുല്ലിന്റെയും ഉടലിൽ അതേ ഇരുൾ മൂടി നിൽക്കുന്നു. പകൽ നമുക്ക് നക്ഷത്രത്തീ കാണാൻ വയ്യാത്തതുപോലെ, പകൽ നമുക്ക് ഇരുളിന്നനന്തതയും കാണാൻ വയ്യാതിരിക്കുന്നു. നമ്മുടെ കൺപോളകൾക്കു മീതെ, പക്ഷേ, ഇരുൾ നിശബ്ദമായി കനംവയ്ക്കുന്നു.

•

വെള്ളം

കാണുന്ന ദ്രവമാണ് വെള്ളം. വെളിച്ചത്തിൽ ആയിരിക്കുന്നതാണ് നാം കാണുന്നത്. വെളിച്ചം എല്ലാം കാണിച്ചു തരുന്നു. വെളിച്ചം തുറസ്സാണ്. തുറന്നതാണ്. പുറമാണ്. വെളിച്ചവും വെള്ളവും ഒരേ ധാതുവിൽ നിന്ന് പുറപ്പെട്ട രണ്ടു വാക്കുകളാണ്. 'വെൾ' എന്നാൽ പുറം. പുറത്തുള്ള പദാർത്ഥങ്ങളിൽ മാത്രമേ പ്രകാശം വീഴുന്നുള്ളൂ. പ്രകാശം വീഴുന്ന പദാർത്ഥങ്ങൾ മാത്രമേ കാഴ്ചപ്പെടുന്നുള്ളൂ. മറഞ്ഞിരിക്കുന്നത്, അടഞ്ഞിരിക്കുന്നത്, ഉള്ളിലിരിക്കുന്നത്, എല്ലാം പ്രകാശത്തിൽ നിന്ന് വിട്ടുനിൽക്കുന്നു. വെള്ളം ഉറവക്കണ്ണിലൂടെ പുറംലോകത്തേക്ക് വരുമ്പോഴാണ് 'വെള്ളം' ആവുന്നത്. വെളിയിൽ എത്തുമ്പോൾ, വെളിച്ചത്തിൽ എത്തുമ്പോൾ, മാത്രമാണ് വെള്ളം ആവുന്നത്. അകത്തിരിക്കുന്ന ദ്രവം നീരാണ്, വെള്ളമല്ല. കണ്ണുനീര് പോലെ അകത്തുനിന്ന് കിനിഞ്ഞ് പുറത്തേക്കു നീങ്ങുന്നു. പഴങ്ങളുടെ നീര്. തൊലിയടർന്ന് പുറത്തേക്ക് ഒലിക്കുന്ന ചോര. ഉടലിനകത്ത് ഒഴുകുന്ന നീര്. കെട്ടിനിൽക്കുന്ന നീര്. വറ്റിപ്പോകുന്ന ഉമിനീര്. ഭൂമിയിൽ മറഞ്ഞു കിടക്കുന്നു എല്ലാ നീരൊഴുക്കുകളും. ഭൂമിയിൽ കാണുന്നു ചോലകളും പുഴകളും. തെളിയുന്ന നീര്, തെളിനീര്, ഉറവയിൽ, തുടക്കത്തിൽ, മാത്രമാണുള്ളത്. അതിനാലാണ് അത് നീരായിരിക്കുന്നത്. വെള്ളമാകാതിരിക്കുന്നത്. വെള്ളം വെളിച്ചം തന്നെയാകുന്നു. വെള്ളം പുറം തന്നെയാകുന്നു. വെള്ളം എപ്പോഴും കാണാവുന്നത്. നീര് എപ്പോഴും മറഞ്ഞിരിക്കുന്നത്. നീര് ഉറവിടത്തെ കുറിച്ച് പറയുന്നു. പഴത്തെ, ഉടലിനെ, ഭൂമിയെ, കണ്ണുകളെ, ദാഹത്തെ, ദുഃഖത്തെ, അടിത്തട്ടിനെ എല്ലാം പറയുന്നു. നമ്മെ വേരിലേക്ക് വിളിക്കുന്നു.

•

നടന്നു പോകാവുന്ന ദിക്കുകൾ

പതിവായി കാട്ടിനുള്ളിലൂടെ നടന്നു പോകുന്നു. ആനത്താരകളിൽനിന്ന് അകന്നുനിൽക്കുന്നു. നരിയിറങ്ങുന്ന ചെരുവിൽ നിശബ്ദരാകുന്നു. കാടിൻറെ ആ ചെരിവിലേക്ക് ഒരിക്കലും പോകാതിരിക്കുന്നു. പുഴയുടെ ആ കടവിലേക്ക് ഇറങ്ങാതിരിക്കുന്നു. എന്നാൽ നിത്യവും കാട്ടിനുള്ളിലൂടെ സഞ്ചരിക്കുന്നു. അന്നം തേടുന്നു. വിറകുപെറുക്കുന്നു. മൃഗങ്ങളെയും പക്ഷികളെയും നോക്കിനിൽക്കുന്നു. ഇലകളെയും പൂക്കളെയും കണ്ടുനിൽക്കുന്നു. ചില കായ്കൾ പറിയ്ക്കുന്നു. ഇലകൾ നുള്ളുന്നു. പൂക്കൾ ഇറുക്കുന്നു. പുഴയിലെ വെള്ളത്തിൽ നീന്തുന്നു. മീൻ പിടിക്കുന്നു. പാറയിൽ ഇരുന്നു വെയിൽ കായുന്നു. പാട്ടുപാടുന്നു. കഥ പറയുന്നു. മഴ കൊള്ളുന്നു. രാത്രിയിലൂടെ നടക്കുന്നു. ഓരോന്നിനും കാണാൻ വയ്യാത്ത ഒരു അതിര് സങ്കൽപ്പിക്കുന്നു. അതിനപ്പുറത്തേക്ക് പോകേണ്ടതില്ലെന്ന് ഉറപ്പിക്കുന്നു. ഈ മരത്തിൽ നിന്ന് എല്ലാ തേൻകൂടുകളും മുറിച്ചെടുക്കേണ്ടതില്ലെന്ന് വിചാരിക്കുന്നു. മുട്ടകൾ ഉള്ള ചെറിയ കൂടുകൾ വിട്ടുപോകുന്നു. ഉയരമുള്ള കൊമ്പുകളിലെ പഴങ്ങളും കായ്കളും വീഴ്ത്താതിരിക്കുന്നു. എല്ലാം ഓർക്കുന്നു. കാണുന്നു. കേൾക്കുന്നു. പങ്കുവയ്ക്കുന്നു. ദാഹമകലുന്നു. പശിയടങ്ങുന്നു. മതിവരുന്നു.

•

നഷ്ടപ്പെട്ടുപോയ വാക്കുകൾ

ഒരിക്കൽ നാം ജീവിച്ചിരുന്ന സ്ഥലങ്ങളുടെ മീതെ മണ്ണ് വീഴുന്നു. മണ്ണിൻറെ അടിയിലേക്ക് ആ സ്ഥലം മറഞ്ഞുപോകുന്നു. ചിലപ്പോൾ ഒരു തോടിന്റെ കരയോ മരങ്ങൾ വളർന്നുനിൽക്കുന്ന ഒരിടമോ നമ്മൾ നമുക്ക് വേണ്ടപ്പെട്ട മറ്റാരെങ്കിലുംദീർഘകാലം ജീവിച്ചിരുന്ന ഒരു വീട്, വളർത്തുമൃഗങ്ങളുടെ ഒരു തൊഴുത്ത്, ഒരു ആല, ഒഴിഞ്ഞ ഒരു പറമ്പ്, അങ്ങനെ ഏത് സ്ഥലവും കനത്തിൽ വന്നുവീഴുന്ന മണ്ണിനടിയിലേക്ക് മറഞ്ഞു പോയിരിക്കുന്നു. എന്നാൽ ആ സ്ഥലം ഇപ്പോഴും എവിടെയോ നിലനിൽക്കുന്നു എന്ന തോന്നൽ നമ്മിലുണ്ട് . ആ സ്ഥലം തിരഞ്ഞ് നമ്മൾ അതേ ഇടങ്ങളിൽ ചെന്നു നോക്കുന്നുണ്ട്. പരതി നോക്കുന്നുണ്ട്. എവിടെയും അത് കണ്ടെത്താൻ കഴിയാതെ നമ്മൾ മടങ്ങിപ്പോരുന്നു. പക്ഷേ നമ്മുടെ ദാഹം ശമിക്കുന്നില്ല. നമ്മുടെ ഉള്ളിൽ, നമ്മുടെ കോശങ്ങളിൽ, എവിടെയോ ആ സ്ഥലം ഇപ്പോഴും മരണത്തിന് വിട്ടുകൊടുക്കാതെ, പൂർണമായും മാഞ്ഞുപോകാതെ നിലനിൽക്കുന്നു. ആ ജീവിതം ഓർമ്മയുടെ ഒരു പ്രവൃത്തിയാണ്. ഓർമ്മയിൽ മാത്രമാണ് ആ സ്ഥലം ഇപ്പോഴും അവശേഷിക്കുന്നത്. ആ സ്ഥലം എന്നാൽ ആ കാലാവസ്ഥയും ആ കാലവും അതിൽ പെരുമാറിയ സസ്യ ജന്തുജാലങ്ങളും മനുഷ്യരും മനുഷ്യരുടെ പെരുമാറ്റങ്ങളും മനുഷ്യരുടെ സങ്കൽപ്പങ്ങളും മനുഷ്യർ ആയിടത്തെപ്പറ്റി രൂപീകരിച്ചിട്ടുള്ള ഭാവനകളും അനുഭവങ്ങളുടെ ചരിത്രവും എല്ലാമാണ്. അതാണ് നമ്മുടെ ഓർമ്മയിൽ മാത്രമായി അവശേഷിക്കുന്നത്. അതുകൊണ്ടാണ് നാം എഴുതുമ്പോൾ, ഭാഷയിൽ മുഴുകുമ്പോൾ, നമ്മുടെ ഓർമ്മകളിലെ സ്ഥലങ്ങൾ വീണ്ടും വീണ്ടും ഉയിർത്തെഴുന്നേറ്റുവരുന്നതായി തോന്നുന്നത്. വാക്കുകളിലാണ് നാം ആ സ്ഥലം കാണുന്നത്. ആ മനുഷ്യരെ കാണുന്നത്. ആ മരങ്ങളെയും പുല്ലിനെയും ചെടികളെയും ആ ജന്തുജാലങ്ങളെയും കാണുന്നത്. ആ നിഴലുകൾ കാണുന്നത്. ഭാഷ ജീവനുള്ള ഒന്നായി മാറുന്നത് ഓർമ്മിക്കുമ്പോൾ മാത്രമാണ്. ഓർമ്മ ഭൂമിയിൽ മനുഷ്യർ ഇല്ലാതായിക്കഴിഞ്ഞാലും, ഭൂമി തന്നെ ഇല്ലാതായിക്കഴിഞ്ഞാലും അവശേഷിക്കുന്ന ഒരു ആവാസവ്യവസ്ഥയാണ്. മനുഷ്യരുടെ ഓർമ്മ മാത്രമല്ല മനുഷ്യരുടെ ഓർമ്മയിൽ സസ്യങ്ങളുടെ ഓർമ്മയും ജന്തുക്കളുടെ ഓർമ്മയും ചരാചരങ്ങളുടെ ഓർമ്മയും ആകാശങ്ങളുടെ ഓർമ്മയും നക്ഷത്രങ്ങളുടെ ഓർമ്മയും എല്ലാം ഉള്ളടങ്ങിയിരിക്കുന്നു. ഓർമ്മ, കണ്ണി ചേർന്ന് കണ്ണിചേർന്ന് അനന്തമായിത്തുടരുന്ന, ആദ്യാവസാനങ്ങളില്ലാത്ത, ഒരിക്കലും മാഞ്ഞു പോകാത്ത, ഒരു വലിയ ആഴമായിരിക്കാം. നിശബ്ദത പോലെ, ഇരുട്ടുപോലെ, പ്രപഞ്ചമാകെ മുങ്ങിക്കിടക്കുന്ന ഒരു ദ്രവരൂപി. വിദൂരാകാശത്തിലൂടെ നീങ്ങുന്ന ഒരു തീക്കട്ടക്ക്, ഒരു ധൂമകേതുവിന്, ഒരു ചിന്നഗ്രഹത്തിന് ഓർമ്മ ഉണ്ടായിരിക്കും. ആ ഓർമ്മയുടെ ഒരു തരിയെങ്കിലും ഈ ഭൂമിയിൽ നാം കാണുന്നതും കാണാത്തതുമായ സർവ്വ ചരാചരങ്ങളിലും കാത്തുനിൽക്കുന്നു. എല്ലാം ഓർമ്മകളും അങ്ങനെ പരസ്പരം കെട്ടുപിണഞ്ഞ് പുണർന്നു നിൽക്കുന്നു. നാം കണ്ടെത്തുന്ന വാക്കുകൾ, നമ്മെ തേടിയെത്തുന്ന വാക്കുകൾ, അങ്ങനെയെങ്ങനെ ഓർമ്മയുടെ തന്നെ ഒരു തരിയായി തിരിച്ചറിയുകയാണ്.

-

ചുഴി

വെള്ളത്തിൽ ഒരു ചുഴി. ഒരു ഇല, വീണുപോയത്, വട്ടംചുറ്റിക്കൊണ്ടിരുന്നു. പതുക്കെ ചുഴിയുടെ കണ്ണിലേക്ക് വീണു. പിന്നെ കാണാതായി. എപ്പോഴും നാം വെള്ളത്തിൽ വീഴുന്ന ഒരു ഇലയിൽ നമ്മെ അടക്കം ചെയ്തിരിക്കുന്നു. എല്ലാ ഞരമ്പുകളും അറ്റുപോകുന്നു. നാം വേഗത്തിൽ വേഗത്തിൽ ചുഴിയുടെ ഉള്ളിലേക്ക് വലിച്ചെടുക്കപ്പെട്ടു. നാം വേഗത്തിൽ മാഞ്ഞുപോയിക്കൊണ്ടിരുന്നു. എന്നാൽ അതേ ദിക്കിൽ, അതേ പുഴക്കരയിൽ എങ്ങോട്ടുമല്ലാതെ നിൽക്കുന്ന ഒരു തോണി എപ്പോഴും ഏറെക്കുറെ നിശ്ചലമായും ചെറിയ കാറ്റത്ത് ഒരറ്റം അല്പം തെന്നിക്കൊണ്ടും നിന്നു. കെട്ടിയിട്ടിട്ടില്ല അതിനെ കരയിൽ ഒരിടത്തും. വലിയ കാറ്റിനും വലിയ ഓളങ്ങൾക്കും അതിനെ ദൂരത്തേക്ക് കൊണ്ടുപോകുവാൻ കഴിഞ്ഞില്ല. തോണിയുടെ ഉടൽ ഒരിഞ്ചു വ്യാപ്തിയിൽ മാത്രം കരയിലെ പുല്ലിലോ പാറയിലോ ഉരുമ്മി നിൽക്കുന്നു. നേർത്ത ഒരു കോശസ്തരം പോലെ, കുമിളപോലെ, നാരിഴ പോലെ, ആ സ്പർശം ആഴം കൊള്ളുന്നു. ഭൂമിയുടെ അത്രതന്നെ ഗുരുത്വം അതിനെ വേരുപിടിപ്പിക്കുന്നു. നക്ഷത്രങ്ങൾക്കിടയിൽ പ്രപഞ്ച വസ്തുക്കൾ ഒക്കെയും എങ്ങും വീണുപോകാതെയും അകലാതെയും അടുക്കാതെയും ചെറുതായി അനങ്ങിക്കൊണ്ട് എപ്പോഴും വർത്തിക്കുന്നത് പോലെ കരയിലും വെള്ളത്തിലും ആ തോണി കാത്തുനിൽക്കുന്നു.
നീന്തിക്കൊണ്ടിരിക്കെ അലസമായ പൊങ്ങിക്കിടപ്പിൽ നമ്മുടെ ദേഹം കരയുടെ വക്കിലോ കല്ലിലോ മെല്ലെ തൊട്ടുനിൽക്കുന്നു. അതിനാൽ നാം ആഴത്തിലേക്ക് മുങ്ങിത്താഴുന്നില്ല. ചുഴിയുടെ ഉൾവലയങ്ങളിലേക്ക് വലിച്ചുടുപ്പിക്കപ്പെടുന്നില്ല. ഒഴുക്കിൽനിന്ന് വേർപെട്ട്, കാലത്തിൽ നിന്നു കൂടി വേർപെട്ട്, ഈ നൃത്തത്തിൽ നാം ഓളം കൊള്ളുന്നു. ഒരേ നേരം ദുർബലവും ദൃഢവും, പ്രത്യക്ഷവും നിഗൂഢവുമായ ആ വിരൽത്തൊടൽ, എന്തായിരുന്നു അതിൻറെ പൊരുൾ ? മുറിവുകളിലോ ഭയത്തിലോ ഇരുട്ടിലോ ഏകാന്തതയിലോ നാം ഇടയ്ക്ക് ഒഴുകി ചെല്ലാറുള്ള ആ ജലാശയത്തിൽ, അഗാധമായി മുഴങ്ങുന്ന ആ നീർച്ചുഴിയിൽ, നമ്മെ വലിച്ചു കൊണ്ടിരിക്കുന്ന മരണത്തെ, ഒരു ചെറിയ സ്പർശം കൊണ്ട് പിടിച്ച കുറ്റന്ന പൊരുൾ എന്തായിരുന്നു ? ആരുടേതായിരുന്നു ആ ഇല്ലാവിരൽത്തുമ്പ്? ലോകത്തിൽനിന്ന്, തീവ്രമായ ചുഴിയിൽനിന്ന്, നമ്മെ സ്വന്തമുടലിലുമുയിരിലും പ്രാണനായിരിക്കാൻ പിടിച്ചുവലിച്ചു കൊണ്ടിരിക്കുന്ന നൂലിഴ, ദിക്ക്, കര ?

•

പാറക്കൂട്ടങ്ങളുടെ നിറം

കുറെ നാളത്തേക്ക് ബൊമ്മിയെ കാണാനില്ലായിരുന്നു. പെട്ടെന്നൊരുനാൾ അവൾ മടങ്ങിവന്നു. കൈയിൽ ഒരു കെട്ട് ചിത്രക്കടലാസുകൾ. എല്ലാം അവൾ വരച്ചവ. എവിടെയായിരുന്നു എന്ന ചോദ്യത്തിന് മറുപടിയായി അവൾ ചിത്രങ്ങൾ ഓരോന്നും കാട്ടിത്തന്നു. എല്ലാം പാറക്കൂട്ടങ്ങളുടെ ചിത്രങ്ങൾ. പലതരം നിറങ്ങളാൽ സമൃദ്ധം. ഒരിക്കൽ ബൊമ്മിക്ക് ദൂരെ ഒരിടത്ത് പോകണമെന്നു തോന്നി. കാടിൻറെ ഒരറ്റത്ത്, നീർച്ചോലയ്ക്കരികിൽ, പാറക്കെട്ടുകൾ ഉള്ള ഒരിടത്ത്. അവിടെയവൾ കുറേനാൾ പാർത്തു. ആ പാറക്കൂട്ടങ്ങളുടെ ചിത്രങ്ങൾ വരച്ചു. ഓരോ പാറയ്ക്കും ഓരോ തരം നിറമുണ്ട്. കറുപ്പല്ല, ചാരവും അല്ല. പൂക്കൾ പോലെ, കിളികൾ പോലെ, നിറങ്ങൾ. ഓരോ പാറയ്ക്കും എന്തോ പ്രത്യേകതയുണ്ട്. മനുഷ്യരെപ്പോലെ സവിശേഷമായ രൂപങ്ങളാണ് അവ. ഈ ലോകത്തെ ബൊമ്മി കണ്ടറിഞ്ഞതുപോലെയായിരിക്കില്ല മറ്റൊരാൾ കാണുന്നത്. അവർ ആ കാഴ്ചകളെയൊന്നും ചിത്രമാക്കണം എന്നുമില്ല. പക്ഷേ അവർക്കെല്ലാമുണ്ട് തനതായ, തന്റേതായ, കാഴ്ചകളും അങ്ങനെ കണ്ടെത്തുന്ന ലോകങ്ങളും. വിവിധ നിറങ്ങളും മണങ്ങളും ആകൃതികളും അവർ കാണുന്നു. ചിലർ, കാണുന്ന ലോകങ്ങളെ കഥയിലോ പാട്ടിലോ തുന്നിച്ചേർക്കുന്നു. ചിലർ രൂപങ്ങൾ ഉണ്ടാക്കുന്നു. ചിലർ ഒന്നും ചെയ്യാതെ ആ ലോകങ്ങളിലൂടെ കടന്നുപോവുകമാത്രം ചെയ്യുന്നു. ആ മനുഷ്യർ നിശബ്ദമായിമാത്രം കടന്നുപോകുന്ന ലോകങ്ങൾ കൂടിയാണ് ഭൂമി. ചിത്രമോ രൂപമോ വാക്കുകളോ ആയിത്തീരാത്ത നിശബ്ദലോകങ്ങളാണ് ഈ ഭൂമിയെ ഇത്ര സുന്ദരമാക്കുന്നത്. ജീവനുള്ളതാക്കുന്നത്. അത് ഭൂമിയുടെ കവിതയാണ്.

•

വിത്തിൻ തോടുകൾ

എല്ലാതരം കലാവൃത്തിയും ഒരു രഹസ്യത്തെ പൊതിഞ്ഞു പിടിക്കുകയും വെളിപ്പെടുത്തുകയും ചെയ്യുന്നു. ഒരു മരത്തിൽ നിന്ന് അടരുന്ന കായ്കൾ പോലെ. പലനിറമായ, ബഹുരൂപിയായ, പച്ചച്ചും പഴുത്തും മധുരിച്ചും ചവർത്തുമുള്ള കായ്കൾ. ഉണങ്ങുമ്പോൾ തോടുകൾ അടർന്ന് വിത്തുകൾ നനഞ്ഞ മണ്ണിൽ തൊടുന്നു. ഉണർന്ന് വളരുന്നു. പതുക്കെ പുതിയ ഒരു ലോകത്തെ ഉണ്ടാക്കുന്നു. പ്രാണന്റെ തരികൾ നിലയ്ക്കാതെ അവയിലൊഴുകുന്നു. അടർന്ന തോടുകൾ അല്പകാലം കൂടി അവശേഷിക്കുന്നുവെന്നു വരാം. മണ്ണിൽ കലരുന്നതാണ്, ജീവിതത്തിൽ കലരുന്നതാണ് കല. ഭാഷയിലോ ചായങ്ങളിലോ ആകാരങ്ങളിലോ പൊതിഞ്ഞു വെക്കുന്ന രഹസ്യം. പാകമാകുന്ന കാലത്ത് മണ്ണിൽ കലരുന്ന രഹസ്യങ്ങൾ. ഓരോന്നും തമ്മിൽക്കലർന്ന് പൂർത്തിയാവുന്ന കല. സത്യത്തിൽ പൂർത്തിയെന്നത് അസാധ്യം തന്നെയാണ്. കലരുക മാത്രമാണുള്ളത്. വേർതിരിക്കാൻ പറ്റാത്ത വിധം, മണ്ണിലും വായുവിലും വെള്ളത്തിലും, കലരുന്നു. വിരൽത്തുമ്പുകളിലും കാൽപ്പാദങ്ങളിലും തൊടുന്നു.

•

കാതുകൾ

മൗനം എങ്ങുനിന്നും വന്നുചേരുന്നില്ല. മൗനത്തെ കാതോർക്കുവാൻ വയ്യ. എല്ലാ പദാർത്ഥങ്ങളും അനന്തമായ മൗനത്തിനുള്ളിൽ രൂപമെടുക്കുകയും രൂപമഴിക്കുകയും ചെയ്യുന്നു. എല്ലാ വിചാരങ്ങളും മൗനത്തിനുള്ളിൽ ഇഴകൾ നെയ്തെടുക്കുകയും വേർപെടുകയും ചെയ്യുന്നു. എല്ലാ വെളിച്ചവും മൗനത്തിലണയുന്നു. എല്ലാ നൃത്തവും നിലയ്ക്കുന്നു. എല്ലാ മുറിവുകളും ഉണങ്ങുന്നു. ഉണങ്ങാതെ ഒരൊറ്റക്കോശം മാത്രം ഇപ്പോഴും മുറിഞ്ഞു കൊണ്ട്, പിളർന്നുകൊണ്ട് മറ്റൊരു കോശത്തെ ഉരുവപ്പെടുത്തുന്നു. അതിൻറെ മിടിപ്പുകൾ നൃത്തമാകുന്നു. ഗ്രഹങ്ങൾ, പാറക്കല്ലുകൾ, എരിയുന്ന നക്ഷത്രജാലങ്ങൾ, ആകാശം, പൊടി, നിഴൽ, എല്ലാം ആ നൃത്തത്തിനുള്ളിൽ ഇളകിക്കൊണ്ടേയിരിക്കുന്നു. അപ്പോഴും മൗനമായിരുന്നു. എല്ലാത്തിനെയും പൊതിഞ്ഞുകൊണ്ട്. എല്ലാത്തിലും കലർന്നുകൊണ്ട്. മൗനമായിരുന്നു. ആ മൗനത്തെ കേൾക്കുവാൻ എന്റെ വാക്കുകൾക്ക് വയ്യ. തൊടാൻ എൻറെ വിരലുകൾക്ക് വയ്യ. അറിയാൻ എൻറെ സങ്കല്പങ്ങൾക്ക് വയ്യ. അതിനാൽ ആ മൗനത്തിൻറെ താഴെ എന്റെ കാതുകൾ അഴിച്ചു വച്ചിരിക്കുന്നു.

•

ഖരവും ദ്രവവും

ഖരരൂപമാണ് ഭൂമിയിൽ കല്ലുകൾ. തൊടാവുന്ന, കനമുള്ള, ദൃഢമായ, ആകൃതിയുള്ള, ഒരു പദാർത്ഥം. കല്ലാവുക എന്നാൽ ദൃഢമായിരിക്കുക എന്നർത്ഥം. കല്ലിക്കുന്ന ചോര, നീല നിറമാകുന്നു. ശരീരം വേദനിച്ചു നിൽക്കുന്നു. ചോരയോട്ടം അവിടെവച്ച് നിശ്ചലമാകുന്നു. പുഴയ്ക്ക് കുറുകെ ഒരു ഡാം പണിയുന്നതുപോലെ. വെള്ളമുയർന്ന് ചുറ്റുമുള്ള താഴ്ന്ന കരകളെ മൂടുന്നു. ആളുകളും ജന്തുജാലങ്ങളും ഓടിപ്പോകുന്നു. സസ്യങ്ങൾ വെള്ളത്തിലഴുകുന്നു. ഹൃദയം കല്ലാവുന്നത് കണ്ടു. വികാരഭേദങ്ങൾ അറിയാതെ, ഒന്നിനോടും പ്രതിസ്പന്ദമില്ലാതെ, ഒരേ വിതാനത്തിൽ മിടിച്ചുകൊണ്ടിരിക്കുന്നു. ആ മനുഷ്യൻ കല്ലിൽ കൊത്തിവെക്കുന്നു, ഗുഹാചിത്രങ്ങൾ. ശിലാലിഖിതങ്ങൾ. ശാസനങ്ങൾ. ധർമ്മസൂത്രങ്ങൾ. നിർദ്ദേശങ്ങൾ. കവിത. തത്വം. കൊത്തിയ അല്ലെങ്കിൽ എഴുതിയ കല്ലിൽ ചവിട്ടി ക്ഷേത്രങ്ങളിലേക്കും കോട്ടകളിലേക്കും കൊട്ടാരങ്ങളിലേക്കും നാം നടന്നു കയറുന്നു. വായിച്ചും കണ്ടും പൊരുളുകൾ വേർതിരിച്ചുകൊണ്ട് നടന്നു പോകുന്നു. ഭാഷകളിലൂടെയാണ് ആ നടത്തം. ലിപികളുടെ ഉടലിലൂടെ. ഭാഷ ഒരു വസ്തുവായി തീർന്നിരിക്കുന്നു. പ്രയോഗമുള്ള ഒരു പദാർത്ഥം. ഭാഷയറിയാതെയും വായിക്കാതെയും നമുക്ക് ആ വഴിയേ നടക്കാം. അപ്പോഴും കല്ലുകൾ അതേ വിധം കല്ലിൻറെ പൊരുൾ. കല്ലിച്ചു നിൽക്കുകയാണ്. കനമായിരിക്കുകയാണ്. ആറ്റിൽ മുങ്ങി നീറ്റ നാരായണഗുരു മിനുസമുള്ള ഒരു കല്ല് പ്രതിഷ്ഠിച്ച് ശിവനെ ഉണ്ടാക്കിയത് ഓർമ്മിച്ചു. കല്ല് വിശേഷമായ ഒരു ആകാരമില്ലാതെ വളരെ പെട്ടെന്ന് ശിവനായി മാറി. ശിവസ്വരൂപങ്ങളിൽ ഒരു പുഴങ്കല്ല് അപ്പോൾ കൂടിച്ചേർന്നു. കല്ല് വെറും കല്ലല്ലാതായി. കല്ലിൽ ദൈവത്തെ കാണിച്ചുതന്ന ഗുരു ആ കല്ലിനെ ഉപേക്ഷിച്ചുപോയി. ബാക്കിനിൽക്കുന്നവർ കല്ലിൽ അവരവരുടെ ശിവരൂപങ്ങൾ ഉളികൊണ്ടും സങ്കല്പം കൊണ്ടും വാക്കുകൊണ്ടും കൊത്തിയെടുത്തുകൊണ്ടിരുന്നു. ശിവൻ കല്ലു മാത്രമായിരുന്നില്ല. ചിലനേരം കണ്ണാടിയായി. ചില്ലുകണ്ണാടിയിൽ രസം ചുരണ്ടി ഒരു മത്സ്യത്തെ ഉണ്ടാക്കി. കണ്ണാടിയിൽ മനുഷ്യർ അവരവരെ കണ്ടു. മീനിനെ കണ്ടു. ഓംകാരലിപി കണ്ടു. ഒരു വസ്തുവിനുള്ളിലൂടെ മറ്റൊന്നിനെ. കല്ലിലൂടെ സ്ഫടികത്തെ. സ്ഫടികത്തിലൂടെ മത്സ്യത്തെ. മത്സ്യത്തിലൂടെ നാദത്തെ. നാദത്തിലൂടെ ശിവനെ. ശിവനിലൂടെ അവരവരെ കണ്ടു. കണ്ണാടി പിന്നെ ദീപമായി. കെടാത്തദീപമല്ല. എണ്ണയൊഴിച്ച് തിരിയിട്ട് കത്തിച്ച ദീപം. കാറ്റിൽ ഇളകി നൃത്തമാടുന്ന ദീപം. വെളിച്ചവും നിഴലും കലർന്ന ദീപം. അണഞ്ഞുപോകുന്ന ദീപം. അത് ജീവനെ കാണിച്ചുതന്നു. ജനിമരണങ്ങളെ കാണിച്ചുതന്നു. ആത്മാവിനെയും ഉടലിനെയും വേർപെടാതെ ഒന്നായി നിർത്തി കാണിച്ചുതന്നു. വെളിച്ചവും ചൂടുമുള്ള ശിവനെ കാണിച്ചുതന്നു. നോക്കിയിരിക്കെ മഴയിൽ ശിവൻ അണഞ്ഞു. പുകനാളം പൊന്തി. ദൈവത്തെ കാണാതായി. ഖരമായിരുന്നത് അലിഞ്ഞു മറ്റൊന്നായി മാറുന്നതാണ് നാം എപ്പോഴും കണ്ടത്. കല്ല് വെള്ളമായി. വെള്ളം മത്സ്യമായി. മത്സ്യം കണ്ണാടിച്ചില്ലായി. ചില്ല് വിളക്കായി. വിളക്ക് നിഴലും വെളിച്ചവും ആയി. നിഴലുറഞ്ഞ് പിന്നെയും കല്ലായി. ഇക്കാണുന്ന ഭൂമിയിൽ എന്താണ് സ്ഥിരമായിരിക്കുന്നതെന്ന് സംശയിച്ചു. ഒന്നുമില്ല. ഒന്നുമില്ല. വെള്ളം എപ്പോഴും വെള്ളമായിരുന്നില്ല. കല്ല് എപ്പോഴും ഭാരമുള്ളതായിരുന്നില്ല. ഓരോന്നും ഉരുകിക്കൊണ്ടിരുന്നു. ഉരുവായും ഉരുവിടലായും ദ്രവകാലത്തിൽ ഒഴുകിക്കൊണ്ടിരുന്നു. എല്ലാം അടയാളങ്ങൾ ആയിരുന്നു. നാരായണ ഗുരുവിന് എല്ലാം ലിപികൾ ആയിരുന്നു. തിരഞ്ഞുപോയതിന്റെയും കണ്ടെത്തിയതിന്റെയും കാണാനാവാതെ പോയതിന്റെയും പലപല അടയാളങ്ങൾ. പരസ്പരം കലരുന്ന അടയാളങ്ങൾ. പരസ്പരം ചേരുന്ന വരമ്പുകൾ. മായുകയും തെളിയുകയും ചെയ്യുന്ന ദിക്കുകൾ. ഉയരുകയും താഴുകയും ചെയ്യുന്ന ധ്വനികൾ, നാദങ്ങൾ. ഓരോ ദിക്കിലും നടന്ന് ഓരോ വഴികൾ എഴുതുന്ന ഒരാൾ. അയാൾക്കു പിറകെ അനേകർ. പെരുവഴിയാകുമ്പോഴേക്കും ആ വഴിയിൽ നിന്നും ഇറങ്ങി അകന്നുനിൽക്കുന്നു അയാൾ. മിനുസമുള്ള, തീർച്ചയുള്ള, എല്ലാം പാതിയിൽ വിട്ട് സംശയിച്ച് സ്വയം തിരഞ്ഞ് നടന്നുപോകുന്ന അയാൾ. മാമ്പൂ നോക്കി നിൽക്കുമ്പോൾ മിഴികൾ ഇറനാവുന്നയാൾ, ഖരകാലത്തിൽ നിന്ന് ദ്രവകാലത്തിലേക്കാണ് ചരിച്ചത്. കല്ലും കണ്ണാടിയും വാക്കും നാളവും എല്ലാം ഓരോരോ വഴികൾ. ഓരോ മാത്രകൾ. അരൂപിയായ ദൈവത്തെ ചൂണ്ടിക്കാണിക്കുവാൻ ബഹുരൂപിയായ ആകാരങ്ങളിലേക്കാണ് ഗുരു നമ്മെ കൊണ്ടുപോകുന്നത്. കല്ല് കാണിച്ച് ശലഭം എന്നും പുഴവെക്കാണിച്ച് ദീപം എന്നും മേഘങ്ങൾ കാണിച്ച് ഓംകാരം എന്നും പറഞ്ഞു തരുന്നു. രൂപത്തിനും

അരൂപത്തിനും ഇടയിൽ ഉരുകുന്ന, ഒഴുകുന്ന, നൃത്തം ചെയ്യുന്ന, ഒരു നിലത്തെ, നിലയെ കാണിച്ചു തരുന്നു. വെള്ളമാണ് ദ്രവകാലം. വെള്ളത്തിൽ ആഴ്ന്നു പോവാൻ നിരന്തരം നമ്മെ വിളിക്കുന്നു. ആഴുന്നത് നമ്മളോ നമ്മിലോ എന്ന് വേർതിരിക്കാനാവില്ല. വെള്ളം എല്ലാത്തിനെയും ഉൾക്കൊള്ളുന്നു. ഉൾക്കൊള്ളാൻ മാത്രം വിസ്തൃതമാവാൻ കഴിയുന്ന, അയഞ്ഞ ഘടനയുള്ള, ഒരു ഉടലാണ് വെള്ളത്തിന്. എല്ലാ ഭാഷകളും അതിൽ അലിഞ്ഞുചേരുന്നു. അവഷിഷ്ടങ്ങൾ ഇല്ലാതെ അദൃശ്യമാകുന്നു. ഭൂമിയിലെ ആദ്യത്തെ പ്രാണന്റെ പൊടിപ്പ് പൊട്ടിത്തെഴുത്ത അതേ വെള്ളമാണത്. ഒരു കല്ലിനുള്ളിൽ അടക്കം ചെയ്യപ്പെട്ട നിലയിൽ വിദൂരാകാശങ്ങളിൽ നിന്ന് ഈ ഭൂമിയിൽ വന്നുപതിച്ച ആസ്റ്ററോയിഡുകളിലെ അതേ വെള്ളം. ജീവൻറെ പരലുകൾ. അൻപ് എന്ന വാക്ക് വെള്ളമായിരുന്നു. പുഴവിനും കടലിനും നാഗശലഭത്തിനും കരിനിലത്തിനും അകത്തുറഞ്ഞ അതേ അൻപ്. അനുകമ്പ വെള്ളമായിരുന്നു. കണ്ണിലും കല്ലിലും കാട്ടുചെടിപ്പൂക്കളിലും നനഞ്ഞുനിന്ന അതേ വെള്ളം. മൃഗത്തിൽ നിന്ന് മനുഷ്യരിലേക്കും അചരങ്ങളിലേക്കും അതീതാകാശങ്ങളിലേക്കും ഒഴുകുകയും മടങ്ങിവരികയും ചെയ്യുന്ന അതേ വെള്ളം. ദുരധികാരത്തിന്റെ, ഹിംസയുടെ, ആസക്തിയുടെ കൈക്കുമ്പിളിൽ നിന്ന് എപ്പോഴും വഴുതി താഴെവീണുപോകുന്ന വെള്ളം. പ്രാണന്റെ നിസ്സീമമായ സ്വാതന്ത്ര്യദാഹത്തെ, നൃത്തത്തെ, ഘോഷിക്കുന്ന വെള്ളം. സ്ത്രൈണമായ വെള്ളം. ഗർഭത്തിൽ ആന്ദോളനം ചെയ്യുന്ന ആദിമമായ ജീവജലം. ഗുരുവിൻറെ വാഴ്വിനെ അർദ്ധകായ പ്രതിമകളിലോ ലോഹശില്പങ്ങളിലോ പ്രഭാഷണപരമ്പരകളിലോ ഉള്ളടക്കം ചെയ്യാൻ കഴിയില്ല. വാക്കിനും വസ്തുവിനും ഇടയിൽ അത് നിശബ്ദമായി കഴിയുകയാണ്. ഗുരുവിൻറെ പദാർത്ഥബോധമാണ് ഗുരുവിൻറെ ദർശനം. അപരം എന്നത് അലിഞ്ഞു പോയിക്കഴിയുമ്പോൾ മാത്രം ജീവശൃംഖലാമുദ്രകൾ അവയിൽ കാണാം. ഒരേ മരത്തിന്റെ രണ്ട് ഇലകളുടെ സത്ത പോലെ, കല്ലും പുഴവും കടലും യാനവും തീയും വെള്ളവും അകവും പുറവും എല്ലാമെല്ലാം പരസ്പരം ഇഴചേർന്നുമിണചേർന്നും ഇല്ലാതായതിന്റെ അടയാളങ്ങൾ. മുറിവുകൾക്കു മീതെ നീലനിറമുള്ള ഇലനീരു വീഴുന്നതു പോലെ, ഗുരു.

•

മുറിത്തുന്നൽ

വൈദ്യശാസ്ത്രത്തിന്റെ സൂക്ഷ്മതയാർന്ന ഒരു സന്ദർഭമാണ്, മുറിത്തുന്നൽ (suture). തുറന്ന മുറിവ് പതുക്കെ ചേർത്തടയ്ക്കുമ്പോൾ ശരീരത്തിന് വിശ്രാന്തി കൈവരുന്നു. ഏകാന്തത കൈവരുന്നു. ഏകാന്തതയാണ് മുറിവുണക്കുന്നത്. ഏകാന്തത സ്വയം കാണാൻ ആ ഇടത്തെ, അവയവത്തെ, ശരീരഭാഗത്തെ പ്രേരിപ്പിക്കുന്നു. എല്ലാ വലിയ മുറിവുകളും തുന്നി, കൂട്ടിച്ചേർത്ത്, പതുക്കെ ഭേദപ്പെടുത്തുവാൻ മനുഷ്യരുപയോഗിക്കുന്ന ഒരു ഭാഷയാണ് മുറിത്തുന്നൽ. ഈ നൂലും ഈ ചെറു സൂചിയും അതിൻറെ ലിപികൾ. ഈ കല അതിൻറെ അടയാളം. കുറേക്കാലം കഴിയുമ്പോൾ തുന്നിയ നൂൽ അഴിച്ചുനീക്കുന്നു. അല്ലെങ്കിൽ അലിഞ്ഞുപോകുന്നു, സ്വയം. ഉടലിൽ മാത്രമാണോ മുറിവുണ്ടായിരുന്നത് ? ഉടലുകൾക്കിടയിലെ മുറിവുകൾ നാം അറിയാതെ പോകുന്നതാവുമോ? നമ്മുടെ ഉടലുകൾ നമ്മുടെ ഉടലിനുള്ളിൽ, അതിൻറെ അതിർത്തികൾക്കുള്ളിൽ ഒതുങ്ങി നിൽക്കുകയായിരുന്നു. ഓരോ പ്രാണിയുടെയും പദാർത്ഥത്തിന്റെയും ശരീരങ്ങൾ അതാതിന്റെ അതിർത്തികൾക്കുള്ളിൽ എന്നു നാം കരുതി. കല്ലും മരവും പക്ഷിയും വെള്ളവും മനുഷ്യരും മൃഗവും എല്ലാം തമ്മിൽ കലരുന്ന കരയിലേക്ക്, അതിന്റെ മുറിവുകളിലേക്ക്, നോക്കാൻ നാം മറന്നു പോയിരുന്നു. ആ വിടവിൽ, ആ കരയിൽ, ആ മുറിവുകളിൽ ഒരു തുന്നൽ വേണ്ടിവന്നു. സ്പർശം വേണ്ടിവന്നു. മനുഷ്യർക്കും മൃഗത്തിനും ഇടയിൽ ഒരു മുറിത്തുന്നൽ. കാണാമുറിവുകളായിരുന്നു ഏറ്റവും വേദനാജനകം. ഏറ്റവും അഗാധം. ഏറ്റവും ചോരയൊഴുക്കുള്ളത്. അദൃശ്യമായ ആ മുറിവുകളിലാണ് ഈ തുന്നൽ, ഈ ചെറിയ നാരുകൾ, ഈ തൊടൽ, ഈ ഏകാന്തത, ഈ നിശ്ശബ്ദത. പതുക്കെ ഉണങ്ങുന്ന മുറിവുകൾ എല്ലാ ഉടലുകളെയും ഉടലുകളാക്കിത്തീർക്കുന്നു.

•

നമ്മെ പൊതിയുന്ന ഇരുണ്ട വെള്ളം

> When we thirst,
>
> we drink the water of the pond,
>
> the sweetness of our sorrow-filled childhood.
>
> -Georg Trakl (tr. Will Stone)

വേദനയും ദുഃഖങ്ങളും കലർന്ന കുട്ടിക്കാലങ്ങളുടെ ഓർമ്മ ഉടലിനുള്ളിൽ ഒരിടത്ത് നാം സൂക്ഷിക്കുന്നുണ്ടായിരുന്നു, വരാനുള്ള കാലം അത്, രുചികരമായ, മധുരതരമായ, ഒന്നായിത്തീരുമെന്ന് ആശിച്ചുകൊണ്ട്. നിലവറയിലെ ഭരണികളിൽ ഉറങ്ങുന്ന പഴച്ചാറുപോലെ, അകലങ്ങളിൽനിന്ന് ഉയർന്നു കാണുന്ന ഗോപുരങ്ങളെ നോക്കിനിൽക്കുന്നതുപോലെ. മരിച്ചുപോയവ, പക്ഷേ, എപ്പോഴും മിണ്ടിക്കൊണ്ടിരുന്നു, അപരിചിതമായ കാര്യങ്ങൾ — നെല്ലിൻറെ കനം, പറമ്പിലൂടെയുള്ള നടവഴികൾ, തിരിച്ചു കിട്ടാത്ത പേരുകൾ, കാണാതായ കന്ന് — അങ്ങനെയെല്ലാം. ഇടയ്ക്കിടെ മരത്തിൻറെ പലക തള്ളിത്തുറന്നു കോണിയിറങ്ങി ഭൂമിക്കടിയിൽ എത്തുന്നു. വലിയ ഭരണിക്കു പുറമേ ഉടലുരുമ്മുന്നു. അതിനകത്തെ സൂക്ഷ്മമായ ശബ്ദങ്ങൾ ഇഴപിരിച്ചെടുക്കുന്നു. പിന്നെ മടങ്ങിപ്പോരുന്നു. കാലങ്ങൾക്കു ശേഷവും അത് പാകമാവുന്നില്ല. അതിൻറെ ചവർപ്പാറുന്നില്ല. ഒരിക്കലും അത് മധുരിക്കുന്നില്ല. നെഞ്ചിലും അടിവയറിലും കൈത്തണ്ടകളിലും അതേ ഭാരവും തണുപ്പും നിലനിർത്തുന്നു. ദുഃഖവും വേദനയും ഒട്ടും വലിപ്പം വയ്ക്കാതെ, വളരാതെ, പല്ലുകൾ കൊഴിഞ്ഞുപോവാതെ, അതേയിടത്തു പാർക്കുന്നു. ഫോട്ടോഗ്രാഫുകളിലെ മങ്ങിക്കൊണ്ടിരുന്ന രൂപങ്ങൾ പോലെ, മുഴുവനായും അവ്യക്തമാവാതെ, ഉടലിൽ, ജീവനോടെ. ഒരു പുലർകാലത്ത് എഴുന്നേറ്റ് വരുമ്പോൾ ചുറ്റിലും നിറയുന്ന മഴക്കാലം. അതിൻറെ സാന്ദ്രതയുള്ള ഇരുൾ ശരീരത്തെ ഒരു ചെറുജീവിയെപ്പോലെ വിറകൊള്ളിക്കുന്നു.

മടങ്ങിവരാത്ത വെളിച്ചത്തിൽ, ഉടലിൽ മുറിവുകൾ തെളിയുകയും മായുകയും ചെയ്തുകൊണ്ടിരിക്കുന്നു. അകാരണമായ ഭയങ്ങൾ പൊതിയുന്നു. ഒരിക്കലും ആ സമയങ്ങൾ ഈ ശരീരത്തിൽനിന്നും വിട്ടകന്നുപോയില്ല. പകലോ രാത്രിയോ ആയില്ല. എങ്ങും നിറയുന്ന വെള്ളക്കെട്ടിന് ഉച്ചനേരത്ത് കാതോർക്കുക മാത്രം ചെയ്തു. മേഘങ്ങളുടെ നിഴൽ. ഒരുകാലത്തുനിന്ന് മറ്റൊന്നിലേക്ക് ഓടിപ്പോവാനുള്ള വഴി ആരോ ഇല്ലിമുള്ളുകൊണ്ട് അടച്ചുകളഞ്ഞിരിക്കുന്നു. മൃഗങ്ങൾ അതിലൂടെ കടന്നുപോയതിന്റെ അടയാളം മാത്രം കാണാം, മണ്ണിൽ. ഇന്ന് പുലർന്നേരവും അതേ മഴനിഴലത്ത് ശരീരം വിറയ്ക്കുകയും വേദനിക്കുകയും ചെയ്യുന്നു. നിലവറകളിൽനിന്ന് നിരാശയോടെ കയറിപ്പോരുന്നു. മരപ്പലക മുറുക്കിയടയ്ക്കുന്നു.

•

വന്യത

എന്താണ് വന്യത (wilderness)? പ്രപഞ്ചത്തിലെ ഓരോ കണവും അതിൻറെതായ ഇടങ്ങളിലും പ്രകൃതങ്ങളിലും തുടരുന്നതാണ് വന്യത. പുഴ എവിടെല്ലാം പുഴവായിരിക്കുന്നുവോ - കാട്ടിൽ, ചെടിത്തോട്ടത്തിൽ, വീടിനുള്ളിൽ വളരുന്ന വള്ളിയിൽ - അതിൻറെ ഉടലും ചലനവും വിചാരവും അതിൻറെ പ്രകൃതം വിടാതെ, തടയപ്പെടാതെ, പാർക്കുന്നുവെങ്കിൽ പുഴ അതിൻറെ വന്യതയിലാണ് എന്നു കരുതാം. ഒരു ശലഭം ഉൾവനങ്ങളിൽ പറക്കുന്നതു പോലെ ഈ വീടുകൾക്കും കൃഷിയിടങ്ങൾക്കും ഇടയിലൂടെ നീങ്ങുന്നുവെങ്കിൽ ആ ശലഭം വന്യതയാണ്. കിണറ്റുവക്കിലെ ചെറുപന്നലുകളും ഒതുക്കുകല്ലുകളിലെ പായലുകളും വന്യത തന്നെ. കാറ്റ്, മഴ, വെയില്, രാത്രി, പുലർകാലം, നീങ്ങുന്ന ആകാശഗോളങ്ങൾ, മേഘപടലങ്ങൾ, വെള്ളം, കല്ല്, തീയ്യ്, ജന്തു-സസ്യജാലങ്ങൾ, അണുക്കൾ, മനുഷ്യരുടെ ശരീരം, സംസ്കരിക്കാത്ത അയിരുകൾ, അഴുകുന്ന ശവശരീരങ്ങൾ, കൂണുകൾ, പൂപ്പൽ പടർപ്പുകൾ — അങ്ങനെയങ്ങനെ മനുഷ്യരുണ്ടാക്കാത്ത സകലതും വന്യത തന്നെ. മനുഷ്യരുണ്ടാക്കുന്ന ലോകങ്ങൾ നോക്കൂ, അവ വന്യതയിൽനിന്ന് തുടങ്ങുകയും സംസ്കൃതിയിൽ പൂർത്തീകരിക്കപ്പെടുകയും ചെയ്ത യാത്രകളാണ്. മണ്ണിൽനിന്ന് ലോഹ-ക്കൂട്ടുകൾ, ചായങ്ങൾ, ഉപകരണങ്ങൾ, ആയുധങ്ങൾ. സസ്യ-ജന്തു ശരീരങ്ങളിൽനിന്ന് പലതരം പദാർത്ഥങ്ങൾ, ആഹാരം, മരുന്ന്. കാറ്റിൽനിന്നും തീയിൽനിന്നും ഊർജ്ജരൂപങ്ങൾ. സ്വന്തം ശരീരത്തിനുള്ളിലും പുറത്തും അതേ വന്യത തുടരുമ്പോഴും നാമതറിയാറില്ല. ഉള്ളം കൈയ്യിലെ ഈ വരകൾ നോക്കൂ. ഈ ശ്വാസം നോക്കൂ. കാതുകളിൽ വന്നലയ്ക്കുന്ന ഈ കാറ്റുകളെ നോക്കൂ. ഉടലിൽ മുറിവുകളുടെയും ആനന്ദങ്ങളുടെയും ദാഹങ്ങളുടെയും മൗനങ്ങളുടെയും വെളിപ്പെടലും ഒളിഞ്ഞിരിപ്പും നോക്കൂ. ഭൂമിയിലേക്കുള്ള ശരീരത്തിന്റെ ഭാരപ്പെടൽ നോക്കൂ. സംസ്കാരം എന്നത് വന്യതയെയും വന്യതയിൽനിന്നുള്ള വേർപെടലിനെയും കാണാനുള്ള കഴിവാണ്. പൂർണ്ണമായും വന്യതയിൽനിന്ന് വേർപെട്ടുപോകുവാൻ മനുഷ്യർക്ക് സാധ്യമല്ല. നമ്മുടെ ശരീരം അതിനു വഴങ്ങുകയില്ല. ശരീരത്തിന്റെ പ്രാണൻ അതിനു വഴങ്ങുകയില്ല. എൻറെ കവിത എപ്പോഴും വന്യതയിൽനിന്ന് രൂപപ്പെട്ടു. എൻറെ കവിത, അതിനാൽ, വന്യതയിൽത്തന്നെ കലർന്നുമായുകയും ചെയ്യും. ഭാഷയെ, കവിതയുടെ ഉള്ളും പുറവും ആയ ഭാഷയെ, വന്യതയായി മാത്രം കണ്ടെത്തുന്നു. ഓരോ വാക്കും ഉച്ചരിക്കുമ്പോൾ അതിൻറെ തുടക്കത്തിലേക്ക് പോകുന്നു. എങ്ങനെയാണ് ഈ വാക്കുണ്ടായതെന്ന് തിരയുന്നു. ജീവൻറെ നേർക്കുനേരായ സന്ദർഭങ്ങളിൽനിന്നും സ്ഥലങ്ങളിൽനിന്നും ഓരോ വാക്കും ഉയിർ കൊള്ളുന്നത് എങ്ങനെയെന്ന് അത്ഭുതപ്പെടുന്നു. എഴുതുന്ന ഓരോ വരിയും പിടി തരാത്ത ആ നിഗൂഢതയ്ക്കു താഴെ ചെന്നുനിൽക്കുന്നു.

•

രണ്ടു കല്ലുകൾ

രണ്ടു കല്ലുകൾ മനുഷ്യർക്ക് ഭാഷകളുണ്ടാക്കി. ഇടംകൈയിലും വലം കൈയിലും മുറുക്കിപ്പിടിച്ച് രണ്ടു പാറക്കല്ലുകൾ. പുഴയോരത്തുനിന്നും പെറുക്കിയെടുത്തത്. മിനുസമുള്ളവ. അവ തമ്മിലുരച്ച് കാതോർക്കുന്നു. കല്ലുകൾക്കിടയിൽനിന്ന് ചെറിയ ചെറിയ തീത്തരികൾ ഉണ്ടാവുന്നു. കരിയിലകളിലേക്കും ചുള്ളിക്കമ്പുകളിലേക്കും ആ തരികൾ പടർന്നു വളരുന്നു. വേട്ടയാടിക്കൊണ്ടുവന്ന മാംസമോ കിഴങ്ങുകളോ ആ തീയിൽ പതുക്കെ പൊള്ളിയമരാൻ തുടങ്ങി. ആ തീയിനു ചുറ്റുമിരുന്ന് മനുഷ്യർ പാട്ടുകളും കഥകളും നിയമങ്ങളും കെട്ടിയുണ്ടാക്കി. ചുവടുകളുണ്ടാക്കി. ചായക്കൂട്ടുകളും വസ്ത്രവും ഉണ്ടാക്കി. തമ്മിലുരയുന്ന രണ്ട് കല്ലുകൾ. അവയ്ക്കിടയിൽ ഞെരിഞ്ഞമർന്ന് ധാന്യമണികൾ. പാലു ചുരത്തുന്ന വിത്തുകൾ. ഏതെല്ലാം കാലങ്ങൾക്കുള്ളിലൂടെയാണ് കാതുകളിൽ ഇപ്പോൾ മുഴങ്ങുന്ന ആ സ്വരം കടന്നുപോന്നിരിക്കുന്നത് എന്ന് ഓർമ്മിച്ചു നോക്കൂ. വനാന്തരങ്ങളിൽനിന്ന്, പുഴയോരങ്ങളിലും കടലോരങ്ങളിലും നിന്ന്, ഗുഹാമുഖങ്ങളിൽനിന്ന്, മനുഷ്യരുടെ രണ്ടു കൈകളിലൂടെ, രണ്ട് കാതുകളിലൂടെ ഓർമ്മതെറ്റാതെ വന്നുചേർന്ന സ്വരം. ഈ കല്ലുകളിൽ തൊട്ടുനോക്കൂ, തമ്മിലുരച്ചു നോക്കൂ, പുരാതനമായ ജീവകോശങ്ങൾ പ്രാണൻ വറ്റാതെ നമ്മുടെ ഉടലിൽ ഇപ്പോഴും അവശേഷിക്കുന്നത് അറിയുന്നില്ലേ ?

•

ഭാരം കുറഞ്ഞ നൂലിഴകൾ

നേരം എന്ന തോന്നൽ നമ്മുടെ ഉടലിൽ കലർന്നുകിടക്കുന്നു. ദിനരാത്രങ്ങൾ, സന്ധ്യകൾ, നിമിഷങ്ങൾ, ദീർഘകാലങ്ങൾ, എല്ലാമെല്ലാം നേരമെന്ന തോന്നലിന്റെ നാനാവിധമായ ആവിഷ്കാരങ്ങൾ. നാം കാത്തുനിൽക്കുന്നു. ഒരു മിന്നൽ പോലെ ഞൊടിനേരത്താൽ മറയുന്നു. ഇലച്ചാർത്തുകൾ നിറം പകർന്നുപകർന്നു വീഴുന്നു. രാത്രിയുടെയിരുളിൽ വെളുത്ത പൂമൊട്ടുകൾ വിടരുന്നു. ഉച്ചനേരപ്പാതിയിൽ പ്രേതങ്ങൾ വിഹരിക്കുന്നു. നേരമെന്ന തോന്നലിന്ന് എത്ര നിറങ്ങൾ, എത്ര ആകാരങ്ങൾ, എത്ര ആവൃത്തികൾ? നേരം, എങ്ങനെ ഒരു തോന്നൽ മാത്രമായി ? അതൊരു പദാർത്ഥമോ സ്ഥലമോ ആയിരിക്കുമോ ? നോക്കു, നമ്മുടെ ഈ ശരീരം എപ്പോഴും ഈ പ്രപഞ്ചത്തിനുള്ളിൽ നീങ്ങിക്കൊണ്ടിരിക്കുന്നത്. നോക്കു, എപ്പോഴും ഈ ഭൂമിയാകെയും നക്ഷത്രത്തെ ചുറ്റിക്കറങ്ങിക്കൊണ്ടിരിക്കുന്നത്. നോക്കു, ഈ ഭൂമിയെ പൊതിഞ്ഞ വായുവും വായുവിൽ ഒഴുകുന്ന ധൂമകേതുക്കളും പൊടിയും മേഘങ്ങളും നീങ്ങിക്കൊണ്ടിരിക്കുന്നത്. എരിഞ്ഞുകൊണ്ടിരിക്കുന്ന, അണഞ്ഞുകൊണ്ടിരിക്കുന്ന ഒരു വിദൂരനക്ഷത്രത്തെച്ചുറ്റിയുള്ള ഈ അനക്കങ്ങളാണ്, നമ്മിൽ - മനുഷ്യരോ മൃഗമോ സസ്യമോ ജീവരഹിതമെന്നു നാം കരുതുന്ന പദാർത്ഥങ്ങളോ ആവട്ടെ, - നേരമെന്ന ഈ തോന്നലുണ്ടാക്കുന്നത്. അനന്തമായ ഈ നൃത്തച്ചുവടുകളാണ് നമ്മിൽ കാലമെന്ന തോന്നലുണ്ടാക്കുന്നത്. പ്രപഞ്ചത്തിന്റെ വിസ്തൃതമായ ശരീരത്തിൽ, മഹാകാശങ്ങളിൽ, ഒരു പ്രത്യേക സ്ഥാനത്തുവച്ച് ഈ നൃത്തത്തിൽനിന്നു നാം വേർപെട്ടുവെന്നാൽ, ഒന്നു നിശ്ചലമായെന്നുവന്നാൽ, നമ്മുടെ നേരത്തോന്നൽ പൊടുന്നനെ മാഞ്ഞില്ലാതാവുന്നതറിയാം. ഉടഞ്ഞ മൺകുടത്തിലെ വെള്ളം പോലെ നമ്മുടെ കാലങ്ങൾ നമ്മിൽനിന്ന് വാർന്നുപോകുന്നതറിയാം. നോക്കു, നമ്മുടെ സാരമല്ലാത്ത തീരെച്ചെറിയ കാലമാപിനികളിലാണ് പുഴുവിന്റെ ആയുഷ്കാലം കാണാൻ വയ്യാത്ത വിധം ഹ്രസ്വമായിരിക്കുന്നത്. ഈയാംപാറ്റയുടെ പറത്തം അല്പ -കാലമായിരിക്കുന്നത്. ശരീരമെന്ന ഈ സമാഹാരത്തിൽ മാത്രമാണ് മരണം പോലും ഒരു വിധത്തിൽ നാം ധരിച്ചുവരുന്ന നേരത്തോന്നലായിരിക്കുന്നത്. സൂക്ഷ്മാണുക്കളുടെ ജീവിതത്തിൽ നാം എപ്പോഴേ മരണത്തെ സ്പർശിച്ചുകഴിഞ്ഞു. ശലഭങ്ങൾ, അവയുടെ ദീർഘമായ ആയുഷ്കാലത്തിനിടയിൽ ഓർമ്മിക്കുന്ന, മിന്നിമറയുന്ന രൂപങ്ങളായിരുന്നു, നാം. ഇപ്പോൾ മരത്തിൽനിന്ന് ഒരു കായ് താഴെവീഴുന്നത് കാണുന്നതു മാതിരി. നമ്മുടെ ഭാഷയൊക്കെയും നേരത്തോന്നലിൽ തുന്നിയുണ്ടാക്കിയിട്ടുള്ളതായിരുന്നു. തൊടാനും കാണാനുമാവാത്ത ഒരു ശീലയിൽ, അതിലേറെ ഭാരം കുറഞ്ഞ നൂലിഴകൾ കൊണ്ട്.

•

ഉടലിൽ

മനസ്സിനെ കല്ലും വെള്ളവും കൊണ്ട് ഉണ്ടാക്കിയിരിക്കുന്നു. പച്ചിലയും തീയും കൊണ്ട്. അല്ലെങ്കിൽ പൊടികൊണ്ടും മേഘപടലങ്ങൾ കൊണ്ടും. പദാർത്ഥത്തിൽനിന്നല്ലാതെ ഭൂമിയിൽ ഒരു വിചാരവും ഇല്ലല്ലോ. കോശങ്ങളിൽനിന്നല്ലാതെ ഉടലിൽ ഒരു വേദനയും ആനന്ദവും ഇല്ലല്ലോ. പുഴവക്കിൽ മനസ്സ് വെള്ളത്തെയും കല്ലിനെയും കണ്ടെത്തുന്നു. പുഴവക്കിൽ മനസ്സ് മറ്റൊരിടത്തായും ഇരിക്കുന്നു. മറ്റൊരിടത്താണ് എന്നറിയാൻ ഈ കരയിലിരുന്നേ മതിയാവൂ. ദുഃഖമാണെന്ന് അറിയാൻ മറ്റുള്ള വൈകാരികതകളിൽനിന്ന് അകന്നു നിന്നേ മതിയാവൂ. എങ്ങനെയാണ് നാം ഇലയിൽനിന്ന് തീയിലേക്കും മേഘത്തിൽനിന്ന് തുണിച്ചിത്രത്തിലേക്കും രതിയിൽനിന്ന് മുറിവിലേക്കും നക്ഷത്രത്തിൽനിന്ന് ജീനിലേക്കും വേഗതയാർന്നു പറക്കുന്നത് ? മനസ്സിൻറെ ആകാരങ്ങൾക്കിടയിൽ ഈ ശരീരം വർത്തിക്കുന്നത് എങ്ങനെയെന്ന് നോക്കൂ. മനസ്സ്, അതിൻറെ അനക്കം, ചിറകുകൾ, നീങ്ങിനീങ്ങിപ്പോവൽ, എല്ലാം ഈ ശരീരം കൊണ്ട് അളന്നു നോക്കൂ. കല്ല് എപ്പോഴാണ്, ഏതിടത്തുവച്ചാണ് വെള്ളമായിത്തീർന്നത് ? കല്ലിൻറെ ശരീരമെന്നു നാം തിരിച്ചറിയുന്ന അതിരുകൾ, ആകൃതികൾ, വർണ്ണബന്ധങ്ങൾ ഏതിടത്തുവച്ചാണ് വെള്ളത്തിൻറെ അതിരും ആകൃതിയും നിറവുമായി കലരുന്നത് ? പകരുന്നത് ? ആ വിധമാണ് മനസ്സിൻറെ പകർച്ചകൾ എന്ന് ആലോചിച്ചുനോക്കൂ. പുഴ എല്ലായിടത്തും എല്ലായ്പ്പോഴും പുഴവല്ലാതിരിക്കുന്നതുപോലെ, മനസ്സ് എല്ലായിടത്തും എല്ലായ്പ്പോഴും ഒന്നായി നിലനിൽക്കുന്നില്ല. മനസ്സിനെ കാണുന്ന പ്രാണനാവട്ടെ എല്ലായിടത്തും എല്ലായ്പ്പോഴും നമുക്കുള്ളിൽ ഇരിക്കുന്നു. അത് എപ്പോഴും മനസ്സിൻറെ മിടിപ്പുമനക്കവും നമുക്ക് കാട്ടിത്തരുന്നു. ഉള്ളിലും പുറത്തുമൊരുപോലെ വെളിച്ചം കൊള്ളുന്ന ഒരു കണ്ണാടിയാണ് നാ,മുടൽ. കണ്ണാടിയുടെ ഉള്ളിലും കണ്ണാടിയുടെ പുറത്തും കണ്ണാടി ഇല്ലാത്തതുപോലെ, വെളിച്ചം, പ്രാണൻ, നമ്മെ ഉരുവാക്കിയിരിക്കുന്നു.

•

സസ്യകോശങ്ങൾ

സസ്യങ്ങൾ പ്രകാശത്തോടും ഇരുളിനോടും സംസാരിക്കുന്നു. ഒരു ശരീരഭാഷയിൽ ആണത്. പ്രകാശത്തിന്റെ, ഇരുളിന്റെ, കണങ്ങളോട് സസ്യകോശങ്ങൾ ഒരു ബന്ധമുണ്ടാക്കുന്നു. കോശങ്ങൾക്കുള്ളിൽ പ്രകാശനിഴൽക്കണങ്ങളെ അറിയുകയും കടന്നുപോവുകയും ചെയ്യുന്നു. നമ്മുടെ ഉടലിൽ വന്നുചേരുന്ന മുഴുവൻ കണങ്ങളെയും നാം അറിയുകയും കടന്നുപോവുകയും ചെയ്യുന്നുണ്ടോ ? പ്രകാശത്തിന്റെ, നിഴലിന്റെ, പദാർത്ഥങ്ങളുടെ, ആകാശത്തിന്റെ, മരണങ്ങളുടെ, എല്ലാമെല്ലാം കണങ്ങളെ ? നാമത് ഇതുവരെ സൂക്ഷ്മമായി നോക്കിക്കണ്ടിട്ടില്ല എന്നാവാം. ദുഃഖം എങ്ങുനിന്നാണ് വന്നുചേരുന്നത് ? ആനന്ദം എവിടെനിന്നുണ്ടാകുന്ന ? ഏകാന്തത ? നിഗൂഢമായ ഇടങ്ങളും നേരങ്ങളും ? മറവി പോലും എങ്ങനെ വരുന്നു ? നമ്മുടെ ശരീരത്തിന് പുറമില്ല, അകവുമില്ല. എന്നാൽ ഒരു സമാഹാരം പോലെ പ്രപഞ്ചത്തിന്റെ ചലനത്തിൽനിന്നൊരു ചെറിയ ഭാഗത്തെ നാം നമ്മുടെ ഉടലെന്നു കരുതി ചേർത്തുപിടിക്കാൻ ശ്രമിച്ചു. പ്രാണനാകട്ടെ നമ്മുടേതെന്നോ അപരരുടേതെന്നോ തോന്നാതെ എല്ലായിടത്തും പരന്നുകൊണ്ടിരുന്നു. നമ്മുടെ ഈ ഉടലിൽ കോടാനുകോടിയായ കോശങ്ങളിൽ, നാം പ്രപഞ്ചത്തിന്റെ ദുഃഖവും ആനന്ദവും ഏകാന്തതയും മറവിയും കണ്ടെത്തുന്നു. നമ്മെ വന്നു തൊടുന്നതായി, നമ്മെ പൊതിയുന്നതായി, നമ്മെ വിട്ടുപോകുന്നതായി പ്രപഞ്ചകണങ്ങളെ കണ്ടെത്തുന്നു. നമ്മുടെ കോശങ്ങൾ ആ കണങ്ങളോട് സംസാരിക്കുന്നു. അവയിൽ തൊട്ടുനോക്കുന്നു. അവയിൽ കലരുന്നു. അവയിൽ മായുന്നു. എല്ലാം സൂക്ഷ്മകാലം കൊണ്ട്. ഞൊടിയിടയിൽ. നമ്മുടെ കോശങ്ങൾക്കുള്ളിൽ ധൃതിയിൽ വന്നുപോകുന്ന ഈ മിന്നലുകളാണ്, ഒരുപക്ഷേ, കവിത.

•

നിഴൽ

ഉപരിതലങ്ങളുടെ ഭാഷയാണ് നിഴലുകൾ. പ്രപഞ്ചത്തിൽ നാം കാണുന്ന പദാർത്ഥങ്ങളുടെയെല്ലാം മേൽപ്പരപ്പിൽ, ഓരോ പദാർത്ഥവും ഒരൊഴുക്കിൽ ആണെന്ന ധാരണയിൽ, വീണുകിടക്കുന്ന, നിഴലുകൾ. ഒരിക്കലും അവ നിശ്ചലമായില്ല. നിഴലിന്റെ വേരുകൾ പുറപ്പെട്ടുവരുന്ന നക്ഷത്രം എപ്പോഴും നീങ്ങിക്കൊണ്ടിരിക്കുന്നതിനാൽ. അല്ലെങ്കിൽ ഈ കാണുന്ന കരയും ഭൂമിയും ഭൂമിയെ പൊതിഞ്ഞ വാനവും എല്ലാം നീങ്ങിക്കൊണ്ടിരിക്കുന്നതിനാൽ. ആ വെളിച്ചം വസ്തുക്കൾക്ക് മീതെ വീഴുന്നു. വസ്തുക്കൾക്ക് ആകാരമേകുന്നു. അവയ്ക്ക് മറുപുറം ഉണ്ടാക്കുന്നു. നിഗൂഢതയ്ക്കുള്ള ഇടം നൽകുന്നു. വസ്തുക്കൾക്ക് നിഴൽ എന്ന ഭാഷയുണ്ടാകുന്നു. ഇലകളിൽ, ജന്തുക്കളിൽ, പൂക്കളിൽ, എല്ലാം അതെഴുതുന്നു, അതിൻറെ ലിപി. ഒരു നൃത്തം പോലെ നിഴലുകൾ നമ്മെയുണ്ടാക്കുന്നു. ഈ ഉടലിന്റെ വളവുതിരിവുകൾ, ഈ നിറം. ഈ സങ്കടങ്ങളെയും ഈ ദാഹത്തെയും അവ കാട്ടിത്തരുന്നു. നാം നമ്മിൽത്തന്നെ മറഞ്ഞിരിക്കുന്നു. നേരം മാറിമാറിപ്പോകുന്നത് നോക്കി നിൽക്കുന്നു. വസ്തുക്കളുടെ ഈ കാണായ പ്രപഞ്ചമിപ്പോൾ ഒരു വലിയ പ്രവാഹത്തിന്റെ മറ്റൊരലയിൽ ഇളകിക്കൊണ്ടിരിക്കുന്നു. ഈ വെള്ളത്തിൽ, എന്നാൽ ഇളകാതെ, സന്ധ്യ കലരുന്നു. നിഴലുകൾക്ക് കട്ടിയേറി ഇരുളായിത്തീരുന്നു. മങ്ങിമങ്ങിമറയുന്ന കാണലിൽനിന്ന് നാം പതുക്കെ വേർപെടുന്നു. ഉടലാകെയും കണ്ണുകളായിത്തീർന്നെന്ന പോലെ, എല്ലാം പതുക്കെ കാണാൻ തുടങ്ങുന്നു. ഈ പുറവും മറുപുറവും ഒന്നെന്നു തോന്നുന്നു. മരത്തിന്റെ ഉള്ളിലും പുറത്തും രാക്കിളികൾ ചേക്കേറുന്നു. വെള്ളത്തിനുള്ളിലും പുറത്തും തണുത്ത കാലം ആഴുന്നു. ഇരുട്ടിലാണ് വെള്ളം അതിൻറെ ഉടലിലേക്ക് മടങ്ങിയെത്തുന്നു. അകന്നകന്നുപോകുന്ന വെളിച്ചത്തിന്റെ പടലങ്ങൾ നോക്കിനിൽക്കുന്നു, ഈ കുളം, ഈ തടാകം, ഈ കടൽവെള്ളം. ഇരുട്ടിലാണ് വെള്ളത്തിൽ ഭൂമി മുഴുവനായും കണ്ണാടിനോക്കുന്നു. ചുറ്റിലും വളരുന്ന പ്രാണികൾ - കല്ല്, ചീവീടുകൾ, കായ്കനികൾ, മൃഗം, പൂക്കൾ, മരപ്പൊത്തുകൾ - വെള്ളത്തിൽ സ്വയം കണ്ടെത്തുന്നു. നിറമോ ആകൃതിയോ ആയിട്ടല്ല, വെള്ളത്തിൽ ഒരു ചെറുവലയമായി, ശ്വാസത്തിന്റെ തരിയായി. ഇരുളിലാണ് ഭൂമിയെപ്പൊതിഞ്ഞ പ്രപഞ്ചകോശങ്ങൾ സ്വയം കാണുന്നു. ഉള്ളിലായിരിക്കെ പുറത്തെന്ന പോലെ. പുറവുമുള്ളും മാഞ്ഞുകഴിഞ്ഞെന്നാലും പിന്നെയും വെറുതെ നോക്കിനിൽക്കുന്നു, അകലങ്ങൾ, കാലങ്ങളിൽനിന്നു വേർപെട്ട ദൂരദിക്കുകൾ.

•

നാം പദാർത്ഥങ്ങളിൽ കണ്ടുമുട്ടുന്നു

നാം പദാർത്ഥങ്ങളെ കണ്ടുമുട്ടുന്നു. രൂപമോ നിറമോ ആയി. നിഴലോ രുചിഗന്ധങ്ങളോ ആയി. അല്പകാലം നാമവിടെത്തന്നെ നിൽക്കുമെങ്കിൽ, നിശ്ചലരാവുമെങ്കിൽ, പദാർത്ഥങ്ങളിൽ നാം തൊടാൻ തുടങ്ങുന്നു. നമ്മുടെ ശരീരം പദാർത്ഥങ്ങളോളം അഴിഞ്ഞുചെല്ലുന്നു, അലയുന്നു, കലരുന്നു. പിന്നെയും നേരം കടന്നുപോകുമെങ്കിൽ, കടന്നുപോകുന്ന നേരത്തെ നാം നോക്കിനിൽക്കുമെങ്കിൽ, നമുക്ക് കാതുകൾ പിറക്കുകയും പദാർത്ഥങ്ങളെ നാം കേൾക്കാൻ തുടങ്ങുകയും ചെയ്യുന്നു. എന്താണവ നമ്മോട് പറയാൻ തുടങ്ങുന്നത്? എല്ലാ വാക്കുകളും ഒരിക്കൽ ശബ്ദങ്ങളായിരുന്നു. അർത്ഥമാകുന്നതിനു മുമ്പ്, ആ ശബ്ദങ്ങൾ ഓരോ പദാർത്ഥത്തിലും നിന്ന് ഉറവെടുത്തുവന്നു. തീയിൽനിന്ന്. വെള്ളത്തിലും കല്ലിലുംനിന്ന്. മുറിവിലും ഏകാന്തതയിലും മരണങ്ങളിലുംനിന്ന്. ആ ശബ്ദങ്ങൾ നമുക്കുള്ളിൽ വീണു മുഴക്കങ്ങളായി. ദീർഘമായി തുടരുന്ന വലയങ്ങളുണ്ടാക്കി മാഞ്ഞുപോയി. വീണുപോയ കല്ല് പിന്നെയൊരിക്കലും നാം കണ്ടെത്തുകയില്ല. അടിത്തട്ടിലേക്ക് നമുക്ക് ഒരിക്കലും ചെന്നു നോക്കാനുമാവില്ല. പദാർത്ഥങ്ങൾ നമ്മോട് മിണ്ടുന്നു. അവ ഉച്ചരിക്കുന്ന ശബ്ദങ്ങൾ നമുക്കുള്ളിൽ വീഴുന്നു, മുഴങ്ങുന്നു, അലകളാകുന്നു, ആ വലയങ്ങൾ നാലുപാടും അകന്നകന്നുമായുന്നു. പദാർത്ഥങ്ങൾ എന്താണ് പറഞ്ഞത്? എങ്ങുനിന്നാണ് ആ ശബ്ദങ്ങൾ പുറപ്പെട്ടുപോന്നിരിക്കുക? എങ്ങുനിന്നുമല്ല; നമുക്കുള്ളിൽനിന്നുതന്നെ. നാം അതുവരെയും കണ്ടുമുട്ടിയിട്ടില്ലാത്ത, നമുക്കുള്ളിലെ ദിക്കുകളിൽനിന്ന് നാം തന്നെ ഉച്ചരിക്കുന്ന ശബ്ദങ്ങളാണവ. പതിനായിരം കൊല്ലം പിറകിൽനിന്ന് നാന്നൂറു കൊല്ലം പിറകിൽനിന്ന് വരുന്നു, അവ. ഒരുപക്ഷേ പതിനാറുനാൾ കഴിഞ്ഞ് നാം ഉച്ചരിച്ചേക്കാവുന്നതും ആവാം. പദാർത്ഥങ്ങൾ എപ്പോഴും ശബ്ദങ്ങളായിരിക്കുന്നു. കാണുന്ന, തൊടുന്ന, നമുക്കു മുമ്പിൽ ആയിരിക്കുന്ന, നേരത്ത് നാമതു കേൾക്കാൻ ആരംഭിക്കുന്നു.

•

നീളൻപുല്ലുകൾ വളരുന്നു

നീളൻപുല്ലുകൾ വളരുന്നു. നാരുകൾ ചുറ്റിയതുപോലുള്ള ചെറിയ കൂടുകൾ പുല്ലിൻ തണ്ടുകളിൽ പറ്റിപ്പിടിച്ചുനിന്നു. പതിനായിരം കൂടുകൾ. അത്രതന്നെയും ചെറുകിളികൾ. കാറ്റത്ത് ഇളകുന്ന കരയാകെയിളകുന്ന കൂടുകൾ. മുട്ടകൾ തമ്മിൽ തൊടാതെ നോക്കുന്നു കൂടിനുള്ളിൽ പഞ്ഞിത്തുണ്ടുകൾ. ഇലകൾ. പുല്ലിനിടയിൽ നഗ്നമായ പാറകൾ. ഇരുണ്ട നിറത്തിൽ. സുഷിരങ്ങളോടെ. ദൃഢമായ ഉറക്കത്തിലേക്ക് ചാഞ്ഞുകൊണ്ട്, അടിത്തട്ടുകളെ മറയ്ക്കുന്നു. പുല്ലിനിടയിൽ അകലംവിട്ട് കുറ്റിച്ചെടിപ്പൊന്തകൾ, ഒരാൾക്കുയരത്തിൽ വളരുന്ന ഇരുൾ. കറയിറ്റുന്ന ചില്ലകൾ. വെളുത്തും തീനിറമായും പൂവ്. മണമാറാത്ത രാത്രിയിൽ അവ പാട്ടുണ്ടാക്കുന്നു. പാട്ടിൻറെ ആദ്യത്തെ വരി. പാട്ടിന്റെ ഒടുവിലത്തെ വരി. ഇടയിൽ തിങ്ങിനിറഞ്ഞു നീങ്ങുന്ന കാറ്റുകൾ. പുല്ലിനിടയിൽ മാളങ്ങളുടെ വായ. അടയാത്ത ഭൂതകാലങ്ങൾ അതിൻറെ വക്കിൽ വന്ന് പുറത്തേക്കു നോക്കിനിന്നു. നിഗൂഢമായ ഒരു നൂലിഴ തമ്മിൽ പിണഞ്ഞു പടർന്ന് ലോകത്തിൻറെ അറ്റത്തേക്ക് പോകുന്നു. ഓരോ കൂടുക്കിലും മൃഗങ്ങൾ ഇണയാർന്നും മുറിവാർന്നും ദഹിച്ചലയുന്നു. ചെറുതീൻപണ്ടങ്ങൾ വലിച്ചിഴച്ചു കൊണ്ടുപോകുന്നു. ഇരുട്ടിനു മീതെക്കൂടി വലിയ പക്ഷികൾ. കാൽനഖങ്ങളിൽനിന്നോ ചുണ്ടുകളിൽനിന്നോ ഈ കായ്കൾ വീണുകിടക്കുന്നു. ഈ ഇറച്ചിത്തുണ്ടുകൾ. ഈ മണികൾ. ഈയിഴത്തുവലുകൾ. പുല്ലിനിടയിൽ എല്ലാ നാളിലും ഒരാൾ വന്ന് കുഴിയെടുത്തു. തുമ്പ ഉയർന്നുതാണു. ചുവന്ന മണ്ണിൽ സന്ധ്യയുടെ മുറുകിയ പിടച്ചിൽ. ഉന്തുവണ്ടിയിൽ വലിച്ചുവന്ന ശവം കുഴിയിലേക്ക് മറയുന്നു. മടങ്ങുന്നു. ഓരോ പകൽത്തിരിവിലും ആവർത്തിക്കുന്നു. മഴവെള്ളം അയാളെയും മണ്ണിനെയും കൈവണ്ടിയേയും നനച്ചു. ശവം, ഒട്ടും നനയാതെനിന്നു. പുല്ലിനിടയിൽ ഒരു നാഗമിഴഞ്ഞുപോയി. പുല്ലിനിടയിൽ ദൂരത്തീവണ്ടിയുടെ ഒച്ചയും വെളിച്ചവും വീണു. പുല്ലിനിടയിൽ ഒരാൾ കരയുന്നു. ആയിരം കൊല്ലമായി ആ കരച്ചിൽ വീണുവീണ് ആ പാറകൾ കുഴിഞ്ഞിരിക്കുന്നു. എവിടെയോനിന്ന് ഈ തീത്തരി. ഈ നാളം. ആളിയുയരുന്ന തീയ്. പുൽമേട് മൂടുന്നു. പുകയരുന്നു. പ്രാണനുള്ളവയെല്ലാം പാഞ്ഞുപോകുന്നു. പൊള്ളുന്നു. എല്ലും മുടിയുമിറച്ചിയും വേവുന്നു. ഉണങ്ങിയ കായിൻതോടുകൾ കിലുങ്ങിക്കൊണ്ടിരുന്നു. പൊട്ടിയടരാതെ അവയ്ക്കുള്ളിൽ വിത്തുകൾമയങ്ങുന്നു. ആറിത്തണുക്കുന്ന മണ്ണിലൂടെ ഒരു പുഴുവരിക്കുന്നു. അതിൻറെ വിശപ്പ് പുല്ലിലും വായുവിലും പുകമണത്തിലും അലഞ്ഞു. എകരമുള്ള പുല്ലിനിടയിൽ ഈ ചതുപ്പ്. വറ്റാതെയും മായാതെയും നിന്നു. ദേശാടനക്കാരായ കിളികൾ ആ കണ്ണാടിയിൽ കൊത്തിനോക്കുന്നു. ഒരീണം എല്ലാറ്റിനെയും തൊട്ടുതൊട്ടു നീങ്ങി. ഭൂമിയുടെ നിഴൽ അവയെ മായ്ച്ചു.

മറുപാതിയിലേക്ക്

പ്രഭാതമോ പ്രദോഷമോ എന്നറിയാതെ ഇരുളാർന്ന ഒരു സന്ധ്യയിൽ, വെളുത്ത ശീലയിൽ പൊതിഞ്ഞ് ഒരാളെ ചുമന്ന കൊണ്ടുപോകുന്നു. തുളുമ്പുന്ന വെള്ളം. ഒരു മൺകുടം. ഒരു തീപ്പന്തം. അതോ കൈവിളക്കോ. അവർ പറമ്പിന്റെ അദൃശ്യമായ മറ്റേയറ്റത്തേക്ക് നടക്കുന്നു. ഭൂമിയുടെ മറുപാതിയിലേക്ക് പോകുന്നു. ഇരുണ്ട ശിഖരങ്ങളിൽ വളർന്ന കൂണുകൾ പോലെ— അത്രയും ഓർക്കുന്നു. ഓർമ്മയുടെ നിഴലിനുള്ളിലൂടെ ഒരു കിളിക്കരച്ചിൽ— സന്ധ്യയുടെ അതേ അരണ്ട പ്രകാശത്തിലൂടെ. കിളിക്കരച്ചിൽ ഇവിടെ, ഈ നനഞ്ഞുകുതിർന്ന മരങ്ങളിലും ചെടികളിലും പുൽത്തലപ്പുകളിലും തൊട്ടു. ഈ മേൽക്കൂരയിലെ ഓടിനുമീതെയും കിണറ്റുവെള്ളത്തിലും ഈയലുകൾ പൊന്തുന്ന മണ്ണിലും തൊട്ടു. മഴയും പെരുംകാറ്റും ഇരുണ്ട കാറും നീങ്ങിനീങ്ങിയകന്നതിനു ശേഷം ഈ വീടിനു ചുറ്റിലും തങ്ങിനിൽക്കുന്ന തണുപ്പിലും നനവിലും കിളിയുടെ വിളി വന്നുവീഴുന്നു. കാലങ്ങൾ തൊടാതെ, ആകൃതിയോ ആവൃത്തിയോ തെല്ലും മാറാതെ, അത് എല്ലാ കാതുകളിലും ചെന്നെത്തുന്നു. തകർന്നുവീണ ചില്ലകളിലും അവയിൽ പറ്റിച്ചേർന്നിരുന്ന കൂണുകളുടെ നേർത്ത ഉൾച്ചുമരുകളിലും വായുവിൽ ഉയരുന്ന അവയുടെ ഗന്ധത്തിലും ഇപ്പോൾ കാതുകളുണ്ട്. അവ തുറന്നിരിക്കുന്നു. കിളിയെ അകലങ്ങൾക്കപ്പുറത്തുനിന്ന് അവ കേൾക്കുന്നു. എവിടെയാണത് ? എവിടെയാണതിൻറെ മറുകിളി ? അവ രണ്ടിനുമിടയിൽ എത്ര ദശലക്ഷം പ്രാണനും പദാർത്ഥവും ആ ശബ്ദതരംഗങ്ങളെ തൊട്ടുനോക്കുന്നു? കിളിയുടെ ശബ്ദം ഈ വീടിനെ കടന്നുപോകുന്നു. എന്റെ ഉടലിനെ കടന്നുപോകുന്നു. ചുടലയെ കടന്നുപോകുന്നു. കൂട്ടുകളെയും ഇൗവലുകളെയും കടന്നുപോകുന്നു. ആ കിളിക്കരച്ചിൽ ഒരിടത്തും തങ്ങുകയില്ല, ഏതോ ഒരു ദിക്കിൽ ഏതോ ഒരു ചില്ലയിൽ അതിൻറെതന്നെ മിടിപ്പിൽ ചെന്നെത്തും വരെ. പ്രകാശത്തേക്കാൾ വേഗത്തിൽ, മൂർച്ചയിൽ.

●

വാർന്നുവാർന്നു പോകുന്ന ചായങ്ങൾ

വാർന്നുവാർന്നു പോകുന്ന ചായങ്ങൾ; ചിറകുകളിൽനിന്ന്, ഉടലിൽനിന്ന്, ഇലകളിലും ഇതളുകളിലും നിന്ന്, തൊലിപ്പാടയിൽനിന്ന്, ദൂരത്തേക്ക് പോയിമറയുന്ന ചായങ്ങൾ. ജീവിതത്തിൻറെ ഏറ്റവും ഉള്ളിൽ ഒരിടത്ത് ആയിരിക്കുമ്പോൾ നമ്മിൽനിന്ന് വാക്കുകളും ശബ്ദങ്ങളും നഷ്ടപ്പെട്ടു പോകുന്നതുപോലെ പച്ചവാർന്നിലകൾ. ഞരമ്പുകൾ മാത്രം അവശേഷിച്ചു. കരിനിറമായ മണ്ണിൽ, കുറ്റൻ മരങ്ങളുടെ തടിയിലും ചില്ലകളിലും വെളുത്ത ചായം ഞരമ്പുകൾ പടർത്തി വളരാൻ തുടങ്ങി. പൂപ്പലിന്റെ തരികൾ. ആ നിറം മരണത്തിന്റെ ആനന്ദമായിരുന്നു. മരണം തന്നെയും ഭൂമിയുടെ ആനന്ദമായിരുന്നു. ഓരോ നിമിഷവും അത് വേരു വളർത്തിയും തെഴുത്തും നിറങ്ങൾക്കു മീതെ ഒരു പുതപ്പുവിരിച്ചു. എല്ലാ നിറങ്ങളും ഒരു നേരം എത്തിച്ചേരുന്ന കരയായി, അത്. വെളുത്ത ചായമെന്നു പറയാമോ? ഒരു ഒഴിവ്. ഇല്ലായ്മ. നിറങ്ങൾ വാർന്നുവാർന്നുണ്ടായിത്തീർന്ന ഒരു കര. ഒരു ഇലയുടെ മീതെ വീണു പറ്റിച്ചേർന്നു കിടക്കുന്ന വേറൊരു ഇല. അഴുകുകയും അലിയുകയും ചെയ്യുന്ന നിറങ്ങൾ. നക്ഷത്രങ്ങളുടേതല്ലാത്ത ഒരു പ്രകാശം അപ്പോൾ ഭൂമിക്ക് കൈവരുന്നു. ഭൂമി, നിശബ്ദതയുടെ അകത്ത് തിളക്കം വയ്ക്കുന്നു. ഓരോ കോശസ്തരവും പൊട്ടിച്ചുരുണ്ടുപോകുന്നു. ഓരോ കോശവും വറ്റിയുണങ്ങുന്നു. ഓരോ നാരും കണ്ണിയകന്ന് അഴിഞ്ഞുലയുന്നു. കൂട്ടിയിണക്കിപ്പിടിച്ചതെല്ലാം വിട്ടകന്നു പോകുന്നു. ഓർമിച്ചതും അറിഞ്ഞതും കരുതിവച്ചതും പൊയ്പ്പോകുന്നു. പ്രപഞ്ചമിപ്പോൾ ഈ വെളുത്ത ഞരമ്പുപടലങ്ങളിലേക്ക് മാത്രം നോക്കി നിൽക്കുകയായി. വീഴുന്ന വെള്ളം, വെളിച്ചവുമിരുളും, അവയെക്കൂടി കഴുകുന്നു. മൃദുവാക്കുന്നു. വെളുത്ത നിറത്തിൽനിന്ന് മെല്ലെമെല്ലെ വെളുത്ത നിറവും വാർന്നുപോകുന്നു. ഞരമ്പുകൾ ഉണ്ടായിരുന്നിടത്ത് പ്രാണന്റെ നിഴൽ മാത്രമാകുന്നു. പിന്നെ, അതും കലരുന്നു, ഇരുളാർന്ന ഭൂമിയിൽ.

•

പച്ചിലകളുടെ ഓർമ്മ

ഒരു വിദൂരനക്ഷത്രത്തിൽനിന്നു വരുന്ന പ്രകാശവും ഈ ഭൂമിയുടെ ഗർഭത്തിൽനിന്നു വരുന്ന ഇരുളും തമ്മിൽ പുണർന്ന് ഈ നേർത്ത ശീല. പ്രാണന്റെയും മരണത്തിൻറേയും ഊടുപാവുകൾ ചേർന്ന് ഈ പച്ചിലകൾ, ഈ തളിരുകൾ, ഈ തെഴപ്പുകൾ. ഹരിതകത്തിന്റെ രഹസ്യപൂർണ്ണമായ ദ്രവം. നക്ഷത്രരാശികളുടെ നിഗൂഢമായ തീയ്. ഇലയെന്നാൽ ഇലകുന്നത്, തെളിച്ചമാർന്നത്. ഭൂമിയ്ക്കുമാകാശത്തിനുമിടയിൽ പച്ചനിറമാർന്ന ശീല, ശോഭയോടെ പരിക്രമം ചെയ്യുന്നു. കണമായും കോശമായും കലയായും രൂപച്ഛായകളായും വൃക്ഷാകാരങ്ങളായും പായലായും പൂവായും മൃഗമായും പുഴവായും ഷഡ്പദമായും പറവയായും സൂക്ഷ്മാണുവായും ഈ ശീലയുടെ പകർച്ചകൾ, ഈ ഇടനിലങ്ങളിൽ. ഈ മണ്ണിന്നിരുളില്ലാതെ അസാധ്യം ഈ നെയ്ത്ത്. അകലങ്ങളുടെ അനുകമ്പയില്ലാതെ അസാധ്യം ഈ പുതപ്പ്. ഇലകൾ, അനാദിയായ ഒരു ഓർമ്മയുടെ നിറം. മുറിവിൽ പിഴിഞ്ഞു പാർന്ന നീരിന്റെ തണുത്ത ആഴങ്ങൾ. നനഞ്ഞ കൈവിരലിലും ഉള്ളുടലിലും കലർന്ന മണം. ഈ കനം കുറഞ്ഞ പരുത്തിത്തുണിയുടെ ഭാരക്കുറവിൽ തൊട്ടുനോക്കൂ; ഭൂമിയുടെ ആദ്യ നാളിലെ പച്ചിലകളുടെ ഓർമ്മയും നിറവും വറ്റിപ്പോകാത്ത ഗന്ധവും പറ്റിപ്പിടിച്ചിരിക്കുന്നു.

-

പാർപ്പ്

മരണമൊരു പൊളി തുറന്നുതന്നു. വാതിൽ പോലെ. ഒരറയുടെ. അതിനകത്ത് കയറുമ്പോൾ മറ്റൊന്ന്. മറ്റൊരറയുടെ അടഞ്ഞ വാതിൽപ്പൊളി. അതും തുറന്നു. വീണ്ടും ഉള്ളിലെയുള്ളിലെയറകൾ. അറകളുടെ വാതിലുകൾ. വാതിലുകൾ കടന്ന് പിന്നെയും ഉള്ളിലേക്കു പോയി. ഓരോ അറയിലും ജീവിച്ചിരിക്കുന്ന സ്ഥലങ്ങൾ; പറമ്പും പാടവും കുളവും കുറ്റൻ മരങ്ങളും. ഓരോ അറയിലും അലഞ്ഞുതിരിയുന്ന ചവിട്ടുവഴികൾ. കല്ലുകൾ, ഇലകൾ. ഓരോ അറയിലും പൊട്ടിച്ചെട്ടുക്കുന്ന വിറകുചുള്ളികൾ. ഓടിപ്പോകുന്ന കന്നുകുട്ടി. ഒരു നായ. ചെറിയ മീനുകൾ. കുളത്തിനെ മൂടുന്ന പായൽ. ഓരോ അറയിലും കത്തുന്ന ഉച്ചനേരങ്ങൾ. ഓരോ അറയിലും പിന്നിലേക്കും മുന്നിലേക്കും നീങ്ങുന്ന കാലങ്ങൾ. മരണമില്ലാത്ത മുഖങ്ങൾ. കൈവെള്ളകൾ. എന്തിനാണ് നാം മരണം വരെ കാത്തിരുന്നത്? എല്ലാം നാം കടന്നുപോന്ന ഇടങ്ങളായിരുന്നു. എല്ലാം നമ്മുടെ ഉടലിൽ മറഞ്ഞിരുന്നവയായിരുന്നു. മരണമാണ് അത് കാട്ടിത്തന്നത് എന്നോ ? മരണമാണ് ഓരോ അടയാളവും ഓർമ്മിച്ചു വച്ചത് എന്നോ? വിരിച്ചിട്ട ശീലയുടെ ഒരുവശത്ത് ഞാൻ ജീവിച്ചിരിക്കുന്നത് നിൻറെ അടയാളങ്ങൾ കണ്ടെത്തുവാനാകുമോ? മറുപുറം നീ എവിടെയോ മറഞ്ഞിരിക്കുന്നു. മരണമാണ് ഓരോ പൊളിയും തുറന്നത്. എന്നെ ഭൂമിയുടെ അടിയിലേക്ക് പിടിച്ചുവലിച്ചത്. കത്തുന്ന തീയിനുള്ളിൽ കൊണ്ടുനിർത്തിയത്. ആഴത്തിൽനിന്നു പൊങ്ങിവരുന്നതും കാത്ത് കരയ്ക്കു കാത്തുനിന്നത്. മരണം, വായിച്ചതു തന്നെ വീണ്ടുംവീണ്ടും വായിച്ചുകേൾപ്പിക്കുന്നു. ആദ്യം വായിച്ചതല്ല ഇപ്പോൾ കേൾക്കുന്നത്. ഓരോ വാക്കും മാറിപ്പോയിരിക്കുന്നു. എന്നാൽ എല്ലാ പൊടിപടലങ്ങളും അതേ, ഒരുപക്ഷേ അതെക്കാൾ തീക്ഷണമായ ഒരു തിളക്കത്തോടെ. നിഴലുകൾ വീഴ്ത്തിക്കൊണ്ട്. പഴക്കമാവുംതോറും നീ മരണത്തിൽനിന്ന് അകലങ്ങളിലേക്ക് പോകുന്നു. ഞാൻ അത്രയും അരികത്ത് എത്തിയിരിക്കുന്നു. നെല്ലിമരത്തിലൂടെ പോകുന്ന ഉറുമ്പുകളെ കാണുന്നു. ഇലകൾ പൊട്ടിച്ച് മണക്കുന്നു. നഖം മുറിക്കുന്നു. ഓരോ അറയ്ക്കുള്ളിലും നഖപ്പൊട്ടുകൾ വീഴുന്നു. ഓരോ അറയിലും ചില്ലുകുപ്പിയിൽ പരൽമീനുകളെ സൂക്ഷിക്കുന്നു. ഓരോ അറയിൽനിന്നും നീ വേഗംവേഗം മാഞ്ഞുപോകുന്നു. മറ്റൊരറയുടെ മുമ്പിൽ മറ്റൊരു പൊളി തുറക്കുന്നത് എനിക്ക് കാണാം. അതിനകത്തു നീ എപ്പോഴും പാർക്കുന്നു.

-

ദാഹം

അലയാനുള്ള ദാഹം പോലെയാണ് പൊത്തിനുള്ളിൽ നിശ്ചലമായി മയങ്ങുവാനുള്ള ദാഹവും. അകലങ്ങളിൽ നഷ്ടപ്പെട്ടുപോകാനുള്ള ദാഹം പോലെയാണ് ഒരു വിടവിനുള്ളിൽ സ്വയം കണ്ടെത്താനുള്ള ദാഹം. പുഴുവും ദേശാടകശലഭവും ഒരേ നൂലുകൊണ്ട് ഭൂമിയെ അളക്കുന്നു; ഭൂമിക്ക് അതിൻറെ ശ്വാസം നൽകുന്നു. ഓരോ ഇടവും വിട്ടുപോകാനുള്ള ദാഹം പോലെയാണ് ഒരേ മടിത്തട്ടിൽ ആയിരിക്കാനുള്ള ദാഹവും. വേർപെടാനുള്ള ദാഹം പോലെയാണ് കൂടിച്ചേരാനുള്ള ദാഹവും. അലയുന്ന മേഘങ്ങളും ഉതിരുന്ന നെന്മണികളും ഒരേ മിടിപ്പുകൊണ്ട് ഭൂമിയെ ഓർമിക്കുന്നു; ഭൂമിക്ക് അതിൻറെ താളം നൽകുന്നു.

•

മൺകുടം

ജന്തുവിന്റെ മുട്ടയെന്നോണം ഉള്ളിൽ ഓരോന്നിനെയും സൂക്ഷിച്ചു. പ്രാണനുള്ള ഉരുവങ്ങൾ— മനുഷ്യൻ, കിളി, ഉരഗം, പാറ്റകൾ, ധാന്യം, പൂവ്, വിത്ത്, വാക്ക്. കുടത്തിന് ഉള്ളും പുറവും ഉണ്ടായിരുന്നില്ല; ഉള്ള് പുറത്തേക്കും പുറം ഉള്ളിലേക്കും കലർന്നുകൊണ്ടിരുന്നു. ഉള്ളിൽ ഉരുവായതിനെ പുറത്തുനിന്നുമകറ്റി, എന്നാൽ വേർപ്പെടുത്താതെ വളർത്തി, വലുതാക്കി. കോശം, കലകൾ, അവയവങ്ങൾ, ആകൃതികൾ, ചലനങ്ങൾ, മിടിപ്പുകൾ. ഉപ്പുവെള്ളത്തിൽ മുങ്ങിയും പൊങ്ങിയും പ്രാണൻ. അർദ്ധതാര്യമായ ആകാശച്ചെരുവിൽനിന്ന് പിന്നെ വെളിച്ചത്തിലേക്ക് ഉടയുന്നു. കൂടുതൽ വലിപ്പമുള്ള മറ്റൊരു കുടത്തിനുള്ളിലേക്ക്. കാലവും സ്ഥലവും അടക്കം ചെയ്ത മറ്റൊരു മൺകുടത്തിലേക്ക്. അതുടയുമ്പോൾ പിന്നെയും മറ്റൊന്നിലേക്ക്. ഉടയുകയും പകരുകയും ചെയ്തുകൊണ്ട്.

•

വീട്ടിലേക്ക്

ഓരോ നിമിഷവും ഞാൻ തേടിക്കൊണ്ടിരുന്നു; ഞാൻ ഉരുവംകൊണ്ട, പിറന്ന, വളർന്ന, പിന്നീടൊരിക്കൽ ഞാൻ തീർച്ചയായും മരിച്ചുപോകുന്ന, മാഞ്ഞുപോകുന്ന, അനന്തമായ ഒഴിവിടം, ഒരു ശരീരം, ഒരു കൽപ്പിതകാലം. ഓരോ നാളിലും ഞാൻ കുന്നിൻ ചെരിവിലൂടെ, മരങ്ങൾക്കിടയിലൂടെ നടന്നു. നടപ്പിന്നിടെ കണ്ടു, വീണുകിടന്ന ശിഖരങ്ങൾ, തകർന്ന ചുള്ളിക്കമ്പുകൾ, കുണുകൾ. ഞാൻ കാതോർത്തു നിന്നു, കാണാൻവയ്യാത്ത കിളികളെയും സൂക്ഷ്മാണുക്കളെയും മേഘങ്ങളെയും. ഞാൻ തൊട്ടുനോക്കി, എൻറെ കാലിനടിയിലൂടെ കടന്നുപോകുന്ന നീർച്ചോലകളെയും നിഴലുകളെയും. ഓരോ നിമിഷവും ഞാൻ ഓർമ്മിച്ചു, ഓർമ്മിക്കാനാവാത്ത കാലത്തിനപ്പുറത്തുനിന്ന് എന്തോ ചിലത്. എന്നാൽ ഞാൻ മറന്നുപോയി, അതേപ്പറ്റി എങ്ങനെ മിണ്ടുമെന്ന്. അപ്പോഴൊക്കെ എനിക്ക് മനസ്സിലാകുന്നുണ്ടായിരുന്നു എൻറെ ഭാഷ, എൻറെ വാക്കുകൾ, എത്ര ദുർബലമാണ്. ഓരോ സന്ധ്യയിലും ഞാൻ വീട്ടിലേക്ക് മടങ്ങിപ്പോന്നു.

•

അകലമാണ് ഭാഷയുണ്ടാക്കുന്നത്. പ്രാണന്റെ രണ്ടു കുഞ്ഞറകൾക്കിടയിൽ ഒരു ചെറിയ വിടവുണ്ടായിരുന്നു, അവിടെയാണ് ഭാഷ. ചിലപ്പോൾ കാണാനാവുന്നതും മിക്കപ്പോഴുംഅദൃശ്യമായിരിക്കുന്നതുമാണ് ആ വിടവ്. ജീവകോശങ്ങളുടെ രണ്ടു ചുമരുകൾക്കും ഇടയിൽ, രണ്ടു പ്രാണികൾക്കിടയിൽ, രണ്ടു സസ്യങ്ങൾക്കിടയിൽ. ചില നേരത്ത് ഒരു പ്രാണിയും ഒരു വൃക്ഷവും, മറ്റു ചിലനേരം ഒരു കല്ലും ചുറ്റിലും വെള്ളവും. അല്ലെങ്കിൽ ഒരു പുഴ, കായൽ. ആ വിടവിലൂടെ ഒരു ശ്വാസം കടന്നുപോവുകയായി. ആ കടന്നുപോക്കിനെ, ശ്വാസത്തെയാണ് നാം ഭാഷ എന്ന് വിളിക്കുന്നത്. ഭാഷ അവിടെ സ്ഥിരമായി പാർക്കുകയില്ല. രണ്ടു പദാർത്ഥങ്ങളും അടുത്തു വരികയും വിട്ടകലുകയും ചെയ്യുന്നതിന് അനുക്രമികമായി ഭാഷയുടെ ശരീരം വിസ്തൃതമാവുകയോ ചുരുങ്ങിപ്പോവുകയോ ചെയ്യുന്നു. രണ്ടു പദാർത്ഥങ്ങളും കലർന്ന് ഒന്നായിത്തീരുമ്പോളാവട്ടെ, ആയിടം തന്നെ മാഞ്ഞുപോകുന്നു. ഭാഷാതീതമാകുന്നു. രണ്ടു ചുണ്ടുകൾക്കിടയിൽ ഭാഷയില്ല. ഇലകൾക്കും സൂര്യനും ഇടയിൽ ഭാഷയില്ല. പുഴവെള്ളത്തിനും മീനുകൾക്കുമിടയിൽ ഭാഷയില്ല. മരിച്ചവർക്കും നഷ്ടപ്പെട്ടുപോയവർക്കും ഇടയിൽ ഭാഷയില്ല. ഭാഷയില്ലാത്ത ഒരു നേരത്തിൽനിന്നാണ് കവിത ഉറവെടുക്കുന്നത്. തൊലിയ്ക്കും തൊലിയ്ക്കും ഇടയിലെ ഇടയിലായ്മയിൽ, ശ്വാസരാഹിത്യത്തിൽ, വിരലുമായലിൽ. എന്നാൽ കവിതയെ നാം മിക്കപ്പോഴും ഭാഷയിലേക്ക് കൊണ്ടുപോരുന്നു. പരസ്പരം പങ്കിടുന്നു, പകരുന്നു, അടക്കം ചെയ്യുന്നു, മറച്ചുപിടിക്കുന്നു. കവിതയിൽനിന്ന് പ്രാണന്റെ അനക്കം അങ്ങനെ നഷ്ടപ്പെട്ടുപോകുന്നു. അകലങ്ങളും വിടവുകളും നമ്മിൽ മുറിവുണ്ടാക്കുന്നു. ദുഃഖത്തിന്റെ നിഴൽ വീഴ്ത്തുന്നു. മനുഷ്യരിൽനിന്ന്, സ്ഥലങ്ങളിൽനിന്ന്, നേരങ്ങളിൽനിന്ന്, എല്ലാമെല്ലാം നാം വേർപെട്ടു പോകുമ്പോൾ നമുക്കിടയിൽ ഒരു വിടവുണ്ടാകുമ്പോൾ നമ്മുടെ ഉള്ളം വിങ്ങുന്നു, ഉടലിനു തീപിടിക്കുന്നു. നാം അലയുന്നു, നാം നഷ്ടപ്പെടുന്നു. അകലങ്ങളുടെ ആ ഇരുളിൽ കവിത വളരുന്നു. ഭാഷാതീതമായി, നിശബ്ദതയുടെ ഉള്ളിൽ പൂപ്പലിന്റെ വെളുത്ത വേരുകൾ മണ്ണിലെന്നപോലെ.

-

പുനർജ്ജനികൾ

വെളുപ്പുനിറം വെളിച്ചത്തിന്റെ ചിതറൽ. നിറമില്ലായ്മ. എല്ലാ നിറവും കലർന്ന് ഒന്നായത്. വെവ്വേറെ എന്ന വിചാരം ഇല്ലാത്തത്. വെളുപ്പ് വെളിയിടത്തിന്റെ, തുറസ്സിന്റെ ചായം. വെളിച്ചമുള്ളിടമെല്ലാം വെളിയിടങ്ങളാണ്, തുറസ്സുകളാണ്. തുറസ്സിൽ നിറാനുഭവങ്ങൾ ഉരുവാകുന്നു. ഇരുളിൽ എല്ലാ നിറവും പിൻവാങ്ങുന്നു, മറഞ്ഞുനിൽക്കുന്നു. മരിച്ചുകഴിഞ്ഞ ശരീരത്തെ വെളുത്ത ശീലകൊണ്ട് പൊതിയുകയാണ്. അതിനു ചുറ്റിലും മണ്ണ്, വെള്ളം, തീയ്. വെളിച്ചത്തിന്റെ ഓരോ ഇഴയും വേർതിരിക്കാനാവാതെ നാം അന്ധരാവുന്നു. നിതാന്തമായ ഇരുളിലാവുന്നു. വെളുപ്പ് മരണങ്ങളുടെ ചരിത്രം എഴുതുന്നു. ഭൂമിയുടെ ഉടലിനുമീതെ എപ്പോഴും ഏകാന്തമായ ഒരു നൃത്തം പോലെ വെളുപ്പ് പടർന്നു. വൃക്ഷങ്ങൾ, പ്രാണികൾ, വേരുകൾ, പാറക്കെട്ടുകൾ— എല്ലാത്തിനുമീതെയും വെളുപ്പ് പടർന്നു. കോശങ്ങളെ അഴിച്ചെടുത്തുകൊണ്ടിരുന്നു. കലകളെ വേർപെടുത്തിക്കൊണ്ടിരുന്നു. പൂപ്പലിന്റെ വെളുത്ത പാട, ഈ കരയിലാകെയും. പൂവിലോ ഇലയിലോ ചിറകിലോ അല്ല, ജീവോത്സവങ്ങളുടെ താഴത്തെപ്പടവിൽ അദൃശ്യമായിരിക്കുന്നു. തകർന്നുവീണ ശിഖരങ്ങളിൽ, പൊഴിഞ്ഞ നിഴലുകളിൽ. അഴുകുന്ന അലിയുന്ന ഉടലുകളിലെല്ലാം വെളുത്ത ഞരമ്പുകൾ നീളുകയും പിരിഞ്ഞുപോവുകയും പൂക്കുകയും ചെയ്തു. ചെറിയ തരികൾ. കുണുകൾ. നിറം കലർന്നും ഒഴിഞ്ഞും. അപരിചിത ഗന്ധങ്ങളോടെ. വിഷമായും ഔഷധമായും. അഴുകിത്തീരുന്നവയുടെ ശ്വാസത്തിൽനിന്ന് ഭൂമിക്ക് ഒരുനാൾ കൂടി ആയുസ്സ് നീട്ടിക്കിട്ടുന്നു. പ്രാചീനമായ ഈ ലിപികൾ. ഭൂമിയിൽ മൃഗത്തിനും സസ്യത്തിനും മുൻപേ തെഴുത്തുപടർന്ന പൂപ്പലുകൾ. ഇപ്പോഴും പടരുന്ന അനന്തമായ നൃത്തം. തൊടുമ്പോൾ നമ്മുടെ വിരൽത്തുമ്പിൽ പ്രാണനും മരണവും കലർന്ന തരി.

•

.

punarjjanikal © 2025 by m p pratheesh is licensed under Creative Commons Attribution-NonCommercial-NoDerivatives 4.0 International. To view a copy of this license, visit https://creativecommons.org/licenses/by-nc-nd/4.0/